# മലയാളരാജ്യം
## ആഴ്ചപ്പതിപ്പ്



THE MALAYALA RAJYAM ILLUSTRATED WEEKLY

Vol. XXII As. 2 No. 344

2nd July 1950

സിനിമാപംക്തി:

# ശബ്ദഗ്രഹണം

—✻—

ലോകത്തിൽ ആദ്യമായി ചലച്ചിത്രപ്രദർശനം നടത്തിയതു് ഫ്രവർന്ന്യൂ-ൽ ന്യൂയോർക്കിൽ വെച്ചാണ്. പ്രഥമചിത്രം ഒരു നിശ്ശബ്ദചിത്രമായിരുന്നു. അക്കൊല്ലം അവസാനത്തോടുകൂടി അമേരിക്കയിൽ പല സ്ഥലത്തും ചിത്രനിർമ്മാണം ആരംഭിക്കുകയും ചെയ്തു. തിരശ്ശീലയിൽ കാണുന്നതിനെ കൂടുതൽ സ്വാഭാവികമായി പ്രേക്ഷകഹൃദയങ്ങളിൽ പതിപ്പിക്കുവാൻ ചിത്രങ്ങൾക്കു് ശബ്ദം അത്യാവശ്യമാണെന്നു ബോദ്ധ്യപ്പെട്ടതിനെത്തുടർന്നു അതിനുവേണ്ടി ൧൯൨൨ മുതൽ ഗവേഷണനിരീക്ഷണങ്ങൾ ആരംഭിക്കുകയും ചെയ്തു. ൧൯൨൭ മേയ് മാസത്തിൽ മാത്രമാണ് "വാർണർബ്രദേഴ്സിന്റെ" പ്രഥമ സംസാരചലച്ചിത്രം പുറത്തുവന്നതു്. ആ ഒരൊററ ചിത്രത്തിന്റെ നിർമ്മാണംകൊണ്ടുതന്നെ പ്രസ്തുത കമ്പനിക്കാർ വൻപിച്ചതുക സമ്പാദിക്കുകയും ചെയ്തു. അതിനുശേഷം ലോകത്തിൽ മൂകചിത്രങ്ങളുടെ നിർമ്മാണം വളരെ ചുരുങ്ങുവാൻ തുടങ്ങി. അങ്ങിനെ ശബ്ദാലേഖനം ചലച്ചിത്രവ്യവസായത്തിൽ ഒരു വലിയ പരിവർത്തനം സൃഷ്ടിച്ചു.

സംസാരചലനചിത്രങ്ങളുടെ ഒരു പ്രധാന ഘടകമാണ് "റെക്കാർഡിങ്ങ്" അഥവാ സ്വനപ്പതിപ്പു്. സ്വനപ്പതിപ്പ് ശരിപ്പെടുത്തുന്ന യന്ത്രം വളരെ വൈചിത്ര്യമായിട്ടുള്ള ഒന്നാണ്. ഈ യന്ത്രത്തിന്റെ ഒരുവശത്തു് കാന്തശക്തിയുള്ള ഒരു കമ്പിയിൽ ഒരു കണ്ണാടി ഘടിപ്പിച്ചിട്ടുണ്ടായിരിക്കും. ആ കമ്പിയിൽ വിദ്യുച്ഛക്തിയുടെ പ്രവർത്തനമുണ്ടാകുമ്പോൾ കണ്ണാടി ചലിക്കുന്നു. കണ്ണാടിയുടെ ഈ ചലനം ഒരുവിനാഴികയിൽ ആയിരംപ്രാവശ്യമാണ്. കണ്ണാടിയുടെ മേൽവശത്തു് ഒരു ബൾബ് ഘടിപ്പിച്ചിട്ടുണ്ടാവും. ഈ ബൾബിൽനിന്നു് പ്രസരിക്കുന്ന പ്രകാശം മറെറാരു സ്ഥലത്തു പതിക്കുന്നു. ഈ പ്രകാശം പതിക്കുന്ന സ്ഥലത്താണ് "എമൽഷൻ" ലേപനംചെയ്തിട്ടുള്ള ഫിലിം ഘടിപ്പിച്ചിരിക്കുന്നതു്. ഈ ഫിലിം ചുരുളുകൾ തിരിയുന്നതിനുള്ള സജ്ജീകരണവും ചെയ്തിട്ടുണ്ട്. വിനാഴികയ്ക്കു് ഒന്നരഅടിയോളം ഫിലിം തിരിയുന്നതാണ്. സിനിമയിൽ നടീനടന്മാർ പാടുന്നതും സംസാരിക്കുന്നതും മൈക്രോഫോൺ വഴിയായി വൈദ്യുതശക്തിയായി രൂപാന്തരപ്പെട്ടു് കാന്തശക്തിയുള്ള കമ്പിയിൽ ചെന്നു ചേരുന്നു. അപ്പോൾ കണ്ണാടി ചലിക്കുവാൻ തുടങ്ങുന്നു. ബൾബിൽനിന്നുള്ള പ്രകാശം കണ്ണാടിയിൽ തട്ടി പ്രതിബിംബിക്കുമ്പോൾ എമൽഷൻ പുരട്ടിയിട്ടുള്ള ഫിലിം ചലിക്കുന്നു. തത്സമയം വെളിച്ചം തട്ടിയഭാഗം കറുപ്പായിമാറുന്നു. കറുപ്പുനിറംവീണാൽ ശബ്ദഗ്രഹണം സംഭവിച്ചു എന്നു തീരുമാനിക്കാം. ഇങ്ങിനെ തയ്യാർചെയ്തു് എടുക്കുന്ന ഫിലിമിനു് സൌണ്ട്നെഗററീവ് എന്നുപറയുന്നു. ഈ നെഗററിവിൽനിന്നാണ് ഫിലിമിലേക്കു് ശബ്ദം പകർത്തുന്നതു്.

മൈക്കിൽനിന്നു പുറപ്പെടുന്ന ശബ്ദം കണ്ണാടിയിൽകൂടി നേരെ ഫിലിമിൽ വീഴുകയില്ല. ഇതിന്റെ രണ്ടിന്റെയും മദ്ധ്യഭാഗത്തു് "മിക്സർ" എന്നൊരു സാധനമുണ്ട്. ഈ മിക്സറിന്റെ സമീപത്തു് സ്വനപ്പതിപ്പുകാരൻ സ്ഥാനമുറപ്പിച്ചിരിക്കും. അയാളുടെ തലയിൽ ഒരു ഹെഡ്ഫോൺ ഉണ്ടായിരിക്കും. മൈക്രോഫോണിൽനിന്നും വരുന്നതായ ശബ്ദം സ്വനപ്പതിപ്പുകാരൻ ഹെഡ്ഫോൺവഴി കേൾക്കുന്നു. അതിനുശേഷമാണ് വൈദ്യുതകമ്പികൾവഴി കണ്ണാടിഘടിപ്പിച്ചിരിക്കുന്ന കമ്പിയിലേക്കയയ്ക്കുന്നതു്. ശബ്ദം കൂട്ടുകയോ കുറയ്ക്കുകയോ ചെയ്യുന്നതിനാണ് ഇപ്രകാരം ചെയ്യുന്നതു്. ചിത്രം നിർമ്മിക്കുന്നതിനാരംഭിക്കുന്നതിനു മുമ്പുതന്നെ സംഭാഷണവും സംഗീതവും റെക്കാർഡുചെയ്യുന്നു. ചിത്രം നിർമ്മിക്കുമ്പോൾ ഈ റിക്കാർഡ്ഫിലിം വേറൊരു യന്ത്രത്തിൽവെച്ചോട്ടിക്കുന്നു. ഈ യന്ത്രത്തിനു് "പ്ലേബാക്ക്" എന്നുപറയുന്നു. ഈ യന്ത്രത്തിന് ഇപ്പോൾ പതിവുചെയ്യപ്പെട്ടിട്ടുള്ള ശബ്ദം ഭംഗിയായി കേൾക്കുവാൻ സാദ്ധ്യമാകുന്നു. ഏതുസീനാണോ പടംപിടിക്കുന്നതു് ആ സീനിലുള്ള സംഗീതം സംഭാഷണം മുതലായവ, റെക്കാർഡുചെയ്യപ്പെട്ടിട്ടുള്ളഭാഗം യന്ത്രത്തിൽവെച്ചു് ഓടിക്കുന്നു. ഈ യന്ത്രത്തിൽനിന്നും പുറപ്പെടുന്ന പാട്ടിനോടൊപ്പം നടീനടന്മാർ പാടുകയും സംഭാഷണംചെയ്യുകയും ചെയ്യുന്നു. ഇപ്രകാരമാണ് സിനിമയിൽ ശബ്ദഗ്രഹണം നിർവ്വഹിച്ചുകൊണ്ടിരിക്കുന്നതു്. ശബ്ദഗ്രഹണം ചിത്രത്തിന്റെ വിജയത്തിൽ ഏററവും പ്രാധാന്യമർഹിക്കുന്ന ഒരു ഘടകമാണ്. സൌണ്ട് റിക്കാഡിങ്ങ് ശാസ്ത്രീയരീതിയിൽ അഭ്യസിപ്പിക്കുവാൻ പാശ്ചാത്യരാജ്യങ്ങളിലുള്ളതുപോലെ ഇന്ത്യയിൽ സ്ഥാപനങ്ങൾ ഉയർന്നുവരേണ്ടിയിരിക്കുന്നു. ഇപ്പോൾ ഇന്ത്യയിൽ ഈ കലാശാഖയിലും പുരോഗമനം സംഭവിച്ചുകൊണ്ടിരിക്കുന്നു. സമീപഭാവിയിൽ ശബ്ദഗ്രഹണവിഷയത്തിലും ഇന്ത്യൻചിത്രങ്ങൾ ഉയർന്നനിലയെ പ്രാപിക്കുന്നതാണ്.

—○—

## വാർത്തകൾ

—○—

പക്ഷിരാജ സ്റ്റുഡിയോക്കാരുടെ "പ്രസന്ന"യും ശ്രീകൃഷ്ണാപ്രൊഡക്ഷൻസിന്റെ "ചന്ദ്രിക"യും ചിങ്ങമാസത്തിൽ റിലീസ്ചെയ്യുന്നതാണ്. രണ്ടു ചിത്രത്തിന്റെയും പതിനായിരത്തിലധികം അടിയുടെ എഡിററിങ്ങ് കഴിഞ്ഞിട്ടുണ്ട്.

*  *  *

കെ. ആൻഡ് കെ. പ്രൊഡക്ഷൻസിന്റെ അടുത്ത ചിത്രം ഒരു സാമൂഹ്യകഥയായിരിക്കും. ഭാനമാല എന്ന തമിഴ് ചിത്രത്തിന്റെ ഡയറക്ടരായ ശ്രീ: വേമ്പു അയ്യരാണ് ഈ ചിത്രം സംവിധാനംചെയ്യുന്നതു്. സംഭാഷണം രചിക്കുന്നതു് മുതുകുളം രാഘവൻപിള്ളയും ഗാനങ്ങൾ എഴുതുന്നതു് അഭയദേവുമാണ്. ഉദയാ സ്റ്റുഡിയോവിലാണ് ഈ ചിത്രം നിർമ്മിക്കുന്നതു്.

*  *  *

ആലപ്പുഴ ഉദയാസ്റ്റുഡിയോവിൽ ആർ. സി. എ. റിക്കാർഡിങ്ങ്യന്ത്രം വരുത്തി സ്ഥാപിക്കുവാൻ തീരുമാനിച്ചിരിക്കുന്നു.

*  *  *

"കേരളകേസരി" എന്ന മലയാളചലച്ചിത്രത്തിന്റെ സംഭാഷണം തയ്യാർചെയ്യുന്നതിനും അഭിനയിക്കുന്നതിനുമായി ശ്രീ: മുതുകുളം രാഘവൻപിള്ള മദ്രാസിലേക്കുപോയിരിക്കുന്നു. വൈക്കംവാസുദേവൻനായർ, അക്ബർശങ്കരപ്പിള്ള തുടങ്ങിയവരെല്ലാം ഈ ചിത്രത്തിൽ അഭിനയിക്കുന്നതാണ്.

*  *  *

കോട്ടയം ജീയോപിക്ചേഴ്സും, എ. വി. എം. കമ്പനിക്കാരുംകൂടി "ശശികല" എന്ന ചിത്രം നിർമ്മിക്കുവാൻ തീരുമാനിച്ചിരിക്കുന്നു. മലയാളത്തിലും തമിഴിലും ഈ ചിത്രം തയ്യാർ ചെയ്യുന്നതാണ്.

*  *  *

൧൯൪൯-ലെ ഒന്നാമത്തെ തമിഴ്ചിത്രമെന്നു പൊതുജനസമ്മതിവാങ്ങിച്ചിട്ടുള്ള "നവജീവനം" ഡയറക്ടുചെയ്ത ശ്രീ. നാരായണൻ എന്ന രാജാജിഹാളിൽവെച്ചു ചീഫ്മിനിസ്റ്റർ ശ്രീ. കുമാരസ്വാമിരാജ, രത്നംപതിച്ച ഒരു മെഡലും ഒരു വെള്ളിക്കപ്പും സമ്മാനിച്ചിരിക്കുന്നു.

*  *  *

കൈലാസപിക്ചേഴ്സിന്റെ അടുത്ത മലയാളചിത്രമായ "ശശിയുടെ" നിർമ്മാണം താമസിയാതെ ആരംഭിക്കുന്നതാണ്. ശ്രീ: എൻ. പി. ചെല്ലപ്പൻനായരാണു കഥയുടെ രചയിതാവു്. അദ്ദേഹവും ചിത്രത്തിൽ അഭിനയിക്കുന്നതിനു ഇടയുണ്ട്.

*  *  *

ജെമിനിയുടെ മംഗള എന്ന ഹിന്ദിചിത്രത്തിൽ അഭിനയിക്കുന്നതിനു "മധുബാല" എന്ന ഉത്തരേന്ത്യൻ നടി മദ്രാസിൽ എത്തിയിരിക്കുന്നു.

*  *  *

ഇന്ത്യൻ പ്രധാനമന്ത്രി പണ്ഡിററ് ജവഹർലാൽ നെഹ്റുവിന്റെ തിരുവിതാംകൂർ കൊച്ചി പര്യടനം ഇന്ത്യാഗവൺമെൻറിന്റെ ഫിലിം യൂനിററുകാർ ഫിലിം ചെയ്തതു അടുത്തുതന്നെ പ്രദർശിപ്പിച്ചുതുടങ്ങുന്നതാണ്. സർദാർജിയുടെ സന്ദർശനം ഫിലിം ചെയ്തതു് ഇപ്പോൾ പ്രദർശനം ആരംഭിച്ചിട്ടുണ്ട്.

*  *  *

അസോഷ്യേററഡ് പിക്ചേഴ്സുകാരും കൊച്ചി രാജകുടുംബത്തിലെ ചില തമ്പുരാക്കന്മാരും കൂടിച്ചേർന്നു ഒരു മലയാളചിത്രം നിർമ്മിക്കുവാൻ തീരുമാനിച്ചിരിക്കുന്നു.

*  *  *

തിരുവതാംകൂർ കൊച്ചി ഐക്യസംസ്ഥാനത്തെ "ടെമ്പററി" സിനിമാശാലകളുടെ ലൈസൻസ സിനിമാ വ്യവസായികളുടെ നിവേദനഫലമായി മൂന്നുമാസത്തേക്കുകൂടി അനുവദിച്ചിരിക്കുന്നു.

*  *  *

എൻ. എസ്. കൃഷ്ണന്റെ "മനമകൾ" എന്ന ചിത്രത്തിന്റെ നിർമ്മാണം ന്യൂട്ടോണിൽ ആരംഭിച്ചിരിക്കുന്നു. "സുപ്രഭ" എന്ന മലയാളം ഡ്രാമയുടെ തമിഴ് തർജ്ജമയാണ "മനമകൾ."

*  *  *

ധാർപ്രൊഡക്ഷൻസ് തയാർചെയ്യുന്ന ശിരോമണി എന്ന തമിഴ്ചിത്രം ബോംബെയിലുള്ള "ജാഗ്രതി" സ്റ്റുഡിയോവിൽ നിർമ്മാണം ആരംഭിച്ചിരിക്കുന്നു. കുമാരി, ശകുന്തള, റംഗുൺ രാമമ്മ തുടങ്ങിയവരാണ ചിത്രത്തിൽ അഭിനയിക്കുന്നതു്.

*  *  *

എം. എൻ. പ്രൊഡക്ഷൻസുകാർ "പഴക്കാരി" എന്ന ചിത്രത്തിന്റെ നിർമ്മാണം ആരംഭിച്ചിരിക്കുന്നു ടി. ആർ. മഹാലിംഗം, ടി. എ. ജയലക്ഷ്മി എന്നിവർ ഈ ചിത്രത്തിൽ അഭിനയിക്കുന്നു.

*  *  *

ജൂപ്പിററർ തയ്യാർ ചെയ്തുകൊണ്ടിരിക്കുന്ന "റാണി" എന്ന ചിത്രം തമിഴിലും ഹിന്ദിയിലും നിർമ്മിക്കുന്നതാണ. "ലൈസ് ആഫ് കാർമൻ" എന്ന ഇംഗ്ലീഷ് കഥയുടെ ഒരു അനുകരണമാണ ഈ ചിത്രം.

*  *  *

രാംനാഥ് ആൻഡ് ശേഖർ തയാർചെയ്യുന്ന "മർമ്മയോഗി" "റാബിൻഹുഡ്" എന്ന ഇംഗ്ലീഷ് കഥയോടു ബന്ധപ്പെട്ടിട്ടുള്ളതാണ്. ഈ ചിത്രം "ഉദയഭാനു" എന്ന പേരിൽ ഹിന്ദിയിലും നിർമ്മിക്കുന്നതാണ്.

*  *  *

ശ്രീമതി പിക്ചേഴ്സ് തയ്യാർചെയ്യുന്ന "മെജ്ഡിഡി" എന്ന ചിത്രത്തിൽ ഷക്കൂർ, കണ്ണൻ ദേവി തുടങ്ങിയ പ്രശസ്ത താരങ്ങൾ അഭിനയിക്കുന്നതാണ്.

—○—



കൊല്ലത്തുവെച്ചു നടന്ന ഹിന്ദുമഹാമണ്ഡലം സമ്മേളനത്തിൽ സംഗീതക്കച്ചേരിനടത്തിയ ഗാനഭൂഷണം തിരുവല്ലാ കെ. ഭാർഗ്ഗവിഅമ്മ. ഈ വിദുഷിയുടെ സംഗീതം സദസ്സിന്റെ മുക്തകണ്ഠമായ പ്രശംസയ്ക്കു് പാത്രീഭൂതമായി.

## ഗണിതപ്രശ്നം

—○—

അദ്ധ്യാപകൻ

ഒരുവനു് പതിനായിരം ചതുരശ്രവാരം വിസ്തൃതിയുള്ള സമചതുരമായ ഒരു കൃഷിസ്ഥലം ഉണ്ട്. അതിന്റെ നാലിൽ ഒരുഭാഗം സ്ഥലം ത്രികോണാകൃതിയിൽ (താഴെകൊടുത്തിരിക്കുന്നപ്രകാരം) സ്വന്തം കൃഷിക്കുവെച്ചുംകൊണ്ട് ശിഷ്ടമുള്ള സ്ഥലം നാലുപാട്ടക്കാർക്ക് സമമായി ഭാഗിച്ചുകൊടുക്കുന്നു. അവർക്കു കൊടുത്ത ഭാഗങ്ങൾ ഒരേ ആകൃതിയിലുള്ളതും ഓരോന്നും വിടവില്ലാത്ത എലികെ അതിരു്, യോട്കൂടിയതുമാകുന്നു. ആ കൃഷിസ്ഥലം വിഭജിച്ചിരിക്കേണ്ടുന്നതെങ്ങനെയെന്നു് ഒരു പരിലേഖം വരച്ചു കാണിക്കുക.




## വിഷയവിവരം

—○—


| | പേജ് |
|---|---|
| 1. സിനിമാപംക്തി | 2 |
| 2. ഗണിതപ്രശ്നം—അദ്ധ്യാപകൻ | 2 |
| 3. കൊറിയൻയുദ്ധം | 3 |
| 4. ഈ ആഴ്ചയിലെ നക്ഷത്രഫലം — തകഴി കെ. രാമവാര്യർ | 4 |
| 5. നീറുന്ന നക്ഷത്രം (കവിത) — എം. പി. പണിക്കർ | 4 |
| 6. ഉഗ്രസത്യങ്ങൾ (കവിത) — പുത്തൂർ എൻ. ദിവാകരൻ | 4 |
| 7. ഏ. കെ. ഗോപാലൻകേസും നിയമപ്രശ്നങ്ങളും — പ്രൊ: പി. എസ്. അച്യുതൻപിള്ള | 5 |
| 8. ഏററവും നല്ലഭാര്യ — മൂർക്കോത്തു കുഞ്ഞപ്പ | 6 |
| 9. ഒരു കാർഷികാഹ്വാനം — കെ. എസ്. നീലകണ്ഠം | 7 |
| 10. ചിത്രങ്ങൾ | 8, 9 |
| 11. ജ്ഞാനത്തിന്റെ വളർച്ച — പി. ദാമോദരൻപിള്ള | 10, 11 |
| 12. കാർട്ടൂൺ | 12 |
| 13. ബാലപംക്തി പി. ആർ. കെ. നായർ | 12 |
| 14. ബാർബർഷാപ്പിൽ (ചെറുകഥ) — പി. ശ്രീധരൻനായർ | 13 |
| 15. ഭൂമിശാസ്ത്രത്തിനു ഒരു മുഖവുര — സർദാർ ചാത്രാത്തു് കുഞ്ഞിരാമൻനായർ | 14 |
| 16. ഗ്രന്ഥവിചാരം | 15 |
| 17. ശബരിമലയിൽ ബാലാലയപ്രതിഷ്ഠ | 16 |


മുഖചിത്രം:—

തൃശ്ശിനാപ്പള്ളിയിലെ ശ്രീരംഗനാഥക്ഷേത്രം

—○—



ബർസാത്തിൽ രാജ്കപ്പൂറും നർഗീസ്സും.

# മലയാളരാജ്യം

## ആഴ്ചപ്പതിപ്പ്

| പുസ്തകം ൨൨ | കൊല്ലം, ൧൧൨൫ മിഥുനം ൧൮-ാംനു ഞായറാഴ്ച 2nd July 1950. | ലക്കം ൩൮ |
|---|---|---|

# കൊറിയൻയുദ്ധം

## മൂന്നാംലോകമഹായുദ്ധത്തിൻെറ നാന്ദിയോ?

### യുദ്ധത്തിൻെറ പശ്ചാത്തലം

റഷ്യൻ സ്വാധീനത്തിലുള്ള ഉത്തരകൊറിയായും അമേരിക്കൻ സ്വാധീനത്തിലുള്ള ദക്ഷിണകൊറിയായും തമ്മിലുള്ള യുദ്ധം വലിയ ശക്തികൾ തമ്മിലുള്ള യുദ്ധത്തിനും അങ്ങിനെ ഒരു മൂന്നാംലോകമഹായുദ്ധത്തിനും ഇടയാക്കുമോയെന്നതാണു യഥാൎത്ഥ പ്രശ്നം. കയ്യേററത്തെപ്പററിയുള്ള മുറവിളികൾ എത്തുതന്നെയായാലും യുദ്ധം പരിമിതപ്പെടുത്തുവാനുള്ള കരുത്തു് ഐക്യരാഷ്ട്രസംഘടനയ്ക്കുണ്ടോ എന്നതിൻെറ ഒരു യഥാൎത്ഥപരീക്ഷണമായി ഈ സംഭവവികാസത്തെ പരിഗണിക്കേണ്ടിയിരിക്കുന്നു. ഈ പരീക്ഷണത്തിൽ ലോകസംഘടനയ്ക്കു വിജയം കൈവരുത്തുവാൻ സാധിക്കുന്നില്ലെങ്കിൽ അതു ദുർഭാഗ്യമായിരിക്കും. കഴിഞ്ഞ യുദ്ധത്തിൽ ആററംബോംബാക്രമണത്തിനു വിധേയമായ ജപ്പാൻതന്നെ ഒരു ഹൈഡ്രജൻബോംബാക്രമണത്തിനും വിധേയമാകുക എന്നതു് അചിന്ത്യമാണു്. സമാധാനമാണോ യുദ്ധമാണോ വേണ്ടതെന്നു വലിയ ശക്തികൾ നിർണ്ണയിക്കേണ്ട മുഹൂൎത്തമാണു സമാഗതമായിരിക്കുന്നതു്. വലിയ ശക്തികൾക്കു ഏതാണു വേണ്ടതെന്നു അടുത്ത ചില ദിവസങ്ങളിൽ പസിഫിക്കിലെ സംഭവഗതികൾ വെളിപ്പെടുത്താതിരിക്കുകയില്ല.

കമ്യൂണിസ്റ്റു് അധീനത്തിലുള്ള ഉത്തരപ്രദേശത്തെ റിപ്പബ്ലിക്കൻ ദക്ഷിണപ്രദേശവുമായി വേർതിരിക്കുന്ന കൊറിയായിലെ മുപ്പത്തിഎട്ടാം സമാന്തരരേഖ ശീതയുദ്ധത്തിലെ ഏററവും വിപൽക്കരമായ അതിർത്തികളിൽ ഒന്നായി പരിഗണിക്കപ്പെട്ടിരുന്നു. ഏതാനും മാസങ്ങളായി ഈ അതിർത്തി സംഘട്ടനങ്ങളുടെയും മത്സരങ്ങളുടെയും ഒരു മേഖലയായി പരിണമിച്ചിരുന്നു. ദക്ഷിണകൊറിയായുടെ തലസ്ഥാനമായ സോളിൽനിന്നു ൩൫ മൈൽ വടക്കാണു് ഈ അതിർത്തി സ്ഥിതിചെയ്യുന്നതു്. ഉത്തരകൊറിയായുടെ തലസ്ഥാനം പിയാങ്ങിയാങ്ങു് ആണു്. റഷ്യയും അമേരിക്കയും തമ്മിൽ യുദ്ധകാലത്തുണ്ടാക്കിയ ഒരു കരാർ അനുസരിച്ചു് രണ്ടായി പിളർക്കപ്പെട്ട കൊറിയ ജപ്പാനീസ് അധിനിവേശത്തിൽനിന്നുള്ള വിമോചനത്തിനുവേണ്ടി അഞ്ചുകൊല്ലങ്ങൾക്കു മുമ്പുതന്നെ മുറവിളികൂട്ടിയിരുന്നു. ൧൯൧൦-ൽ കൊറിയ പിടിച്ചടക്കിയ ജപ്പാൻ രണ്ടാംലോകമഹായുദ്ധത്തിൽ കൊറിയൻ വിഭവശക്തികൾ പൂൎണ്ണമായ അളവിൽ വിനിയോഗിക്കുകയും ജപ്പാനിൽ ജോലിക്കായി അഞ്ചുലക്ഷത്തോളം കൊറിയന്മാരെ സമാഹരിക്കുകയും ചെയ്തു. അക്കാലത്തു് ചൈനയിൽ അഭയംപ്രാപിച്ചിരുന്ന കൊറിയാക്കാരെല്ലാം ചേർന്നു അവിടെ ഒരു താല്ക്കാലിക കൊറിയൻഗവൺമെൻറു് സ്ഥാപിക്കുകയും ചെയ്തു. ൧൯൪൩-ൽ നടന്ന കെയ്റോ കാൺഫറൻസിൽ ജപ്പാൻെറ പരാജയത്തിനു ശേഷം കൊറിയ യഥാകാലം ഒരു സ്വതന്ത്രരാജ്യമായിത്തീരണമെന്നു് ബ്രിട്ടനും ചൈനയും യുണൈറഡ് സ്റ്റേറ്റ്സും സമ്മതിച്ചിരുന്നു. എന്നാൽ ൧൯൪൫-ൽ നടന്ന രണ്ടാമത്തെ മാസ്ക്കോ കാൺഫറൻസിൽ കൊറിയായെ വലിയ നാലു ശക്തികളുടെ ട്രസ്റ്റീഷിപ്പിൽ വയ്ക്കണമെന്നു തീരുമാനിച്ചു. രണ്ടാം ലോകമഹായുദ്ധത്തിൽ ജപ്പാൻെറ പരാജയത്തോടെ സൈനികമായ ഔചിത്യമെന്ന നിലയിൽ റഷ്യ ൩൮-ാം സമാന്തരരേഖയ്ക്കുവടക്കുള്ള പ്രദേശത്തിൻെറയും അമേരിക്ക ആ രേഖയ്ക്കുതെക്കുള്ള പ്രദേശത്തിൻെറയും കീഴടക്കലുകൾ സ്വീകരിക്കുകയുണ്ടായി.

അതിനുശേഷം ഈ രണ്ടു പ്രദേശങ്ങളേയും ഏകോപിപ്പിക്കുന്നതിനുനടന്ന ശ്രമങ്ങൾ പരാജത്തിൽ കലാശിച്ചു. ഉത്തരപ്രദേശത്തു റഷ്യാക്കാർ ഭൂവുടമപരിഷ്കാരവും ഏകകക്ഷിസമ്പ്രദായവും നടപ്പിലാക്കി. അതേയവസരത്തിൽ ദക്ഷിണപ്രദേശത്തു അമേരിക്കർ സ്വകാൎയ്യോദ്യമങ്ങൾക്കും ഡെമോക്രസിക്കും പ്രോത്സാഹനം നൽകി.

കൊറിയ ഏകദേശം ബ്രിട്ടനോളം വലിപ്പമുള്ള ഒരു രാജ്യമാണു്. അവിടുത്തെ ജനസംഖ്യ മൂന്നുകോടിവരും. എൺപത്തയ്യായിരം ചതുരശ്രമൈൽ വിസ്തീർണ്ണമുണ്ടു്. ചൈനീസ്‌ലിപിയിൽ എഴുതുന്ന ടാർട്ടാർ, മംഗോൾ, ജപ്പനീസ് എന്നീഭാഷകളുടെ ഒരു സങ്കലിതഭാഷയാണു് അവരുടേതു്. സമരതന്ത്രപ്രാധാന്യമുള്ള ഒരു രാജ്യമെന്നനിലയിൽ കൊറിയ മഞ്ചൂറിയായ്ക്കും ജപ്പാനുമിടയിലുള്ള ഒരു പാലമാണു്. അതുപോലെതന്നെ ശത്രുകൈവശത്തിലിരിക്കുന്ന ഒരു കൊറിയ ജപ്പാൻെറനേൎക്കു ചൂണ്ടിയിരിക്കുന്ന ഒരു പീരങ്കിപോലെയുമായിരിക്കും. മുഖ്യമായും ഒരു കർഷകരാജ്യമായ കൊറിയായുടെ വിളവുകൾ അരിയും ബാർളിയും ഗോതമ്പുമാണു്. അവിടെ ചില ധാതുദ്രവ്യങ്ങളുമുണ്ടു്. ജനങ്ങളിൽ ൭൦-ശതമാനവും കൃഷിക്കാരാണു്. ഇവരുടെ ജീവിതത്തോതു് വളരെ മോശവുമാണു്. കൊറിയായുടെ ജനസംഖ്യയിൽ മൂന്നിൽ രണ്ടു ഭാഗവും ദക്ഷിണകൊറിയായിലാണു്. രണ്ടാം ലോകമഹായുദ്ധം കഴിഞ്ഞിട്ടും റഷ്യനും അമേരിക്കനും അധിനിവേശസേനകൾ അവിടെ തുടൎന്നു പാളയമടിച്ചിരുന്നു. അപ്പോൾമുതൽക്കെ ഉത്തരപ്രദേശത്തിൻെറയും ദക്ഷിണപ്രദേശത്തിൻെറയും അതിർത്തികളിൽ ചില്ലറ സംഘട്ടനങ്ങൾ ഉണ്ടായിട്ടുണ്ടു്. ൧൯൪൮-ഡിസംബറിൽ റഷ്യൻ അധിനിവേശസേനകൾ ഉത്തരകൊറിയായിൽനിന്നു പിന്മാറി. അതോടെ ദക്ഷിണകൊറിയായിൽനിന്നു അമേരിക്കൻസേനയ്ക്കും പിന്മാറാതെ നിവൃത്തിയില്ലെന്നായി. വളരെ വൈമനസ്യത്തോടുകൂടിയെങ്കിലും ൧൯൪൯ ജൂണിൽ അമേരിക്കൻ സേന ദക്ഷിണകൊറിയായിൽനിന്നു പിന്മാറി.

അധിനിവേശസേനകളുടെ പിന്മാററത്തോടെ അതിർത്തിസംഘട്ടനങ്ങൾ ഒന്നിനൊന്നു വൎദ്ധിച്ചുവരികയും ചിലപ്പോൾ അവ ഗൌരവമായ രൂപം അവലംബിക്കുകയും ചെയ്തിട്ടുണ്ടു്. കഴിഞ്ഞവർഷം സഹസ്രക്കണക്കിനു ഉത്തരകൊറിയാക്കാർ ദക്ഷിണപ്രദേശത്തിലേയ്ക്കു നുഴഞ്ഞുകയറിയതായും ഇവർ ഉത്തരഭാഗത്തുനിന്നുള്ള ആക്രമണസൈന്യത്തിൻെറ മുൻപംക്തി ആയി




തീരുന്നേക്കുമെന്നും ഒരാശങ്ക അമേരിക്കൻ പ്രകടിപ്പിച്ചിരുന്നു. ഉത്തരകൊറിയായിൽ ഒരു "പീപ്പിൾസ് ഗവൺമെൻറു്" സ്ഥാപിച്ചപ്പോൾ ദക്ഷിണകൊറിയായിൽ ഒരു ഡെമോക്രാററിക്ക് റിപ്പബ്ലിക്കും സ്ഥാപിതമായി.

ഉത്തരകൊറിയൻ സൈന്യം ദക്ഷിണകൊറിയായുടെ ൮൦൦൦൦ ഭടന്മാരെ അപേക്ഷിച്ചു് ൧൨൦൦൦൦ ഭടന്മാരുള്ള ഒന്നാണെന്നു കണക്കാക്കപ്പെടുന്നു. ഇതു് ഇരട്ടിബലമാണു്. ദക്ഷിണകൊറിയായ്ക്കു വിമാനസേനയോ ടാങ്കുസേനയോ ഇല്ലെന്നിരിക്കെ ഉത്തരകൊറിയൻസേനയ്ക്കു ചെറിയ ഒരു വിമാനസേനയും ഒരു വാഹനസേനയുമുണ്ടു്. നാവികബലം മിക്കവാറും തുല്യമാണെന്നുതന്നെ പറയാം. ഉത്തരകൊറിയൻ സൈന്യം റഷ്യൻ പരിശീലനത്തിനു വിധേയമായതാണെന്നും ദക്ഷിണകൊറിയൻ സൈന്യം അമേരിക്കൻ പരിശീലനത്തിനു വിധേയമായതാണെന്നും വിചാരിക്കപ്പെടുന്നു.

അധിനിവേശസേനകളുടെ പിന്മാററത്തിനുശേഷം രണ്ടു പ്രദേശങ്ങളുടെയും ഒരു സംയോജനത്തിനുവേണ്ടി ഉത്തരകൊറിയ അടിയ്ക്കടി നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുകയും ദക്ഷിണകൊറിയൻ ഗവമ്മെൻറിനെ തകിടംമറിക്കുവാൻ ജനങ്ങളോടാഹ്വാനം നടത്തുകയും ചെയ്തുപോന്നു. ഉത്തരപ്രദേശത്തുനിന്നു ഈയിടെ മൂന്നു ദൂതന്മാർ സംയോജനത്തിനുള്ള നിർദ്ദേശങ്ങളുംകൊണ്ടു് ദക്ഷിണപ്രദേശത്തേയ്ക്കു കടന്നതായി പറയപ്പെടുന്നു. ദക്ഷിണകൊറിയൻ അധികൃതർ അവരെ അറസ്റ്റുചെയ്തതായി റിപ്പോർട്ടുണ്ടായിരുന്നു. പിന്നീടുകേട്ടതു് അവരിൽ രണ്ടുപേർ ദക്ഷിണകൊറിയൻപക്ഷത്തേയ്ക്കു മാറിയെന്ന വാൎത്തയാണു്. ഇവരുടെ മൂവരുടെയും മോചനം ആവശ്യപ്പെട്ടുകൊണ്ടു് ഉത്തരകൊറിയൻ ഗവമ്മെൻറു് സംയോജനത്തിനുവേണ്ടി രാഷ്ട്രവ്യാപകമായ ഒരാഹ്വാനം നടത്തി. ഉത്തരകൊറിയ ദക്ഷിണകൊറിയൻറിപ്പബ്ലിക്കിൻെറ പ്രസിഡൻറായ സിംഗ്മൻറീയേയും അനുയായികളേയും രാജ്യത്തിൻെറ ഐക്യത്തിനു എതിരായി അമേരിക്കൻസാമ്രാജ്യഭൂതപ്രതാപിപ്പുങ്ങൾക്കു കൂട്ടുനില്ക്കുന്നവരാണെന്നു അധിക്ഷേപിച്ചു. അങ്ങനെയാരംഭിച്ച പ്രചരണസമരം ഒടുവിൽ ഒരു സായുധസംഘട്ടനത്തിൽ കലാശിക്കുകയാണു് ചെയ്തിരിക്കുന്നതു്. സംയോജനത്തിനായുള്ള നിർദ്ദേശങ്ങൾ തിരസ്കരിക്കപ്പെട്ടതിനെത്തുടൎന്നാണു് ഉത്തരകൊറിയൻസേനകൾ അതിർത്തിലംഘിച്ചു് ദക്ഷിണയുടെ നേൎക്കുള്ള ആക്രമണമാരംഭിച്ചതു്. ഈ ആക്രമണത്തിൽ ഉത്തരകൊറിയ ലക്ഷത്തിലധികം ഭടന്മാരെയും ഒരു നല്ല ടാങ്കുസൈന്യത്തേയും ചെറിയ ഒരു വിമാനസൈന്യത്തേയും നാവികസൈന്യത്തേയും വിനിയോഗിച്ചുവരുന്നതായി അമേരിക്കൻ സൈനികനിരീക്ഷകന്മാർ കരുതുന്നു. ഈ ആക്രമണങ്ങൾക്കെല്ലാം സഹായകമായി ദക്ഷിണകൊറിയൻ സേനകൾക്കു പിന്നിൽ ഒളിപ്പോരു ഭടന്മാരെ ഇറക്കിയതായും റിപ്പോർട്ടുചെയ്യപ്പെട്ടിട്ടുണ്ടു്. മിന്നൽവേഗത്തിലുള്ള ഈ ആക്രമണം ദക്ഷിണകൊറിയൻ തലസ്ഥാനമായ സോളിൻെറ പതനത്തിൽ കലാശിച്ചിരിക്കുന്നു. വലിയ സൈന്യബലമില്ലാത്ത ദക്ഷിണകൊറിയയുടെ ഭടന്മാർ ധീരമായി എതിൎക്കുന്നുണ്ടെങ്കിലും പിന്മാറിക്കൊണ്ടാണിരിക്കുന്നതു്. ദക്ഷിണകൊറിയായിലേയ്ക്കുള്ള ഈ തള്ളിക്കയററം ജപ്പാൻെറയും ഫോർമോസായുടേയും നേൎക്കുള്ള ഒരു ഉന്തിക്കയററത്തിൻെറ മുന്നോടിയാണെന്നു ബോദ്ധ്യപ്പെട്ട അമേരിക്കൻഗവമ്മെൻറു് ഐക്യരാഷ്ട്രസംഘടനയുടെ സഹായത്തോടുകൂടി ലോകാഭിപ്രായത്തെ ഉത്തരകൊറിയായ്ക്കും കമ്യൂണിസ്ററ് ചൈനയ്ക്കും റഷ്യയ്ക്കുമെതിരായി രൂപീകരിക്കുവാൻ തീവ്രശ്രമം നടത്തിവരുന്നു. കമ്യൂണിസ്റ്റാധിപത്യത്തിനു ജപ്പാൻ വിധേയമായാൽ പസിഫിക്ക് മുഴുവൻ നഷ്ടമായേക്കുമെന്നു് അമേരിക്കയും ബ്രിട്ടനും സഖ്യകക്ഷികളും ഭീതിപ്പെടുന്നു. പസിഫിക്കിൽനിന്നുള്ള പിന്മാററം ഏതായാലും ഒരു മൂന്നാംലോകമഹായുദ്ധം കൊണ്ടല്ലാതെ നിൎണ്ണയിക്കുവാനിടയില്ല. ആ ഒരു പരിതഃസ്ഥിതി സൃഷ്ടിക്കാതിരിക്കുവാനാണെന്ന നാട്യത്തിലാണു് അമേരിക്ക ഇന്നു് വിമാനസേനയുടേയും നാവികസേനയുടേയും പിൻതുണയും സഹായങ്ങളും ദക്ഷിണകൊറിയായ്ക്കു നൽകിയിരിക്കുന്നതു്. ജപ്പനീസ് സമുദ്രത്തിലെ ബ്രിട്ടീഷ് നാവികപ്പടയും അമേരിക്കൻ നിയന്ത്രണത്തിനു വിട്ടുകൊടുത്തതിൻെറ കാരണവും ഇതായിരിക്കാനെ തരമുള്ളു. എന്നാൽ ഇത്ര താമസിച്ചുള്ള ഈ സഹായം എന്തെങ്കിലും പ്രയോജനമുണ്ടാക്കുമോയെന്നു് സൈനികവിദഗ്ദ്ധന്മാൎക്കു സംശയമാണുള്ളതു്. കരസൈന്യത്തെ അയയ്ക്കാതെയുള്ളതാണെങ്കിലും ഈ അമേരിക്കൻ ഇടപെടൽ ഈ സമരത്തിൽ ഒരു സോവിയററു് സൈനികയിടപെടലിനു് കളമൊരുക്കുകയാണെന്നു് മനസ്സിലാക്കുവാൻ പ്രയാസമില്ല. അതു സംഭവിച്ചാൽ കിഴക്കേഏഷ്യയിലെ ശീതയുദ്ധം ഒന്നാംതരം ഒരു തീപ്പെററിയുദ്ധമായി മാറുവാനാണു് ന്യായമുള്ളതു്. അതുതന്നെയായിരിക്കും മൂന്നാം ലോകമഹായുദ്ധമായി വികസിക്കുന്നതും. ഈ അത്യാഹിതം തക്കസമയത്തു് തടയാൻ ഐക്യരാഷ്ട്രസഭയ്ക്കു കഴിയുമോ എന്നതാണു് ചോദ്യം. സമാധാനപ്രിയരായ ജനങ്ങളെ അലട്ടുന്ന പ്രശ്നവും ഇതാണു്.

# ഈ ആഴ്ചയിലെ നക്ഷത്രഫലം

19-11-125 മുതൽ 25-11-125
3-7-1950 „ 9-7-1950

തകഴി, കെ. രാമവാര്യർ

**അശ്വതി**—ബുദ്ധിപൂർവ്വം പ്രവർത്തിച്ചു ബുദ്ധിമുട്ടുകൾ ഒതുക്കി വിജയത്തിലെത്തിക്കും. ചിരകാലപ്രതീക്ഷിതങ്ങളായിരുന്ന ചില ശ്രേഷ്ഠ സംഗതികൾക്കു സാദ്ധ്യതയുള്ള മാർഗ്ഗം തെളിഞ്ഞുവരും. സുപരിചിതരുടെ സഹായസഹകരണം സന്ദർഭാനുസരണം ലഭിക്കും. കുടുംബത്തിൽ കഷ്ടതകൾ കുറയും.

**ഭരണി** — മനസ്സന്തോഷകരങ്ങളായ അനുഭവങ്ങളുണ്ടാകും. പൊതുകാര്യത്തിനും പുണ്യകർമ്മങ്ങൾ എന്നിവയ്ക്കു പണവും സമയവും വിനിയോഗിക്കും. അധികൃതകാര്യങ്ങൾക്കായി സഞ്ചരിച്ചു ചില കഷ്ടതകൾ സഹിക്കേണ്ടതായി വരും.

**കാർത്തിക** — സ്വാതന്ത്ര്യമായ പെരുമാറ്റം കൊണ്ടു സ്വജനവിരോധവും മനഃക്ലേശവും വ്യവഹാരാദികളാൽ അതിവ്യയവും അശ്രദ്ധകൊണ്ടു നഷ്ടവും ഉണ്ടാകും. നീർവീഴ്ചയോ ഉദരരോഗമോ പിടിപെടും.

**രോഹിണി** — ഉന്നതവ്യക്തികളുടെ ആനുകൂല്യം നേടും. അർഹമായ അവകാശങ്ങൾ സ്ഥാപിച്ചു വിജയം കരസ്ഥമാക്കും. സംഘടനാപരമായ കാര്യങ്ങളിൽ പ്രവേശിക്കും. സുഭിക്ഷിതവും സന്തോഷവും ഉണ്ടായിക്കൊണ്ടിരിക്കും. തൊഴിലുകൾ ക്ലേശംസഹിച്ചു നടത്തും.

**മകയിരം** — അധികമായ അദ്ധ്വാനവും സഞ്ചാരവും ആരോഗ്യഹാനിക്കിടവരുത്തും. അകാരണമായി കലഹങ്ങൾ പൊട്ടിപ്പുറപ്പെടും. ഭരണകാര്യങ്ങളിൽ പല കുഴപ്പങ്ങളുമുണ്ടാകും. നാനാപ്രകാരത്തിൽ പണച്ചെലവും കാര്യവ്യാകുലതയും സംഭവിക്കും.

**തിരുവാതിര** — സുഹൃത്തുക്കളുടെ സഹായസഹകരണവും അധികൃതരെക്കൊണ്ടു കാര്യലാഭവും ലേഖനനിപുണതയാൽ പ്രയോജനവും പ്രശസ്തിയും വ്യാപാരപുരോഗതിയും ഗൃഹസുഖവും ഉണ്ടായിരിക്കും.

**പുണർതം** — ആലോചനക്കുറവിനാൽ നഷ്ടവും അന്യരിൽനിന്നു അപവാദവും അപമാനവും ക്രൂരമായ പെരുമാറ്റപ്രവൃത്തിയാൽ സ്വജനവൈരവും അസ്വൈരതയും അസ്വാസ്ഥ്യവും സംഭവിക്കും.

**പൂയം** — കുഴപ്പമേറിയ പല സംഗതികളാൽ മനസ്സമാധാനം ലഭിക്കാതെ ചിന്താഗ്രസ്തനായി കഴിഞ്ഞുകൂടും. ജലദോഷം സന്താനങ്ങൾക്കു അരിഷ്ടത അനർത്ഥങ്ങൾ മുതലായ അഹിതഫലങ്ങൾ ഉണ്ടാകും. കൂട്ടുകെട്ടുകളാൽ ചില കേസുകളിൽ ഉൾപ്പെടാവുന്നതാണ്.

**ആയില്യം** — വിദ്യാഭ്യാസകാര്യങ്ങളിലും വ്യവഹാരകാര്യങ്ങളിലും അനുകൂലസാഹചര്യങ്ങളുണ്ടാകും. രാഷ്ട്രീയനേതാക്കന്മാരുടെ സഹകരണസമ്മേളനത്തോടുകൂടി പല കാര്യങ്ങളും ശരിപ്പെടുത്തും. എന്നാലും ഗൃഹസുഖം കുറവായിരിക്കും.

**മകം** — അലസത വ്യാപാരനഷ്ടത്തിനിടവരുത്തും. സാഹസികയത്നങ്ങൾ പലതും പ്രവർത്തിക്കും. ഒന്നും പൂർണ്ണഫലത്തിലും പ്രയോജനത്തിലും എത്തുകയില്ല. പല ഇനത്തിലായി പണംവന്നു മറിഞ്ഞുകൊണ്ടിരിക്കും. എല്ലാ കാര്യത്തിലും ഒരു ഭീതിയുണ്ടാകും.

**പൂരം** — സന്താനങ്ങൾക്കു സന്തോഷകരങ്ങളായ അനുഭവങ്ങളുണ്ടാകും. കൂടുതൽ ചുമതലയുള്ള പല കാര്യങ്ങളിലേർപ്പെടും: ബുദ്ധിപരമായ പ്രവർത്തനത്താൽ പ്രയോജനവും പ്രശസ്തിയും ധനവും ആർജ്ജിക്കും. അല്പം ചില രോഗാദ്യരിഷ്ടത കാണും.

**ഉത്രം** — പ്രതീക്ഷപോലെ പരിശ്രമത്തിനു പ്രയോജനവും പ്രതിഫലവും ലഭിക്കയില്ല. ഗൃഹത്തിൽ പല വിഷമതകളും ഉദയംചെയ്യും. വ്യാപാരങ്ങൾ മന്ദഗതിയിലാകും. പണക്കുഴപ്പം കാണും.

**അത്തം** — അവിചാരിതമായി പല പ്രവൃത്തികളിൽ വിജയവും പല ആപത്തുകളിൽനിന്നും അപകടങ്ങളിൽനിന്നും അകന്നു നില്ക്കുവാനുള്ള അവസരം ഈശ്വരാധീനതകൊണ്ടു സമാഗതമാവുകവും നിയമജ്ഞന്മാരുടെ സഹായസഹകരണം ലഭിക്കയുംചെയ്യും

**ചിത്തിര** — ബന്ധുക്കളുടെ സഹായസഹകരണത്തോടുകൂടി പല നല്ല കാര്യങ്ങൾ നിർവ്വഹിക്കുവാൻ കഴിയും. ഉന്നതവ്യക്തികളുടെ സ്നേഹം സമ്പാദിക്കും. ഗൃഹകാര്യങ്ങൾ ശരിയായി വഹിക്കും, വ്യവസായപുഷ്ടിയുണ്ടാകും ശരീരസുഖം കാണും. ചില ചതിവുകൾ നേരിടും.

**ചോതി** — ശത്രുക്കൾനിമിത്തം കാര്യവിഘ്നവും നഷ്ടവും കാര്യസാദ്ധ്യതയ്ക്കു പല വൈഷമ്യങ്ങളും കളത്രവിഷയകമായ മനഃപീഡയും ഉണ്ടായിരിക്കും. സംഘടിതമായ മൈത്രീബന്ധം പുലർത്തും; ഗൃഹാവശ്യങ്ങൾക്കു ചെലവു കൂടും.

**വിശാഖം** — പരിവർത്തനം ഹേതുവായി നന്മയും പ്രയോജനവും ലഭിക്കും. സന്തോഷകരമായ വാർത്തകൾ ശ്രവിക്കും. സഹായികളും സ്നേഹിതരും ഉണ്ടാകും. സന്തോഷപരമായ പരിസരം സൃഷ്ടിക്കും. പൊതുജനപിന്തുണ സിദ്ധിക്കും.

**അനിഴം** — സ്വജനങ്ങളുടെ അസ്വൈരക്കേടിനിടവരും. ഹൃദയം അനുചിതചിന്തകളാൽ പതറും. ഗൃഹസുഖം കുറയും. ഏതുകാര്യത്തിലും വ്യയം കൂടുതലായി വന്നുചേരും. ധനാഗമമാർഗ്ഗങ്ങൾ പലതും മുട്ടും വിഷമത കൂടുതലായി വരും.

**തൃക്കേട്ട** — വേണ്ടപ്പെട്ടവരെക്കൊണ്ടു കാര്യലാഭമുണ്ടാകും. സുഹൃത്തുക്കളുടെ സഹകരണത്തോടുകൂടി തൊഴിലുകൾ പുഷ്ടിപ്പെടും. പണത്തിനു ഞെരുക്കം ഉണ്ടായിരുന്നാലും കാര്യങ്ങൾ മുറയ്ക്കു നടക്കും രക്തശുദ്ധിക്കുറവിനാൽ ആരോഗ്യം കാണുകയില്ല.

**മൂലം** — അകാരണമായി അനർത്ഥങ്ങളുണ്ടാകും. വഞ്ചകരാൽ കാര്യനഷ്ടമോ നീചതയോ സംഭവിക്കും പ്രവർത്തനപരിപാടികളോടുകൂടിയ സഞ്ചാരം നടത്തും. ഏർപ്പെട്ടിരിക്കുന്ന കാര്യത്തിന്റെ വിജയത്തിനായി ഏതു സാഹസീയതയേയും അഭിമുഖീകരിക്കും.

**പൂരാടം** — പ്രവൃത്തികളിൽ ഉന്മേഷംകുറയും. അന്യരുടെ കാര്യങ്ങളിൽ അധികമായി പ്രവേശിക്കും. പണക്കുഴപ്പം ക്രമത്തിലധികമായിവരും. ആർക്കും വഴങ്ങാത്ത സ്വഭാവം കാര്യതടസ്സത്തിനിടവരുത്തും.

**ഉത്രാടം** — പൊതുകാര്യങ്ങളിൽ കൂടുതലായി പ്രവേശിക്കും. തൊഴിൽ അഭിവൃദ്ധിപ്പെടുത്തുവാനുള്ള മാർഗ്ഗങ്ങൾ ഉണ്ടാകും. കാർഷികകാര്യങ്ങളിൽ ശ്രദ്ധയേറും. ഉത്തമസുഹൃത്തുക്കളുടെ ആതിഥ്യമുണ്ടാകും. ഗൃഹത്തിൽ സന്തോഷവും സുഭിക്ഷതയും ലഭിക്കും.

**തിരുവോണം** — ചിത്തശല്യങ്ങളായ സംഭവങ്ങൾ ആശ്രിതരിൽനിന്നുമുണ്ടാകും. പ്രതീക്ഷകൾക്കു കടകവിരുദ്ധമായി പലതുംസംഭവിക്കും. അന്യരുടെ വളർച്ചയിൽ അസൂയ ജനിക്കും. അനുയോജ്യമല്ലാത്ത പ്രവൃത്തികൾ അധഃപതനത്തിനിടയാക്കും.

**അവിട്ടം** — പൊതുജനപ്രീതിയും അധികാരികളുടെ സ്നേഹവും തന്മൂലം കാര്യലാഭവും ബന്ധുക്കളെക്കൊണ്ടു സുഖവും വ്യവസായങ്ങളിൽ ആദായവുംസിദ്ധിക്കും. ഗാർഹികകാര്യങ്ങളിൽ മനസ്സുചുറ്റിപ്പിടിച്ചുകൊണ്ടിരിക്കും. അരിഷ്ടതയൊഴികയില്ല.

**ചതയം** — കായികമായും മാനസികമായും സുഖംകുറയും. സന്താനങ്ങൾക്കു രോഗാദിപീഡ കാണും. വരുമാനങ്ങൾ കുറയും. വേണ്ടപ്പെട്ടവരുടെ മൈത്രികുറയും. പ്രവർത്തനങ്ങൾക്കു അലസതവരുത്തും. കടക്കാരൻകൂടി ആയിത്തീരും.

**പൂരുരുട്ടാതി** — അവിചാരിതമായി ഒട്ടധികം പണം കൈവശംവരും. വ്യാപാരങ്ങൾ നില്പ്പത്തക്കപരിതഃസ്ഥിതികൾ വന്നുചേരും. ബുദ്ധിപൂർവ്വമായ പ്രവർത്തനവും സ്നേഹിതരുടെ സഹകരണവും അതിനിടവരുത്തുകയില്ല. കൗശലപൂർവ്വം ഏതുകാര്യവും വീക്ഷിക്കും.

**ഉത്രട്ടാതി** — വ്യവസ്ഥാപിതകാര്യങ്ങളിൽകൂടി സ്വന്തം അഭിലാഷങ്ങൾ സാധിക്കും. ആശ്രിതരുടെ ആനുകൂല്യം ദുർഘടത്തിൽനിന്നും തരണംചെയ്യുന്നതിനു സഹായിക്കും. ക്ഷതങ്ങൾ നേരിടും. സന്താനങ്ങൾ അഹിതമായിവർത്തിക്കും.

**രേവതി** — ശത്രുക്കളെ ഉണ്ടാക്കുന്ന പലകാര്യങ്ങളിലുമിടപെടും. സർക്കാർ കാര്യങ്ങളേയും പൊതുകാര്യങ്ങളേയും വിമർശിക്കും. ലുബ്ധു വളരെ കാണിക്കും. ആവശ്യങ്ങളായ പല കാര്യങ്ങളും പണത്തിന്റെ ചുരുക്കത്താൽ മാറ്റിവെയ്ക്കും. തലവേദനയുണ്ടാകും.

—o—

## നീറുന്ന നക്ഷത്രം

എം. പി. പണിക്കർ

വിദ്യുന്മഹം ചോദിച്ചു താരയോടെന്തേ ഭവൽ-
നെഞ്ചകം ചിന്താക്ലേശതപ്തമായ് മങ്ങിക്കാണ്മൂ,
ചുറ്റിനും നോക്കൂ, പ്രേമസൗന്ദര്യസാരത്തിന്റെ
നൃത്തരംഗമായ് നില്പൂ വിസ്തൃതദിഗന്തങ്ങൾ
പൊന്നുഷഃസന്ധ്യാദേവി നിർന്നിമേഷയായ് നിന്നു,
വിൺമുഖം തുടപ്പാനാ കൈകളാൽ തടവുന്നു.

ആലസ്യനിദ്രാക്ലാന്തി വിട്ടുണർന്നിളാദേവി
ആ രമ്യഗാനത്തിന്റെ യാനന്ദസ്വരംപാടൂ
ആഴിയും മന്ദാലസം ചാഞ്ചാടിനില്പൂ നിന്റെ
മാനസംമാത്രം നീറി നില്പൂവതെന്തേ മൂലം

* * * *

ആനന്ദത്തിടമ്പേ! നിൻ സൗഹൃദം വിചാരിച്ചെ-
ന്നാതങ്കചിന്താക്ലേശകാരണം കഥിക്കാം ഞാൻ
വാനിന്റെ കൈക്കുഞ്ഞായി വാണനാൾ നിന്നെപ്പോലെ
ആനന്ദഗാനത്തിന്റെ വീണവായിച്ചു ഞാനും
പ്രേമമായ മന്നെന്റെ മാനസം, നേത്രങ്ങളോ-
രാമണീയകം മാത്രം കാണുന്ന കണ്ണാടികൾ
ക്രൂരതയെന്തെന്നു ഞാനല്പവുമറിഞ്ഞീലെൻ
മാനസം ജ്വലിപ്പിച്ച സ്നേഹത്തിൻ പ്രകാശത്താൽ
ജീവിതമാഹ്ലാദത്തിൻ പര്യായമായിട്ടന്നെൻ
പൂവിളംഹൃദയത്തിൽ ഭാവനാസ്വപ്നം കണ്ടു
വെൺമുകിൽപ്പിറാവൊത്തു ലാലസിച്ചതും മുദാ
വെൺമതിക്കീറാടൊത്തു ചാഞ്ചാടിക്കളിച്ചതും
വ്യോമനാം വാനിൻമാറിൽ പാറിനിന്നു ഞാൻ വിശാ-
വിസ്തൃതസൗഭാഗ്യം കണ്ടെന്നെ ഞാൻ മറന്നതും
ഇന്നുമെൻ ഹൃദന്തത്തിൽ തങ്ങിനില്ക്കയാണെന്റെ
ഖിന്നതകൂടെക്കൂടെയുതിർപ്പിപ്പാൻമാത്രം
കാലമെൻ കൗമാരത്തിൻ മുന്തിരിച്ചഷകത്തിൽ
ചേലൊത്ത താരുണ്യത്തിന്നാസവം പകർന്നപ്പോൾ
മാമകഹൃദന്തത്തിൽ വീണവായിക്കും നവ
പ്രേമസംഗീതത്തിന്റെ മാധുര്യം മറഞ്ഞുപോയ്
ഇന്നലെവരെക്കണ്ടതൊക്കെയും വെറും പിഞ്ചു-
കുഞ്ഞിന്റെ വ്യാമോഹത്തിൻ സ്വപ്നങ്ങളായിത്തോന്നി
ഹൃത്തടം നോവിക്കുന്ന യാഥാർത്ഥ്യമോരോന്നെന്റെ
മുഗ്ദ്ധമാം മിഴികളിൽപ്പെട്ടു ഞാൻ നടുങ്ങവേ
പുഞ്ചിരിപ്രകാശത്തിൽ കണ്ടു ഞാൻ കണ്ണീരിന്റെ
നെഞ്ചകം നോവിക്കുന്ന ക്രൂരമാം കൂരമ്പുകൾ
പ്രേമത്തിൻ തുടിപ്പാർന്ന ചന്ദ്രികച്ചാറാടൊത്തു
കാമത്തിൻ കരിനിഴൽപ്പാടുകൾ ദർശിച്ചു ഞാൻ
നിത്യനിർമ്മലസ്നേഹസാരള്യമെല്ലാം മൂഢ-
ചിത്തചാപലത്തിന്റെ സങ്കല്പമായിത്തോന്നീ
പ്രത്യക്ഷത്തുടിപ്പിന്റെ പിന്നിലും കണ്ടു ഞാൻ വിൻ-
ഹൃത്തടംവാർന്നുവന്ന രക്തത്തിൻപരപ്പയ്യോ!
ആനന്ദനൃത്തംവയ്ക്കുമാഴിതന്നുള്ളിൽപ്പോലു-
മാരബ്ധവേദത്തിന്റെ ഗദ്ഗദം ശ്രവിപ്പൂ ഞാൻ
കോമളപ്രതീക്ഷയാൽ കോൾമയിർക്കൊള്ളും കൊച്ചു
കോരകങ്ങളിൽപ്പോലും കണ്ടു ഞാൻ കണ്ണീർക്കണം
പുഞ്ചിരിക്കയാണെന്നു തോന്നുമിപ്രപഞ്ചത്തിൻ
നെഞ്ചകംപോലും വെറും തീച്ചൂളയാണു സഖേ
കാലത്തിൻ കരം നിന്റെ വെണ്മയിൽ കണ്ണീരിന്റെ
കാകോളം തളിക്കുന്ന കാലുഷ്യം കലർത്തുമ്പോൾ
കാർമേഘമാകും നീയുമപ്പാഴീവിശ്വത്തിന്റെ
മാറാപ്പിന്നകംപോലും വൈകൃതം ഗ്രഹിക്കും നീ
വെൺമുകിൽസുഹൃത്തേ ഞാൻ നിർത്തട്ടെ, നീറിപ്പുക-
ഞ്ഞെന്മനോമാലിന്യങ്ങളൊന്നൊന്നായ് ദഹിക്കുമ്പോൾ
ചിന്തതൻ സ്ഫുലിംഗങ്ങൾ പാറി, മീതെ വെളിച്ചത്തെ
വെന്തെരിക്കുവാനൊക്ക തീയതിൽ ജ്വലിച്ചെങ്കിൽ!

## ഉഗ്രസത്യങ്ങൾ

പുത്തൂർ എൻ. ദിവാകരൻ

വിച്ചയായന്നെന്നിരപ്പാടുനേടിയോ-
രെച്ചിലുരുട്ടി ഞാൻ ചുണ്ടോടണയ്ക്കവേ,
"വയ്യേ! പൊറുക്കാൻ വിശപ്പു; യിർ നിർത്തുവാൻ
കൈയേകണേ, യെനിക്കെന്തെങ്കിലും പ്രഭോ!"
വിങ്ങും ഞരങ്ങലിൽ കേൾക്കയായ് പിറകിൽനി-
ന്നിങ്ങനെ—ഞെട്ടലിൽത്തെറ്റിയെൻ വാറകൾ,
ഓട്ടിൽച്ചിതറി,പ്പകച്ചു ഞാൻ നോക്കിയ-
ക്കെട്ടകോലത്തെ—യവനമാളാണപോൽ!
കട്ടിയില്ലാത്ത കുറേയെല്ലുകൾ കരി-
ഞ്ചട്ടയിലാക്കിയിടറിയിഴഞ്ഞവൻ,
എത്തിയെൻ മുമ്പിൽ—അലിഞ്ഞലിഞ്ഞെൻ മനം;
കുത്തിവലിച്ചെൻ സിരകളിൽ നോവുകൾ.
"ഉണ്ടിത്ര ചോറെന്റെ താതേ! മതിയെങ്കി-
ലുണ്ടുകൊൾകുഞ്ഞേ"ന്നമന്ദം മൊഴിഞ്ഞു ഞാൻ.
എന്തത്ഭുതം! അമ്മിഴികളുരുണ്ടുരു-
ണ്ടുന്തി; പ്പൊടിച്ചതിൽ നീളെ നീർത്തുള്ളികൾ.
വാടിച്ചുളിഞ്ഞു വിളർത്ത കവിൾത്തട്ടി-
ലോടിക്കുമിഞ്ഞുടൻ സിന്ദൂരരേഖകൾ.
ഒട്ടും തളർച്ചയില്ലാത്തസ്വരത്തിലു-
ക്കുട്ടിയൊടാത്രപമെന്നോടുരയ്ക്കയായ്
"പോരുമിതൊക്കെയെൻ കുഞ്ഞേ! വരുതിയാൽ
നേരില്ലായ്കുന്നിതിന്നു നിൻകാലുകൾ.
ഇന്നു നീ ന്നെയറിയു, ന്നതിൽക്കൂടി
മന്നിനെ, മന്നിലെപ്പൊള്ളുംവ്രണങ്ങളെ.
"ഓർമ്മയുണ്ടോ, മുമ്പൊരുച്ചയ്ക്കു നീ നിന്റെ
മാളികയിൽച്ചതുരംഗം കളിക്കവേ,
ചുട്ടവെയിലേറ്റ ദാഹിച്ചു പരവശ-
പ്പെട്ടു ഞാനിറ്റുതണ്ണീരിന്നണഞ്ഞവേ,
ആട്ടിയോടിച്ചു നീ:—"തെണ്ടിപ്പരിഷകൾ
വീട്ടുമുറ്റത്തും കയറിക്കയറ്റയോ?"
പിന്നീടു നീയൊട്ടൊതുങ്ങിയോലപ്പുര-
ത്തന്നിൽപ്പൊറുതിയായ്; യന്നൊരു രാത്രിയിൽ,
പെയ്യും പെരുമഴയേറ്റു ക്രൂരൻ മുതു-
മെയ്യുവിറങ്ങലിച്ചേറ്റം വിവശനായ്,
ഒന്നു ചുരുളാൻ കൊതിച്ചുനിൻ വാതിലിൽ
വന്നു ഞാൻ മുട്ടി—നീയന്നും കുപിതനായ്,
ചീറിപ്പറഞ്ഞു:—"പിശാചുക്കൾ രാവിലും,
കേറിക്കിടക്കാനിടം തിരികില്ലയോ?"
കാലംകടന്നു—നീ പാപ്പരായ് പട്ടിണി
കാർന്നുമുറിപ്പെട്ട ചൊറ്റക്കുടിലിലായ്.
അന്നു ഞാൻ നിരന്നാടിരന്നു പഴയൊരു
ചിന്നക്കരിക്കലം, പിച്ചവാങ്ങീടുവാൻ.
"ഇല്ല, തരാനെനിക്കൊന്നുമില്ലെ"ന്നു നീ
ചൊല്ലിമനം നൊന്തു ഭൂതസ്മൃതികളാൽ.
വിമ്മിവിതുമ്പേണ്ടതയ്യി! നീ; നമ്മളെ-
ത്തമ്മിലിടയിച്ചു വേലിയിന്നില്ലെടോ.
'ഇല്ലായ്മ'നമ്മെയിണക്കുന്നു; നാമിന്നു
പുല്ലിലും കാണുന്നു പുത്തൻ മഹിമകൾ.
കോരിത്തരിച്ചെൻ ഞരമ്പുകൾ കൺമിഴി
നീരിൽക്കുതിർന്നയ്യ—നുഗ്രസത്യങ്ങളാം......ഹാ!

# "എ. കെ. ഗോപാലൻകേസ്സും" നിയമപ്രശ്നങ്ങളും

പ്രൊഫസർ പി. എസ്. അച്യുതൻപിള്ള

നിയമം എന്നാൽ എന്തു്? നിയമസഭ പാസ്സാക്കുന്നതെല്ലാം നിയമമാകുമോ? സത്യവും നീതിയും ഉൾക്കൊള്ളാത്ത ചട്ടങ്ങളെ 'നിയമ' പരിധിയിൽ ഉൾപ്പെടുത്താമോ? അവയ്ക്കു് നിയമപ്രാബല്യം നൽകാമോ? ഓരോ ചട്ടത്തിന്റെയും നീതിവ്യവസ്ഥയെപ്പറ്റി തീരുമാനിക്കേണ്ടതാരാണു്? നിയമസഭ പാസ്സാക്കുന്ന നിയമങ്ങളുടെ നീതിവ്യവസ്ഥയെപ്പറ്റി ഗുണദോഷവിമർശനം നടത്തി നിയമസാധുത്വം നൽകുന്നതിനുള്ള അധികാരം രാജ്യത്തെ നീതിന്യായകോടതികൾക്കുണ്ടോ? ഒരു ചട്ടം ശരിയോ തെറ്റോ, എന്നു് തീരുമാനിക്കേണ്ട പരമാധികാരം ജനപ്രാതിനിധ്യം വഹിക്കുന്ന നിയമസഭയ്ക്കാണോ ഉള്ളതു്. അതോ, രാജ്യത്തെ പരമാധികാരകോടതിയായ സുപ്രീംകോർട്ടിലാണോ സ്ഥിതിചെയ്യുന്നതു് എന്നീ അതിപ്രധാനപ്രശ്നങ്ങൾ ഭാരതസുപ്രീംകോർട്ടിന്റെ മുൻപാകെ, മി. എ. കെ. ഗോപാലന്റെ കേസ്സിൽ ഉന്നയിക്കപ്പെടുകയുണ്ടായി.

നിയമപ്രകാരം സുസ്ഥാപിതമായിട്ടുള്ള നടപടിയനുസരിച്ചല്ലാതെ യാതൊരുവന്റെയും ജീവനും വ്യക്തിസ്വാതന്ത്ര്യവും അപഹരിക്കുവാൻ പാടില്ലായെന്നു നമ്മുടെ ഭരണഘടനാനിയമം ഇരുപത്തൊന്നാംവകുപ്പു് ഉച്ചത്തിൽ പ്രഖ്യാപനംചെയ്യുന്നു. ആ നിയമം ൧൯-ാംവകുപ്പിൽ അഭിപ്രായസ്വാതന്ത്ര്യം, സഞ്ചാരസ്വാതന്ത്ര്യം മുതലായ മൗലികാവകാശങ്ങൾ ഓരോ വ്യക്തിക്കും നൽകിയിട്ടുമുണ്ടു്. ഇതിനു പുറമെ ഓരോരുത്തന്റെയും മൗലികാവകാശസ്ഥാപനത്തിനായി സുപ്രീംകോർട്ടിൽ അപേക്ഷകൊടുക്കുന്നതിനുള്ള അധികാരവും ഓരോ ഭാരതപൗരനും മുപ്പത്തിരണ്ടാംവകുപ്പുനൽകുന്നു.

ഭരണഘടനാനിയമം പാസ്സാക്കിയതിനുശേഷം ഇന്ത്യൻപാർലമെന്റുപാസ്സാക്കിയ അക്രമനിരോധനതടങ്കൽ നിയമമനുസരിച്ചു് (പ്രിവൻറീവ് ഡിറ്റൻഷൻ ആക്ട്) തടങ്കലിൽ പാർപ്പിക്കപ്പെട്ടിരുന്ന മി. എ. കെ. ഗോപാലൻ തന്റെ വിമോചനത്തിനായി ഈ മുപ്പത്തിരണ്ടാംവകുപ്പനുസരിച്ചാണു് ഹേബിയസ് കോർപ്പസ് ഹർജി കൊടുത്തതു്. മി: ഗോപാലന്റെ വക്കീൽ മി: നമ്പ്യാരുടെ വാദം, ഈ പ്രിവൻറീവ് ഡിറ്റൻഷൻ ആക്ട് ഒരു "നിയമ"മായി ഗണിക്കാൻ പാടില്ലെന്നായിരുന്നു. കാരണം, നിയമസഭ പാസ്സാക്കിയ ഈ നിയമത്തിൽ സാമാന്യനീതി ഉൾക്കൊള്ളുന്നില്ലെന്നുള്ളതാണു്. ഒരാളെ തടങ്കലിൽവെച്ചാൽ സാമാന്യനീതിയനുസരിച്ചു്. അധികാരികൾ ഉടൻ അയാളെ തടങ്കലിനുകാരണം അറിയിക്കണം. ഇതിനു പുറമേ നിഷ്പക്ഷകോടതിമുമ്പാകെ തന്റെഭാഗം കേസ്സുനടത്തുന്നതിനും വാദം കേൾക്കുന്നതിനുംവേണ്ട സൗകര്യങ്ങൾ അയാൾക്കുനൽകണം. പ്രിവൻറീവു് ഡിറ്റൻഷൻ ആക്ടിൽ ഈവക അവകാശങ്ങൾ നൽകപ്പെട്ടിട്ടില്ല എന്നു മാത്രമല്ല തടങ്കൽകാരണം കോടതിയെപ്പോലും അറിയിക്കാൻ പാടില്ല എന്നു വ്യവസ്ഥയുണ്ടു്. കാരണം പരസ്യമാക്കുന്നതു് കുറ്റകരമാക്കിയിട്ടുമുണ്ടു്. സാമാന്യനീതിക്കു വിരുദ്ധമായ ഈ ചട്ടങ്ങളടങ്ങിയ ഡിറ്റൻഷൻ ആക്ടനുസരിച്ചുള്ള നടപടി സുസ്ഥാപിതനിയമനടപടികളാകുകയില്ലെന്നായിരുന്നു മി: നമ്പ്യാർ ശക്തിയായി വാദിച്ചതു്.

പ്രതിക്കു് തന്റെ ഭാഗംകേസ്സു നടത്തുന്നതിനുവേണ്ട സൗകര്യം കൊടുക്കാതെയുള്ള വിസ്താരവും ശിക്ഷയും നിയമസഭകൾ പാസ്സാക്കിയ ക്രിമിനൽനടപടികൾ അനുസരിച്ചായിരുന്നാൽതന്നെയും അവ അസാധുവാണെന്നു പല അമേരിക്കൻവിധികളും ഉണ്ടായിട്ടുണ്ടു്. ഹർടാഡോ അഭികാലിഫോർണിയാ എന്ന കേസ്സിൽ, ഹർടാഡോയ്ക്കു് ഒരു കൊലക്കേസ്സിൽ മരണശിക്ഷ നൽകിയിരുന്നു. ശിക്ഷാവിധി നൽകിയതു്, ജൂറിമാരുടെ അഭിപ്രായപ്രകാരം ഒരു മജിസ്ട്രേട്ടാണു് നൽകിയതു്. സാധാരണ നിയമം എന്നാൽ എന്തു്?

## തടങ്കൽനിയമവും വ്യക്തിസ്വാതന്ത്ര്യവും

ഇക്കഴിഞ്ഞ മേ ൨൦-ാംതീയതിയാണു് സുപ്രീംകോർട്ടിൽനിന്നും മി: ഗോപാലന്റെ ഹേബിയസ്സ്കോർപ്പസ്സ് ഹർജിതള്ളി വിധിപ്രസ്താവിച്ചതു്. ആറുപേരടങ്ങിയ ആ സുപ്രീംകോട്ട് ഫുൾബെഞ്ച് വിധിയിൽ, ചീഫ്ജസ്റ്റീസ് സർ [illegible] ജെ കാനിയാ, ജസ്റ്റീസ് മി: പതഞ്ജലി ശാസ്ത്രി, ജസ്റ്റീസ് മി. ബി. കെ. മുക്കർജി, ജസ്റ്റീസ് മിസ്റ്റർ എസ്സ്. ആർ. ദാസ് എന്നീ ഭൂരിപക്ഷീയർ മി: എ കെ. ഗോപാലന്റെ ഹർജി തള്ളണമെന്നും ന്യൂനപക്ഷക്കാരായ മിസ്റ്റർ ജസ്റ്റീസ് ഫാസിൽആലിയും മിസ്റ്റർ ജസ്റ്റീസ് മെഹർചന്ദ് മഹാജൻ എന്നിവർ ഹർജി അനുവദിക്കണമെന്നും ആണു് അഭിപ്രായപ്പെട്ടിട്ടുള്ളതു്.

ഇന്ത്യൻ ഭരണഘടനാനിയമസംബന്ധമായി ഈ കേസ്സിലെ വിധി അതിപ്രാധാന്യ(അമേരിക്കയിലെ പ്രസിദ്ധ മാർബെറി അഭിമാഡിസൻപോലെ,മർഹിക്കുന്നുവെന്നു പ്രത്യേകം പറയേണ്ടതില്ലല്ലോ. ഈ വിധിയനുസരിച്ചു നിയമമെന്നു പറയുന്നതു് "സ്റ്റേറ്റ്" അഥവാ രാഷ്ട്രം നിർമ്മിക്കുന്ന ചട്ടമാകുന്നു നിയമം. നിയമമുണ്ടാക്കുന്നതിൽ അവസാനവാക്കു് നിയമസഭയുടേതായിരിക്കുമെന്നാണു് ബഹുമാനപ്പെട്ട ചീഫ്ജസ്റ്റീസ് അഭിപ്രായപ്പെട്ടിട്ടുള്ളതു്. മാർബെറി അഭിമാഡിസൻപോലുള്ള അമേരിക്കൻ സുപ്രീംകോർട്ടു വിധികളെ അപേക്ഷിച്ചു നോക്കുമ്പോൾ ഈ അഭിപ്രായം തുലോം സങ്കുചിതമായ ഒരു വീക്ഷണമെന്നു പറയാതെ നിവൃത്തിയില്ല. പക്ഷെ ഇന്ത്യാ ചീഫ്ജസ്റ്റീസ് പറയുന്നതു അമേരിക്കൻ ഭരണഘടനയിൽ "നിയമാനുസാരമുള്ള തടങ്കൽ"എന്നുമാത്രം പറയുമ്പോൾ ഇന്ത്യൻ ഭരണഘടനയിൽ "നിയമാനുസാരമുള്ള സുസ്ഥാപിത നടപടികളെ"ന്നാണു് പറഞ്ഞിരിക്കുന്നതെന്നും തന്മൂലം അമേരിക്കൻ ഭരണഘടനയിലെ വിസ്തൃതമായ വ്യാഖ്യാനം ഇന്ത്യൻ ഭരണഘടനാവകുപ്പിനു നൽകുവാൻ പാടില്ലെന്നുമാണു്.

എന്നാൽ നമ്മുടെ കേന്ദ്രനിയമസഭപാസ്സാക്കിയ നിരോധനതടങ്കൽ ആക്ടിലെ പതിന്നാലാംവകുപ്പു്(അതായതു് തടങ്കലിന്റെ കാരണം കോടതിയെപ്പോലും അറിയിക്കരുതെന്നുള്ള വകുപ്പു്) ഭരണഘടനാനിയമം ൨൨(൫)-ാംവകുപ്പിനു വിപരീതമാണെന്നും തന്മൂലം ആയതു് അനധികൃതവും അസാധുവുമാണെന്നും ആറു ജഡ്ജിമാരും ഒരുപോലെ അഭിപ്രായപ്പെട്ടിട്ടുണ്ടു്. അതുകൊണ്ടു് ടി ആക്ടിലെ ൧൪-ാംവകുപ്പു നിയമമല്ലതന്നെ. നിയമസഭ പാസ്സാക്കിയ ആ വകുപ്പു് നമ്മുടെ ഭാരതഭൂമിയിൽ മേലാൽ നിയമമായി ആരും ഗണിക്കുവാൻ പാടുള്ളതല്ല.

നിയമം എന്നാൽ എന്തു്? നിയമസഭ പാസ്സാക്കുന്നതെല്ലാം നിയമമാകുമോ? സത്യവും നീതിയും ഉൾക്കൊള്ളാത്ത ചട്ടങ്ങളെ 'നിയമ'പരിധിയിൽ ഉൾപ്പെടുത്താമോ? അവയ്ക്കു് നിയമപ്രാബല്യം നല്കാമോ? ഓരോ ചട്ടത്തിന്റെയും നീതിവ്യവസ്ഥയെപ്പറ്റി തീരുമാനിക്കേണ്ടതാരാണു്? നിയമസഭ പാസ്സാക്കുന്ന നിയമങ്ങളുടെ നീതിവ്യവസ്ഥയെപ്പറ്റി ഗുണദോഷവിമർശനം നടത്തി നിയമസാധുത്വം നല്കുന്നതിനുള്ള അധികാരം രാജ്യത്തെ നീതിന്യായകോടതികൾക്കുണ്ടോ? ഒരു ചട്ടം ശരിയോ തെറ്റോ, എന്നു് തീരുമാനിക്കേണ്ട പരമാധികാരം ജനപ്രാതിനിധ്യം വഹിക്കുന്ന നിയമസഭയ്ക്കാണോ ഉള്ളതു്. അതോ, രാജ്യത്തെ പരമാധികാരകോടതിയായ സുപ്രീംകോർട്ടിലാണോ സ്ഥിതിചെയ്യുന്നതു് എന്നീ അതിപ്രധാനപ്രശ്നങ്ങൾ ഭാരതസുപ്രീംകോർട്ടിന്റെ മുൻപാകെ മി: എ. കെ. ഗോപാലന്റെ കേസ്സിൽ ഉന്നയിക്കപ്പെടുകയുണ്ടായി.

അതുപോലെതന്നെ ആ ആക്ടിലെ പന്ത്രണ്ടാംവകുപ്പും (അതായതു് രാജ്യരക്ഷയുടെ പേരിൽ ഒരാളെ മൂന്നുമാസത്തിൽകവിഞ്ഞ ഒരു കാലഘട്ടത്തേക്കു് ഉപദേശകസമിതിയോടാലോചിക്കാതെ ജയിലിൽ വെച്ചുകൊണ്ടുവരുന്നതാണെന്നുള്ളതു്)ഇന്ത്യൻഭരണഘടനാനിയമം ൨൨-ാംവകുപ്പു് ൭-ാംഉപവകുപ്പു് ബി വിഭാഗത്തിനെതിരാണെന്നും ആയതും അസാധുവായി ഗണിക്കേണ്ടതാണെന്നും ന്യൂനപക്ഷക്കാരായ ജഡ്ജിമാർ അഭിപ്രായപ്പെട്ടു. ഈ ഇരുപത്തിരണ്ടാംവകുപ്പനുസരിച്ചു മൂന്നുമാസക്കാലാവധിയിൽ കൂടുതലായി യാതൊരുത്തനെയും ഉപദേശകസമിതിയുടെ അനുവാദംകൂടാതെ തടങ്കലിൽവെച്ചു കൂടാത്തതാകുന്നു. ഭരണഘടനയിലെ ഈ മൗലികാവകാശത്തിനു വിപരീതമായുള്ള മുൻപറഞ്ഞ തടങ്കൽനിയമത്തിലെ പന്ത്രണ്ടാംവകുപ്പു നിയമസഭ പാസ്സാക്കിയതെങ്കിലും നിയമമായി ഗണിക്കുവാൻ പാടില്ലെന്നാണു് എത്രയും ശക്തിയായ ഭാഷയിൽ മി: ഫാസിൽ ആലി അഭിപ്രായപ്പെട്ടിട്ടുള്ളതു്. എന്നാൽ സുപ്രീംകോർട്ടിലെ ഭൂരിപക്ഷജഡ്ജിമാർ ആ അഭിപ്രായത്തോടു് യോജിക്കാത്തതിനാൽ ൧൨-ാംവകുപ്പിനു് നിയമപ്രാബല്യം സിദ്ധിച്ചിരിക്കുന്നു. കേന്ദ്രനിയമസഭ പാസ്സാക്കിയ നിരോധനതടങ്കൽനിയമത്തിലെ പതിനാലും പന്ത്രണ്ടും വകുപ്പുകൾ ഭരണഘടനാനിയമം നൽകുന്ന സുപ്രധാനമൗലികാവകാശങ്ങൾക്കെതിരാണെന്നും അതിനാൽ ടി തടങ്കൽനിയമത്തെ പാടേ വിഗണിക്കണമെന്നുമാണു്. എന്നാൽ ചീഫ്ജസ്റ്റീസ് തുടങ്ങിയ ഭൂരിപക്ഷജഡ്ജിമാർ അഭിപ്രായപ്പെടുന്നതു് ദുഷ്ടമായ പതിനാലാംവകുപ്പിനെ, തടങ്കൽനിയമസംഹിതാശരീരത്തിൽനിന്നും, (നിയമശരീരത്തിനു് ദോഷംതട്ടാതെ) ഛേദിച്ചുകളയാവുന്നതാണെന്നും അതിനാൽ നിയമംമുഴുവൻ അസാധുവാക്കേണ്ടയാതൊരാവശ്യവുമില്ലെന്നാകുന്നു.

ഏതായാലും നിയമസഭകൾ പാസ്സാക്കുന്ന നിയമം ശരിയോ തെറ്റോ എന്നു് തീരുമാനിക്കുന്നതിനുള്ള അധികാരം സുപ്രീംകോർട്ടിനുണ്ടെന്നുള്ളതു് ഈ വിധിയിൽനിന്നും വ്യക്തമാകുന്നു. ആറുജഡ്ജിമാരുംകൂടി തടങ്കൽനിയമത്തിലെ പതിനാലാംവകുപ്പു് നിയമമല്ലെന്നു് പ്രസ്താവിക്കുകഴിഞ്ഞതല്ലോ. കോർട്ടിൽനിന്നും എത്രമാത്രം ഇടപെടുമെന്നുള്ളതിനെപ്പറ്റി മാത്രമെ അഭിപ്രായവ്യത്യാസമുള്ളു. ജസ്റ്റീസ് മി: ഫാസിൽആലി പറയുന്നതു് ഏതെങ്കിലും ഒരു ചട്ടം—പ്രത്യേകവ്യക്തിയുടെ സ്വാതന്ത്ര്യത്തെ തടയുന്ന ചട്ടം—നിയമമെന്നപേരർഹിക്കണമെങ്കിൽ, ആ ചട്ടത്തിൽ പ്രധാനമായി സാമാന്യനീതിയനുസരിച്ചുള്ള നാലുസംഗതികളടങ്ങിയിരിക്കണം. അതായതു് നോട്ടീസ്, സങ്കടകക്ഷിക്കു് തന്റെ ഭാഗം വാദിക്കുവാനുള്ള സൗകര്യം, നിഷ്പക്ഷകോടതി, ക്രമാനുസാരമുള്ള നടപടി എന്നിവകൾ—ഇവകളില്ലാത്ത തടങ്കൽനിയമങ്ങളും മറ്റും ജനാധിപത്യഭരണസമ്പ്രദായത്തിനു് അശേഷവും അനുയോജ്യമല്ലെന്നാണു് അദ്ദേഹം എത്രയും വിശാലവീക്ഷണത്തോടുകൂടി അനേകം അമേരിക്കൻവിധികൾ ഉദ്ധരിച്ചു് അഭിപ്രായപ്പെട്ടിട്ടുള്ളതു്.

നിയമസഭയും കോടതിയും തമ്മിലുള്ള ബന്ധത്തെ പുരസ്കരിച്ചു്, ജനായത്തഭരണക്രമം നിലവിലിരിപ്പുള്ള രാജ്യങ്ങളിലെ നിയമനിർമ്മാണരീതികളെ മൂന്നായി തരംതിരിക്കാവുന്നതാകുന്നു. ഒന്നു്, ഇംഗ്ലീഷ്‌രീതി. ഈ രീതിയനുസരിച്ചു് ആണിനെ പെണ്ണാക്കുന്നതോ, പെണ്ണിനെ ആണാക്കുന്നതോ ഒഴിച്ചുള്ള സർവ്വനിയമങ്ങളും നിർമ്മിക്കുന്നതിനു് ഇംഗ്ലീഷ്പാർലമെന്റിനു് അധികാരമുണ്ടു് ഇംഗ്ലണ്ടിൽ പാർലമെന്റു് സർവ്വാധികാരിയാണു്. ഭരണഘടനാനിയമത്തിനു് പ്രത്യേകപ്രാബല്യമൊന്നുമില്ല. പാർലമെന്റിനു് ഏതു നിയമവും ഏതു് അവസരത്തിലും പാസ്സാക്കാം. രണ്ടാമത്തെ അമേരിക്കൻ രീതിയിൽ, സുപ്രീംകോർട്ടു് സർവ്വാധികാരിയാണു്. നിയമസഭകൾ എന്തുതന്നെ പാസ്സാക്കിയാലും കോടതി അംഗീകരിക്കുന്ന ചട്ടങ്ങളേ നിയമമാകുകയുള്ളു. ഇന്ത്യൻഭരണഘടന സ്വീകരിച്ചിരിക്കുന്നരീതി ഒരു മദ്ധ്യസ്ഥരീതിയാണു്, ആയതിനെ മൂന്നാമതായുള്ള ഒരു നൂതനരീതിയായി ഗണിക്കുന്നതിൽ തെറ്റില്ല. നമ്മുടെ ഭരണഘടനയനുസരിച്ചു് ചില സംഗതികളിൽ പ്രത്യേകിച്ചു മൗലികാവകാശങ്ങളെസംബന്ധിച്ചു സുപ്രീംകോർട്ടിനു പരമാധികാരം നൽകിയിട്ടുണ്ടു്. എന്നാൽ ഇവയിൽ ചില ഭാഗങ്ങളെ സംബന്ധിച്ചു് കോർട്ടിനു പരിപൂർണ്ണാധികാരം നൽകിയിട്ടില്ല. പാർലമെന്റു് നിശ്ചയിക്കുന്ന രീതിയനുസരിച്ചു് ഒരാളെ അനിശ്ചിതകാലത്തേക്കു് ഉപദേശകസമിതിയുടെ അഭിപ്രായംകൂടാതെ തടങ്കലിൽ വെയ്ക്കാമെന്നുള്ളതും മറ്റും ചോദ്യംചെയ്യുവാൻ കോർട്ടിനധികാരമില്ലെന്നാണു് നാം മനസ്സിലാക്കേണ്ടതു്. ഇപ്രകാരം ചില സംഗതികളിൽ കോർട്ടിനു് പരമാധികാരം നൽകിയും മറ്റു ചില സംഗതികളിൽ നിയമസഭയ്ക്കു് പരിപൂർണ്ണാധികാരം നൽകിയുമാണു് നമ്മുടെ ഭരണഘടനാനിയമത്തിന്റെ നിയമപരമായ വ്യാഖ്യാനത്തിൽനിന്നും വ്യക്തമാകുന്നതു്.

—o—

സമസ്തകേരള ജ്യോതിഷപരിഷത്തിലെ

നിർദ്ദേശാനുസരണം പരിഷ്കരിച്ച ഗണിതനിർണ്ണയചന്ദ്രസ്ഫുടവും, നിത്യപഞ്ചാംഗങ്ങളുടെ അവസാനസമയങ്ങളും, ശ്രാദ്ധങ്ങൾ, പിറന്നാളുകൾ, ഗ്രഹസ്ഥിതിചക്രങ്ങൾ എന്നിവയും, പഞ്ചാംഗസംബന്ധമായ മറ്റെല്ലാ വിഷയങ്ങളും അടങ്ങിയ

ശ്രീരാമവിലാസംപ്രസ്സ്‌വക

1126-ാമാണ്ടത്തെ

പഞ്ചാംഗങ്ങൾ

തയാറായിരിക്കുന്നു

ജ്യോതിഷപണ്ഡിതർ ഗണിതവിദ്വന്മണി

ബ്രഹ്മശ്രീ പുലിയൂർ പി. എസ്. പുരുഷോത്തമൻനമ്പൂതിരി

അവർകളുടെ അനുജനും ശിഷ്യന്മാരുമായ

ബ്രഹ്മശ്രീ പി. പി. നാരായണൻനമ്പൂതിരി അവർകളും,

മുഖത്തല പി. മാധവനാശാൻ അവർകളുംകൂടി ഗണിച്ചതു്.

കച്ചവടക്കാർക്കു് പ്രത്യേകനിരക്കു്.

ശ്രീരാമവിലാസം പ്രസ്സ് & ബുക്ക്ഡിപ്പോ, കൊല്ലം.

ആലപ്പുഴയും തിരുവനന്തപുരത്തുമുള്ള ഞങ്ങളുടെ ബ്രാഞ്ചുകളിലും കിട്ടുന്നതാണു്.

ജാതകാദേശം

(സവ്യാഖ്യാനം)

ജ്യോതിഷസംബന്ധമായും ജാതകസംബന്ധമായും അനർഘങ്ങളായ വിവരങ്ങൾ അടങ്ങിയ ഉത്തമജ്യോതിഷഗ്രന്ഥം. വില ണ. 15.

മാനേജർ,

ശ്രീരാമവിലാസംപ്രസ്സ്, കൊല്ലം.




# ഏററവും നല്ല ഭാര്യ

മൂർക്കോത്തു കുഞ്ഞപ്പ

ഏററവും നല്ല ഭാര്യയ്ക്കു് എന്തൊക്കെ ഗുണങ്ങളാണുവേണ്ടതു് എന്നു ചോദിച്ചാൽ ഓരോരുത്തരും ഓരോ വിധത്തിലായിരിക്കും ഉത്തരം പറയുക. അതിൽ പക്ഷെ അത്ഭുതപ്പെടുവാനില്ല. ഏററവും നല്ല ഭർത്താവിനെപ്പററി പറയേണ്ടിവന്നപ്പോൾ ദമയന്തി, "എല്ലാം ജനങ്ങൾക്കുമെന്നല്ല മാനസം, ചൊല്ലാമല്ലോ കൊണ്ടുഞാനെന്റെവാഞ്ഛിതം"—എന്നാണു പറഞ്ഞതു്.

"മുള്ളുള്ളവൃക്ഷങ്ങൾ ഒട്ടകത്തിന്നിഷ്ടം
ഉള്ളത്തിലംഗ്രഹം മാനിന്നിളംപുല്ലു"—

എന്നു ആയമ്മതന്നെ അതേസന്ദർഭത്തിൽ പറയുകയുമുണ്ടായി. മുള്ളുള്ള ഭർത്താക്കന്മാർ ഏതു്? ഇളംപുല്ലുപോലെ സാധുക്കൾ ആർ? എന്നാണു് ചോദ്യം. ഇരിക്കട്ടെ. ആയാലും ഏട്ടിന്റെ മറുവശം മാത്രമാണല്ലോ. ഭാര്യയെപ്പററി ഭർത്താക്കന്മാർക്കുള്ള ആശയും, ആശങ്കയും. പലരും പലതും പറയുന്നതു് പോരാഞ്ഞിട്ടെന്നപോലെ, ഒരാൾതന്നെയും ഒരേ സന്ദർഭത്തിൽ ഓരോന്നാണു പറയുക. രോഗിയായി കിടക്കുന്നവനു ഭാര്യ നേഴ്സായിരിക്കണം. രസികനു രസികത്തിയായിരിക്കണം. പെരുപ്പക്കാരനു ലക്ഷ്മീദേവിയെപ്പോലെ രൂപവതിയായിരിക്കണം. കിഴവനു കഥപറകില്പാഞ്ഞാത്ത സഖിയായിരിക്കണം. കുട്ടികളുടെ അച്ഛനു കുട്ടികൾ നല്ലൊരമ്മയായിരിക്കണം. ആപ്പീസ്സിൽനിന്നു കയറിവരുമ്പോൾ കാപ്പികൊണ്ടുകൊടുക്കുന്ന ദാസിയായിരിക്കണം. ഗുലുമാലുപിടിച്ച സന്ദർഭങ്ങളിൽ മന്ത്രിയായിരിക്കണം. ഇങ്ങിനെ "കലൈഡോസ്ക്കോപ്പിൽ"കൂടി നോക്കിയാൽ കാണുന്നതുപോലെ ഗുണഗണങ്ങൾ മാറിയും തിരിഞ്ഞും മറിഞ്ഞും, പലവിധത്തിലിണങ്ങിയും ഭവിക്കേണ്ടുന്ന ജീവിയായിട്ടാണു് പുരുഷൻ ഭാര്യയെ കാണുന്നതു്. ഉത്തമയായ ഭാര്യയെ തിരികത്തിച്ചു തെരഞ്ഞാലും കണ്ടുകിട്ടാ നല്ല പ്രയാസത്തിന്നുകാരണം അതാണു്; അപ്പോഴെ! ഏററവും നല്ല ഭാര്യയെ കിട്ടണമെന്നു് ആഗ്രഹിക്കുകയോ, മോഹിക്കുകയോ, കിട്ടിയില്ലല്ലോ എന്നു വിഷാദിക്കുകയോ, ചെയ്യുന്നതിനു പകരം ഏററവും നല്ല ഭർത്താവായിത്തീരുവാൻ പരിശ്രമിച്ചെങ്കിൽ കാര്യങ്ങൾക്കു് എത്ര ഭേദമുണ്ടായേനെ! അതുചെയ്യുവാൻ എത്രപേർ ഒരുക്കമുണ്ടു്? പറയൂ കേൾക്കട്ടെ.

ക്ഷമിക്കണം, ഏററവും നല്ല ഭാര്യയെപ്പററി പറയാനാണു പോകുന്നതെന്നു് ആശിച്ചു ലേഖനം വായിക്കാൻ തുനിഞ്ഞ ഭർത്താക്കന്മാർ ക്ഷമിക്കണം. വിഷയം ചിന്തിക്കാൻ തുടങ്ങിയപ്പോഴാണു്, പ്രശ്നത്തിന്നൊരു മറുവശമുള്ളതായിക്കണ്ടതു്. ഏതായാലും ഏററവും നല്ല ഭർത്താവിനെപ്പററി ഉപന്യസിക്കാൻ അധികാരപ്പെട്ടവർ വേറെയുള്ളതുകൊണ്ടു്, ആ ഭാഗം പറയാൻ അവരുടെ വിദഗ്ദ്ധതയെ ഏല്പിച്ചുവെച്ചു, നമുക്കു തുടങ്ങിയ വിഷയം തുടരാം.

ഓരോ ആശയങ്ങളെ മുൻനിർത്തി നാട്ടുകാരുടെ ഇടയിൽ ചില നാടൻ കഥകൾ പ്രചാരമുള്ളതായിക്കാണാം. വിഷയത്തിന്റെ യഥാർത്ഥം മുഴുവനും അതിൽ പ്രതിഫലിച്ചുകാണാമെന്നു് ഞാൻ പറയുന്നില്ല. പക്ഷെ ഏതു വിഷയത്തെപ്പററി പൊതുജനങ്ങളുടെ ധാരണയതിൽ പ്രതിബിംബിച്ചുകാണാമെന്നു പറയാൻ തോന്നുന്നുണ്ടു്. ഒരേ കഥതന്നെ പല നാട്ടുകാരുടെ ഇടയിലും പ്രചാരമുള്ളതായി കാണുമ്പോൾ അതിലടങ്ങിയ അഭിപ്രായത്തിനു പ്രാമാണ്യം കുറെക്കൂടിയുള്ളതായി കരുതാമെന്നു തോന്നുന്നു. "ഏററവും നല്ല ഭാര്യ" എന്ന വിഷയത്തെ ആസ്പദിച്ചു മലയാളികളുടെ ഇടയിൽ ഒരു പഴംകഥയുണ്ടു്. നിങ്ങൾ പഴമക്കാരല്ലാത്തതുകൊണ്ടു്, ഒരു പക്ഷേ കേട്ടിരിക്കാനിടയില്ല. മധിരാശിയിൽ തമിഴരും അതേ കഥതന്നെ പറയുന്നതും ഞാൻ കേട്ടിട്ടുണ്ടു്. ഇതു മലയാളം തമിഴിന്റെ പുത്രിയായതുകൊണ്ടോ, അല്ലെങ്കിൽ മലയാളവും തമിഴും ഒരേ അമ്മയായ ദ്രമിഡത്തിന്റെ മക്കളായതുകൊണ്ടോ ആണെന്നായിരുന്നു ഞാൻ ധരിച്ചതു്. ബങ്കാളികളും പറയുന്നു അതേ കഥതന്നെ പഞ്ചാബികളും. ഒരുപക്ഷെ ഇന്ത്യയിലെ ജനങ്ങളെല്ലാക്കാലത്തും ഏകദേശം ഒരു മനസ്സുള്ളവരായിരിക്കാം. ഹോളണ്ടുകാരോ? ഇംഗ്ലീഷുകാരോ? ഹാൻസ് ക്രിസ്ത്യൻ ആൻഡേർസനും മേൽപറഞ്ഞ കഥ എഴുതീട്ടുണ്ടു്. അദ്ദേഹം പറയുകയാണു്:

"ഞാൻ ഒരു ചെറിയ ബാലനായിരുന്നപ്പോൾ കേട്ട ഒരു കഥ പറയാം. ആ കഥയെപ്പററി ആലോചിക്കുംതോറും അതു് അധികമധികം സാരസ്യമുള്ളതായിട്ടാണു് എനിക്കു തോന്നിയതു്. ആളുകളെപ്പോലെതന്നെയാണു് കഥകളും, പഴക്കം കൂടുംതോറുമാണു് അവ നന്നായിത്തീരുക". ഇങ്ങിനെ മുഖവുരയെഴുതീട്ടാണു് അദ്ദേഹം താഴെ സംഗ്രഹിക്കുന്ന കഥയെഴുതീട്ടുള്ളതു്.

ഉൾനാട്ടിൽ വയൽവരമ്പിൽ, ദൂരെനിന്നു നോക്കിയാൽ ഒരു കൂണെന്നപോലെ തോന്നുന്ന വീടുകണ്ടിട്ടില്ലേ? ഒട്ടുള്ള ചെല്ലുംതോറും ആ കുടിലുകാണ്മാൻ ഒരു ചന്തമൊക്കെ ചൊവ്വാകട്ടെ ഉണ്ടാവില്ല. അതിന്റെ വയ്ക്കോൽകറുത്തു രണ്ടു ചാൺ പൊക്കമുള്ള ചുവരിൽ കോണും മുഴകളും തീർത്തിട്ടില്ലെന്നല്ല കൈവിരൽപാടുംകൂടി അതിൽ കാണാം. വൃത്തവും കോണും ചതുരവുമല്ല അതു്; അതിൽ ശില്പിതന്ത്രം എത്തിനോക്കീട്ടുംകൂടിയില്ല—അങ്ങിനെ ദുരവസ്ഥയിലുള്ളതായി ആശാൻ വിവരിച്ചതുപോലെയുള്ള ഒരു വീട്ടിൽ, ഒരു ഭാര്യയും ഭർത്താവും താമസിച്ചിരുന്നു. മദ്ധ്യവയസ്കരാണെങ്കിലും അനുരാഗബദ്ധരാണവർ. നിർധനരെങ്കിലും, അലംഭാവമുള്ള മനുഷ്യർ. അവർക്കു് ഒരു വയസ്സായ കുതിരയെ ആരോ എന്തിനോ കൊടുത്തു. അതിനെ തീററിപ്പോററാനുള്ള പാടുകൊണ്ടു കുതിരയെ വിററോ, കൈമാററം ചെയ്തോ വരുവാനായി ഭർത്താവു ചന്തയിലേക്കു പുറപ്പെട്ടു. പോകുമ്പോൾ, ഭാര്യയോടു, താൻ കുതിരക്കു ബദലായി എന്താണു് വാങ്ങേണ്ടതു് എന്നു ചോദിച്ചതിനു ഭാര്യ—എന്താണു് നല്ലതെന്നു നിങ്ങൾക്കു തോന്നുന്നതു് അതു ചെയ്തുകൊള്ളൂ, നിങ്ങൾ എന്തുചെയ്താലും, അതു തെററാവില്ല, എന്നെനിക്കറിയാം—എന്നു മറുപടി പറയുകയും ചെയ്തു.

അങ്ങിനെ ഭാര്യയുടെ പൂർണ്ണവിശ്വാസം സമ്പാദിച്ച ഭർത്താവു് ഒരു മൂളിപ്പാട്ടുംപാടിക്കൊണ്ടു ചന്തയ്ക്കുപോകുന്ന വഴിക്കു്, വേറൊരാൾ ഒരു പശുവിനെയും കൊണ്ടുപോകുന്നു. എത്ര നല്ല പശു! ഇതുതന്നെയാണു് ഞങ്ങൾക്കു വേണ്ടതു്. പാലുകിട്ടും; നിലമുഴുവാൻ കന്നിനെ കിട്ടും. എന്നൊക്കെ വിചാരിച്ചു് നമ്മുടെ കഥാനായകൻ കുതിരയെ കൊടുത്തു പശുവിനെ വാങ്ങി. പശുക്കാരൻ ഈ കൈമാററം വളരെ സന്തോഷത്തോടുംകൂടി സമ്മതിച്ചുവെന്നു പറയേണ്ടതില്ലല്ലോ.

കുറച്ചുദൂരം ചെന്നപ്പോൾ മറെറാരാളുടെ കൈവശം ഒരു ചെമ്മരിയാടിനെ കാണുകയും, പശുവിനെക്കാൾ നല്ലതു് ആടാണു്. പാലുംകിട്ടും, പുതയ്ക്കാൻ കമ്പിളിയുമായി, തീററി പശുവിനെപ്പോലെ വേണ്ടതാനും. മാററി, വിദ്വാൻ, മാററി പശുവിനെ മാററി ആട്ടിനെ വാങ്ങി.

ഇങ്ങിനെ അദ്ദേഹം, ആട്ടിനെ കൊടുത്തു വാത്തിനെയും, വാത്തിനെ കൊടുത്തു കോഴിയെയും, കോഴിയെ കൊടുത്തു് കുറെ കെട്ടപഴവും വാങ്ങിയശേഷമാണു ചന്തയിലെത്തിയതു്. അവിടെ ചായകുടിക്കാൻ ഒരു ചായപ്പീടികയിൽ കയറി (ബീരുകുടിക്കാൻ എന്നായിരുന്നു മൂലഗ്രന്ഥത്തിലുണ്ടായിരുന്നതു്. ബീറിന്റെ പേരെങ്ങിനെയാണു് മതിരാശിസംസ്ഥാനത്തിൽ പറയുക എന്നറിവില്ലാണു് ചായയാക്കിയതു്)—ചായപ്പീടികയിൽ, ഓർക്കാതെ പഴവുംകെട്ടും വെച്ചതു് അടുപ്പിന്നടുത്തായിരുന്നു. ചായകുടിച്ചുകഴിയുമ്പോഴേക്കും, കെട്ടപഴം കരിഞ്ഞുംപോയി. ഇതു കണ്ടുംകൊണ്ടുനിന്നിരുന്ന രണ്ടു ധനികന്മാർ ഈ സാധുവോടു വിവരങ്ങളൊക്കെ ചോദിച്ചു മനസ്സിലാക്കി ഇങ്ങിനെ പറഞ്ഞു:

"പെട്ടു! വീട്ടിലെത്തിയാൽ ഭാര്യ നിങ്ങളെ വെച്ചേക്കില്ല. ഇതെന്തു കഥയാണു്! കുതിരക്കു പകരം പശു, പശുവിനുപകരം ആടു്, ആടിനുപകരം വാത്തു, വാത്തിന്നു കോഴി, കോഴിക്കു കെട്ടപഴം. ചെല്ലുക വേഗം വീട്ടിലേക്കു്"—

നമ്മുടെ കഥാനായകൻ—ഒന്നും പേടിക്കാനില്ലയോ. എന്റെ ഭാര്യക്കു ഞാനെന്തു ചെയ്താലും തൃപ്തിയാണു്."

"ഉവ്വോ? അതൊന്നു കാണേണമല്ലോ. ഞങ്ങളും ഭവാന്റെകൂടെ വരാം. ഭവാൻ പറഞ്ഞതു ശരിയാണെങ്കിൽ ഇരുനൂറു് ഉറുപ്പിക സമ്മാനവും തരാം."

ഓഹോ വരുന്നാളു. പണം തന്നാലും ഇല്ലെങ്കിലും, ഞാൻ പറഞ്ഞതാണു് വാസ്തവം, എന്നുപറഞ്ഞു കഥാനായകൻ, അവരേയും കൂട്ടി വീട്ടിലേക്കു നടന്നു.

വീട്ടിലെത്തിയപ്പോൾ ഭാര്യ മന്ദഹാസത്തോടുകൂടി അവരെ സ്വീകരിച്ചു. അതിഥികൾക്കിരിക്കാൻ കൊടുത്തു. ഭർത്താവു വിവരങ്ങൾ വിസ്തരിച്ചു പറയാൻ തുടങ്ങി.

"ഞാൻ കുതിരയേയുംകൊണ്ടുപോയി ഒരു പശുവിനെ മേടിച്ചു."

"ഹാ! ഭേഷ്. ഇനിയിവിടെ പാലിനു് വിഷമംതന്നെയുണ്ടാവില്ല."

"പക്ഷേ പ്രിയെ പശുവിനെ കൊടുത്തു് ഞാനൊരു ചെമ്മരിയാട്ടിനെ വാങ്ങി"

"ബലേ. ഭേഷ്. പാലുമാത്രമല്ല, പുതയ്ക്കാൻ കമ്പിളിയുമായി. പശുവിന്റെരോമം വെറുതെ കൊഴിഞ്ഞുപോവുകയേയുള്ളു."

"ആടിനുപകരം ഞാൻ പിന്നെ ഒരു വാത്തിനെയാണു് മേടിച്ചതു്."

"വാത്തിന്റെ മാംസംതിന്നിട്ടു് കാലമെത്രയായി! നിങ്ങൾക്കറിയാമെന്താണു് വേണ്ടതെന്നു്."

"ഒരു കോഴിക്കുവേണ്ടി വാത്തിനെ ഞാൻ കൊടുത്തുകളകയാണുണ്ടായതു്."

"കോഴിയോ? മുട്ടകിട്ടും കുഞ്ഞുങ്ങളെ തിരിച്ചുവിൽക്കാം. എന്തൊക്കെ ചെയ്യാം! വിശേഷിച്ചു് തീററിയും വേണ്ടതില്ല."

"കോഴിയെ കൊടുത്തിട്ടു ഞാൻ കുറെ കെട്ട പഴമാണു് കൊണ്ടുവന്നിട്ടുള്ളതു്"—

"ഹാ! ഹാ! ഇത്ര സന്തോഷകരമായ വർത്തമാനം നിങ്ങൾ ആദ്യമെന്തുപറഞ്ഞില്ല. ഞാൻ, രാവിലെ നമ്മുടെ ജന്മിയുടെ ഭാര്യയോടു് കൂട്ടാൻവെയ്ക്കാൻ രണ്ടു കായ്ക്കു ചോദിച്ചിട്ടു് അവർ തന്നില്ല. ഇവിടെ ഒരു കെട്ടപഴവുംകൂടി എടുക്കാനില്ലാ എന്നാണു് അവർ പറഞ്ഞതു്. ഒരു കെട്ടപഴത്തിനു് ഞാനവർക്കു് ഇരുപത്തഞ്ചു കെട്ടപഴം ഇപ്പോൾത്തന്നെ അയയ്ക്കാൻപോവുകയാണു്. നിങ്ങളെപ്പോലെയൊരു ഭർത്താവിനെ കിട്ടിയതെന്റെ ഭാഗ്യം'!

"ഇതെന്തു കഥ', എന്നായിരുന്നു കൂടെവന്ന അതിഥികളുടെ ആശ്ചര്യം. ഓരോ കച്ചവടത്തിലും നഷ്ടമാണു് ഫലം. പക്ഷെ അനുമോദനമാണു് അനുഭവം. ഇരുനൂറുറുപ്പിക പോയാലെന്താ! ഇങ്ങിനെ ഒരു രംഗം കാണാനായല്ലോ'—

എന്നുപറഞ്ഞു് അവർ കഥാനായകനു് ഇരുനൂറു് ഉറുപ്പിക കൊടുത്തു.

ഇതാണു് കഥ. കഥാനായകനു് ആൻഡേഴ്സൺ സായിപ്പു് പേരൊന്നും കൊടുത്തിട്ടില്ല. ഒരു പേരുകൊടുത്താലോ എന്നു് ഞാൻ ആദ്യം ആലോചിച്ചു. വേണ്ടെന്നാണു് ഒടുവിൽ തോന്നിയതു്. മാധവനെന്നോ, കൃഷ്ണനെന്നോ പേരുകൊടുത്തെങ്കിൽ, നാട്ടിലുള്ള മാധവന്മാർക്കും, കൃഷ്ണന്മാർക്കും പിന്നെ വലിയ ഡംഭായിപ്പോകും. അതുവേണ്ട.

ആൻഡേഴ്സൺ കഥയുടെ ഒടുവിൽ ഇങ്ങിനെ പറയുന്നു.

"ഭർത്താവിനെന്തറിയാം. ഏററവും ഗുണപ്രദമായതെന്താണെന്നു് ഭാര്യ മനസ്സിലാക്കുകയും പറയുകയും ചെയ്യുന്നതു് എപ്പോഴും നല്ലതാണു്.

ഇതാണു് ഞാൻ ചെറുപ്പത്തിൽ കേട്ടകഥ. ഇതിപ്പോൾ നിങ്ങളും കേൾക്കയും, ഭർത്താവുചെയ്യുന്നതൊക്കെ ശരിയാണെന്നു മനസ്സിലാക്കുകയും ചെയ്തില്ലേ. അതുമതി."

ഇതാണു് ആൻഡേഴ്സൺ പറയുന്നതു്. എനിക്കും ഉണ്ടു് പറയാൻ, ഒരു കാര്യം. മേല്പറഞ്ഞതുപോലെതന്നെ ഭാര്യയെപ്പററി ഭർത്താവും കരുതണം. എന്നാൽ പിന്നെ ലോകത്തിൽ ഒരു കുഴപ്പവും ഉണ്ടാവില്ല.

സ്ത്രീകൾ എന്തു പറയുന്നു!

—൦—

ലേഖനമാല
ഗ്രന്ഥകർത്താ സാഹിത്യകുശലൻ
ടി. കെ. കൃഷ്ണമേനോൻ
വില രൂ: 2 ണ. 4.
ശ്രീരാമവിലാസം പ്രസ്സ്, കൊല്ലം



ശ്രീശങ്കരജയന്തിയോടനുബന്ധിച്ചു് എന്നും രാവിലെ നടത്തിവരാറുണ്ടായിരുന്ന ബ്രഹ്മസൂത്രഭാഷ്യക്ലാസിലെ ഒരു ദൃശ്യം.



ലണ്ടനിലെ ത്രിശക്തിസമ്മേളനം—ഏതാനുംമാസങ്ങൾക്കുമുമ്പു് ലണ്ടൻ ലങ്കാസ്റ്റർ ഹൗസിൽവച്ചു നടന്ന ത്രിശക്തിസമ്മേളനത്തിൽ സംബന്ധിച്ച (ഇടത്തുനിന്നും) മി. ഡീൻഅച്ചെസൻ (അമേരിക്കൻ സെക്രട്ടറി അഫ് സ്റ്റേററ്) മി. ഏർണസ്റ്റ്ബെവിൻ (ബ്രി. വിദേശമന്ത്രി) മി. റോബർട്ട്ഷൂമൻ (ഫ്രഞ്ചു വിദേശമന്ത്രി)

ഒന്നാന്തരം റബ്ബർമുദ്രകൾ
വിവിധ ഡിസൈനുകളിൽ ഉറപ്പും ഭംഗിയുമുള്ള റബ്ബർമുദ്രകൾ
മിതമായ നിരക്കിലും കൃത്യസമയത്തും ചെയ്തുകൊടുക്കുന്നതാണു്.
മാനേജർ, ശ്രീരാമവിലാസം പ്രസ്സ്, കൊല്ലം.

# ഒരു കാർഷികാഹ്വാനം

## ഓരോ പൗരന്റെയും ചുമതല

കെ. എസ്. നീലകണ്ഠം

IV

ഭക്ഷ്യോത്പാദനത്തെ ലക്ഷ്യമാക്കിയുള്ള പരിശ്രമം ഒരു ശാസ്ത്രീയാടിസ്ഥാനത്തിൽ സംവിധാനം ചെയ്യപ്പെടാത്തപക്ഷം അതുകൊണ്ടു കാര്യമായ പ്രയോജനം സിദ്ധിക്കാവുന്നതല്ലെന്നു പ്രത്യേകം പറയേണ്ടതില്ലല്ലോ. ശ്രേഷ്ഠഗുണങ്ങളോടുകൂടിയ വിത്ത്, യുക്തിയായ വളംചേർപ്പ്, എന്നീ രണ്ടുകാര്യങ്ങളിലാണ് നമ്മുടെ സജീവമായ ശ്രദ്ധ ഇന്നു പതിയേണ്ടിയിരിക്കുന്നതു്. ഭാരതത്തിൽ ഒരു ഏക്കർസ്ഥലത്തുനിന്നും നമുക്കു ലഭിച്ചുവരുന്ന വിളവിന്റെ മൂന്നുമടങ്ങിലധികം വിളവുകൾ ജപ്പാനിലും ചൈനയിലും സുലഭമായിത്തീർന്നിട്ടുള്ളതു മുൻപു പറഞ്ഞ രണ്ടുകാര്യങ്ങളിലും ആ രാജ്യക്കാർ അനുഷ്ഠിച്ചുപോരുന്ന തീവ്രയത്നങ്ങളുടെ ഫലമാണ്.

വിത്തിനെ സംബന്ധിച്ച് കഴിഞ്ഞ ആഴ്ച ഏതാനും പ്രധാനസംഗതികൾ വിവരിക്കുകയുണ്ടായല്ലോ. ഇന്നു ശാസ്ത്രീയവളപ്രയോഗത്തെപ്പററി ഏതാനും പ്രായോഗികസംഗതികൾ ചർച്ച ചെയ്യാം.

ഉത്തമരീതിയിലുള്ള വളംചേർപ്പിനെ സംബന്ധിച്ച് നമ്മുടെ പൂർവികന്മാർക്ക് ശാസ്ത്രീയജ്ഞാനം വേണ്ടടത്തോളം ഉണ്ടായിരുന്നുവെന്നു പല പഴയ ചിട്ടകളേയും സസൂക്ഷ്മം പരിശോധിച്ചാൽ നമുക്കു മനസ്സിലാകുന്നതാണ്. പൂർവികസമ്പ്രദായങ്ങളുടെ ആശയങ്ങൾ അഭിനവകർഷകലോകത്തിനു പിടികിട്ടാതെ ആ സമ്പ്രദായങ്ങളിൽ പലതും ലോപിച്ച് അവ ഇപ്പോൾ മിക്കവാറും വെറും ആചാരങ്ങളും അർത്ഥഹീനങ്ങളായ ചടങ്ങുകളും മാത്രമായി അധഃപതിച്ചുപോയിരിക്കുന്നുവെന്നു കാണാം. ഇപ്പോൾ ഭൂരിപക്ഷം കർഷകരെയും സംബന്ധിച്ചിടത്തോളം ഇതരപ്രസ്ഥാനങ്ങളെന്നപോലെതന്നെ വളംചേർപ്പ് എന്നതും ഒരു 'തമാശ'യാണ്.

കൃഷിയിറക്കിക്കഴിഞ്ഞു്, അതിന്റെ വളർച്ച തൃപ്തികരമായിക്കാണാത്തപക്ഷം എവിടെയെങ്കിലുമുള്ള വളംഡിപ്പോവിൽ ഓടിയെത്തി അവിടെനിന്നും വളം എന്ന പേരിൽ ലഭിക്കുന്ന ഏതു സാധനവും എന്തു് അന്യായവിലയ്ക്കായാലും കുറെ വാങ്ങി നിലത്തിൽ വിതറി കൃതകൃത്യരാകുകയെന്നതാണ് നാട്ടുസമ്പ്രദായം. അതിന്റെ ഫലമായി കാലാന്തരത്തിൽ വിളവു കുറഞ്ഞുവരുന്നതിനു പുറമെ കൃഷികൾ രോഗബാധിതമായും തീർന്നുപോകുന്നു. ആ മണ്ണും നിലവും കൃഷിക്കു കൊള്ളരുതാത്തതായും വന്നുചേരുന്നു. കർഷകരോ! വളങ്ങളെയും അവയോടു ബന്ധപ്പെട്ട സകലരേയും കുററംപറഞ്ഞും സങ്കടപ്പെട്ടും കാലം തള്ളിക്കൊണ്ടു തുടരുകയുംചെയ്യുന്നു. പല സ്ഥലങ്ങളിലും കണ്ടുവരുന്ന അനുഭവം ഈ വർണ്ണനയിൽനിന്നും വളരെ വ്യത്യസ്തപ്പെട്ടതല്ല. ഈ ദുരവസ്ഥയ്ക്കു ഉത്തരവാദി ആരാണ്?

വിവിധജാതി മണ്ണുകൾക്കു പലപ്രകാരത്തിലുള്ള ദൂഷ്യങ്ങൾ സ്വതവേതന്നെ ഉണ്ടായിരിക്കും. സസ്യവളർച്ചമൂലം മണ്ണിൽ പുതുതായി പല ദൂഷ്യങ്ങളും വന്നുചേരുന്നുണ്ട്. ഈവക ദൂഷ്യങ്ങൾ പരിഹരിച്ചാൽമാത്രമേ വിളവുകൾക്കു തൃപ്തികരമായി വളരുവാൻ സാധിക്കയുള്ളൂ. ആ ദൂഷ്യങ്ങൾ പരിഹരിക്കാത്തിടത്തോളംകാലം മണ്ണിൽ, എന്നുമാത്രമല്ല നാം മണ്ണിൽ ചേർക്കുന്ന സാധനങ്ങളിലും അടങ്ങിയിട്ടുള്ള സസ്യപോഷകസാധനങ്ങൾ ചെടികളുടെ വേരുകൾക്കു ഗ്രഹിക്കുവാൻ സാധിക്കുന്നതല്ല. അതിനാൽ ആവിധമുള്ള ദൂഷ്യങ്ങൾ പരിഹരിച്ചു് തൃപ്തികരമായ സസ്യവളർച്ച സാദ്ധ്യമാക്കുവാൻ മണ്ണിനെ സഹായിക്കുന്ന സാധനങ്ങളാണ് വളം എന്നു പറയാവുന്നതു്? ഗ്രാമീണകർഷകർപോലും ഇപ്പോൾ നൈട്രജൻ, ഫാസ്ഫോറസ്, പൊട്ടാഷ് എന്നെല്ലാമുള്ള സസ്യപോഷകാംശങ്ങളെപ്പററി പറഞ്ഞുകേൾക്കാറുണ്ട്. ഈ അംശങ്ങൾ സസ്യവളർച്ചയ്ക്കു അത്യാവശ്യമായ ഉപാധികളാണെന്നും പ്രായേണ അവരിൽ ഭൂരിപക്ഷത്തിനും അറിയാം. അതിനാൽ ഈ അംശങ്ങൾ അവയുടെ ശുദ്ധരൂപത്തിൽ ധാരാളം അടങ്ങിയിട്ടുള്ള അമ്മോണിയം സൽഫേററ്, സൂപ്പർ ഫാസ്ഫേററ് ആദിയായ ധാതുപദാർത്ഥങ്ങളെ നല്ലജാതി വളങ്ങൾ എന്നാണ് എല്ലാവരും കണക്കാക്കിയിരിക്കുന്നതു്. ഈ ധാരണ അത്ര ശരിയല്ലെന്നുമാത്രമല്ല ഏറെക്കുറെ ആപല്ക്കരവും കൂടിയാണെന്നുതന്നെ പറയേണ്ടിയിരിക്കുന്നു. ഒരു ഉദാഹരണസഹിതം ഈ അഭിപ്രായം വ്യക്തമാക്കാം.

മനുഷ്യശരീരത്തിനുവേണ്ട പോഷകാംശങ്ങളെല്ലാം ലഭിക്കുന്നതിന് ഒന്നുരണ്ടു മുട്ടയും കുറെ നെയ്യും പഞ്ചസാരയുംമാത്രം ചേർന്നാൽ മതിയാകും. അപ്രകാരമുള്ള ഒരു ഭക്ഷണക്രമംകൊണ്ടു് നമുക്കു എത്രനാൾ ജീവിക്കുവാൻ സാധിക്കും! പോഷകാംശം താരതമ്യേന കുറവായ ചോറ് ആദിയായവ ഒരു നല്ല അളവിൽ ഉൾപ്പെടാത്ത ആഹാരത്തിനു് ശരീരാവശ്യങ്ങൾ നിർവഹിക്കുവാനുള്ള പ്രാപ്തിയില്ല. അതുപോലെതന്നെ വിളവുകളുടെ കാര്യത്തിലും, മുൻസൂചിപ്പിച്ച നൈട്രജൻ മുതലായ പദാർത്ഥങ്ങൾക്കുപുറമേ സസ്യവളർച്ചയ്ക്കു അത്യാവശ്യം മണ്ണിലുണ്ടായിരിക്കേണ്ട ഒരു പദാർത്ഥമാണ് ജൈവാംശം എന്നതു്.

ചാണകം, ചവറ് മുതലായ സാധനങ്ങൾ ചീഞ്ഞുകിടക്കുന്ന കൂട്ടത്തിൽനിന്നും വാർന്നുപോകുന്ന ജലത്തിനു കടുംകാപ്പിയുടെ നിറമുണ്ടായിരിക്കുന്നതാണല്ലോ. ചാണകാദികളിലുള്ള പാകംവന്ന ജൈവപദാർത്ഥം അതിസൂക്ഷ്മരൂപം പ്രാപിച്ച് ജലത്തിൽക്കൂടി ഒലിച്ചുപോകുന്നതാണ് ആ നിറഭേദത്തിനു കാരണം. ആ അംശത്തിനാണ് ജൈവാംശം, ഇന്ദ്രിയാംശം, സാംഗികാംശം, ക്ലേദം, ഹ്യൂമസ് എന്നെല്ലാമുള്ള പേരുകൾ പറഞ്ഞുപോരുന്നതു്. സസ്യവളർച്ചയ്ക്കു സർവോപരി അത്യാവശ്യമായ ഈ പദാർത്ഥത്തെപ്പററി ചില പ്രധാനസംഗതികൾ കർഷകർമാത്രമല്ല ഏതൊരു പൗരനും അവശ്യം അറിഞ്ഞിരിക്കേണ്ടതാകയാൽ അതേപ്പററി രണ്ടു വാക്കു്:

ഈ ജൈവാംശത്തിനു് മണ്ണിന്റെ അനേകവിധത്തിലുള്ള ദൂഷ്യങ്ങൾ പരിഹരിക്കാനുള്ള ശക്തിയുണ്ട്. അതിൽ എല്ലാ പ്രധാനസസ്യപോഷകസാധനങ്ങളും ഒരു ക്രമമായ അളവിൽ ഉണ്ടായിരിക്കുന്നതാണ്. കൂടാതെ മണ്ണിലുള്ള കോടാനുകോടി അണുജീവികൾക്കു പ്രവർത്തനസൗകര്യങ്ങൾ നൽകുവാനും ഈ ജൈവാംശത്തിനുമാത്രമേ കഴിവുള്ളൂ. ഈ അണുജീവികളുടെ പ്രവർത്തനത്തിന്റെ ഫലംമാത്രമാണ് മണ്ണിൽ പല രാസഭേദങ്ങൾ ഉണ്ടാകുന്നതും, അതുമൂലം സസ്യപോഷകസാധനങ്ങൾ വേരുകൾക്കു സ്വീകാര്യമായിത്തീരുന്നതും, അങ്ങിനെ സസ്യങ്ങൾ വളരുന്നതും.

വളപ്രയോഗത്തെ ഈ പശ്ചാത്തലത്തിൽ വീക്ഷിക്കുമ്പോൾ ഏതു സാധനങ്ങളാണ് യഥാർത്ഥവളങ്ങൾ എന്നൊരു ചോദ്യത്തിലേയ്ക്കാണ് നാം ചെന്നുചേരുന്നതു്. നൈട്രജൻ തുടങ്ങിയുള്ള രാസപദാർത്ഥങ്ങൾ അടങ്ങിയ ധാതുവളങ്ങൾ സസ്യവളർച്ചയ്ക്കു സഹായകരമായി അനുഭവപ്പെടുന്നുണ്ടെങ്കിലും മണ്ണിന്റെയും വിളവുകളുടേയും ആവശ്യങ്ങൾ നിർവഹിക്കുന്നതിനു കൂടുതലായ അളവിൽ ഉണ്ടായിരിക്കേണ്ടതു് ജൈവാംശസഹിതമായ പദാർത്ഥങ്ങളാണെന്നു തെളിയുന്നു; അതിനാൽ അവമാത്രമാണ് യഥാർത്ഥവളങ്ങൾ, വേറെയൊരു പ്രകാരത്തിൽ പറയുന്നപക്ഷം സസ്യജന്യമായ ചവറ്, ഇല, പിണ്ണാക്ക്, പാഴ്സാധനങ്ങൾ എന്നിവയും ജന്തുജന്യമായ മലമൂത്രാദികൾ, മൃതശരീരം എന്നിവയും, അഥവാ അവ ദ്രവിച്ചുചേർന്നുണ്ടാകുന്ന കമ്പോസ്റ്റ്, കണ്ടുവളം എന്നിവയുമാണ് ഉത്തമമായ വളങ്ങൾ.

ഈ ജൈവവളങ്ങൾ മണ്ണിനെ ഒന്നിനൊന്നു കൂടുതൽ വളപുഷ്ടിയുള്ളതാക്കിത്തീർക്കുമ്പോൾ ധാതുവളങ്ങളാകട്ടെ ചില താല്ക്കാലികഗുണങ്ങൾ ചെയ്യുന്നതോടുകൂടി ഏറെക്കുറെ ദോഷങ്ങളും വരുത്തിവയ്ക്കാതിരിക്കുന്നില്ല. ജൈവവളങ്ങൾ മാതാവു് സ്വന്തപൈതലിനെയെന്നവണ്ണം ഒരു ക്രമത്തിന് ദീർഘകാലംനിന്ന് മണ്ണിനെയും വിളവിനെയും കാത്തുരക്ഷിക്കുന്നതാണ്.

അമ്മോണിയം സൽഫേററിലും സൂപ്പർഫാസ്ഫേററിലും ഓരോ പോഷകാംശം ഉണ്ടായിരിക്കുന്നതിനുപുറമെ സൽഫ്യൂറിക് ആസിഡ് (Sulphuric acid) ഗന്ധകാമ്ലം എന്ന ശക്തിയേറിയ ഒരു പദാർത്ഥവും സമം അടങ്ങിയിട്ടുണ്ട്. ഈ അമ്ലാംശം മണ്ണിൽ പുളിരസം സൃഷ്ടിച്ച് ചിലപ്പോൾ കൃഷിപ്പിഴയ്ക്കു ഇടനൽകുന്നതാണ്.

അതിനാൽ ധാരാളം ജൈവവളങ്ങൾ ഉപയോഗിക്കുന്നതിനുപുറമേവേണം ഈ ധാതുവളങ്ങൾ ഉപയോഗിക്കുവാൻ. ആ നിലയിൽ ധാതുവളങ്ങൾ വിലയേറിയ ഉപകരണങ്ങളാണെന്നതിൽ യാതൊരു തർക്കവുമില്ല. ഈ കഥ കർഷകർ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. വയറുനിറയെ ഭക്ഷണം കഴിക്കുന്ന ആളിനു് ടാണിക്കു മരുന്നുകൾ കൂടുതൽ ശരീരസുഖം കൈവരുത്തുവാൻ സഹായിക്കുമെങ്കിലും പട്ടിണിക്കു് ടാണിക്കുകൾ ഒരു പരിഹാരമാകയില്ലല്ലോ. സസ്യങ്ങളുടെ കാര്യത്തിലും ഇതുതന്നെയാണ് നിയമം. ജൈവവളങ്ങളോടു സഹിതമായി നിർവഹിക്കുന്ന കാര്യങ്ങൾ അവ കൂടാതെയുള്ള ധാതുവളങ്ങൾക്കു സാദ്ധ്യമല്ല.

ഒരു വിളവിറക്കുന്നതിനുമുമ്പു് മണ്ണിൽ വളംചേർക്കുന്ന പ്രയോഗത്തിനു അടിസ്ഥാനവളംചേർപ്പ് എന്നും, വളർന്നുവരുന്ന വിളവിന്റെ പുഷ്ടിക്കായി മേലാൽ വളംചേർക്കുന്ന സമ്പ്രദായത്തിനു് മേല്വളംചേർപ്പ് എന്നുമാണ് സാധാരണ വ്യവഹരിച്ചുപോരുന്നതു്. അടിസ്ഥാനവളപ്രയോഗത്തിനു് ഏററവും യോജിച്ചതു ജൈവവളങ്ങളും (അതായതു് കാലിവളം, കമ്പോസ്റ്റ്, പച്ചിലവളം, പിണ്ണാക്കുകൾ) എല്ലുപൊടി ആദിയായ സാധനങ്ങളുമാണ്. മേല്വളംചേർപ്പിനുമാത്രം കൊള്ളാവുന്ന പദാർത്ഥങ്ങളാകുന്നു അമ്മോണിയാവളങ്ങൾ.

ഏക്കറൊന്നിന് ൫ വണ്ടിയോളം കാലിവളമോ കമ്പോസ്റ്റോ ചേർത്തു് നിലമൊരുക്കിയശേഷം വിത്തുവിതയ്ക്കുകയെന്നതാണ് കാര്യക്ഷമമായ ഒരു സമ്പ്രദായം. മേലാൽ അതാതു് വിളവിന്റെ വളർച്ചയുടെ കാലദൈർഘ്യവും സ്വഭാവവും അനുസരിച്ചു് കൃത്രിമധാതുവളങ്ങൾ ഒരു പരിമിതമായ തോതിൽ ചേർക്കണം. ഈ ആവശ്യത്തിനു് ധാതുവളങ്ങൾ (രാസവളങ്ങൾ) അതായതു് അമോണിയാവളങ്ങൾ ഏക്കറൊന്നിനു് ഒരു ശതത്തുക്കത്തോളം കൂടിയോ ഒന്നിലധികമോ പ്രാവശ്യമായി മേല്വളംചേർപ്പു നടത്തി അങ്ങിനെ അടിസ്ഥാനവളത്തിലുണ്ടായിരിക്കാവുന്ന പോഷകാംശങ്ങളുടെ കുറവ് പരിഹരിക്കുന്നതാണ് ഉത്തമരീതിയിലുള്ള വളപ്രയോഗം.

നമ്മുടെ അതിപ്രധാന ഭക്ഷ്യവിളവുകളായ നെല്ലിന്റെയും മരച്ചീനിയുടേയും അഭിവൃദ്ധിക്കുതകുന്ന ഒരു പ്രായോഗികവളംചേർപ്പപദ്ധതികൂടി ഇവിടെ സംക്ഷേപിച്ചുപറയാം.

### കുമ്മായം

മണ്ണിൽ പലപ്രകാരേണ ഉണ്ടാകുന്ന ദൂഷ്യങ്ങൾ പരിഹരിക്കുന്നതിന് ഒരു ചെറുതോതിലെങ്കിലും മണ്ണിൽ കുമ്മായം ചേർക്കേണ്ടതാണ്. നമ്മുടെ കേരളക്കരയിൽ അതു് വിശേഷിച്ചും അത്യാവശ്യവുമത്രേ. അതിനാൽ ഒരുപറ വിതപ്പാട്ടുസ്ഥലത്തേയ്ക്കു് ഒരുപറ (ഒരുപാട്ട) എന്ന കണക്കിനെങ്കിലും കുമ്മായം വിതറിക്കൊണ്ടുവേണം മണ്ണിൽ പണി തുടങ്ങുവാൻ. വെള്ളംനിൽക്കുന്ന പാടങ്ങളിൽ പച്ചക്കക്കാപ്പൊടിയാണ് ഈ ആവശ്യത്തിനു് യോജിച്ചതു്. അതു് ഇരട്ടി അളവിൽ ചേർക്കുകയും വേണം. പുതിയ കുമ്മായംതന്നെ വേണമെന്നില്ല. വളരെ പഴക്കമായ കുമ്മായവും മതിയാകും. കുമ്മായക്കരട്ടും നന്നുതന്നെ. കാത്സ്യം കാർബണേററ് എന്ന പദാർത്ഥവും കുമ്മായത്തിന്റെ ഫലം ചെയ്യുന്നതാണ്.

കുമ്മായം ചേർത്തു് ഉഴവുനടത്തിയശേഷം, പൊടിയിലാണ് വിത്തിടേണ്ടതെങ്കിൽ, ഏക്കറൊന്നിന് സാദ്ധ്യമാകുന്നപോലെ ഒരുശതത്തുക്കത്തോളം (൧൧൨-റാത്തൽ) എല്ലുപൊടിയോ അഥവാ സൂപ്പർ ഫാസ്ഫേററോ ചേർത്തു് മണ്ണിൽക്കലർത്തി, പിന്നീടു് അഞ്ചുവണ്ടിയോളം കാലിവളമോ, കമ്പോസ്റ്റോ, അവയുടെ അഭാവത്തിൽ ഒന്നുരണ്ടുശത്തുക്കം പിണ്ണാക്കെങ്കിലുമോ ചേർത്തു് മണ്ണൊരുക്കിവേണം വിത്തുവിതയ്ക്കേണ്ടതു്.

നീററിൽ കൃഷിക്കായിരുന്നാൽ, കുമ്മായവും, എല്ലുപൊടിയും ചേർത്തശേഷം അഞ്ചുവണ്ടി പച്ചിലവളമോ അതിന്റെ അഭാവത്തിൽ കാലിവളം, കമ്പോസ്റ്റ് ഇവയോ ചവറുകളോ ചെളിയിൽ താഴ്ത്തി മരമടിച്ചു് മൂടിയതിൽ പിന്നീടു് വിതയ്ക്കുകയോ നടുകയോ ആകാം.

ഞാറ് കാററാടിപ്രായം കഴിഞ്ഞു് കണ പൊട്ടി ചെനപ്പുവളർന്നുതുടങ്ങുന്ന ഘട്ടത്തിൽ ഞാറുകൾക്കു ഒരു ഓജസ്സും പ്രസരിപ്പും നൽകുവാൻ അരശതത്തുക്കം സക്കർവളക്കൂട്ടമോ മറേറതെങ്കിലും അമ്മോണിയംവളങ്ങളോ ചേർത്തുകൊടുക്കുന്നതു് വളരെ പ്രയോജനകരമായിരിക്കും.

നെല്ലിനു കതിരുവാശിയും മണിമുഴുപ്പും പൊലിവും കൂടുതൽ സിദ്ധിക്കുവാൻ കതിരുവരുന്ന അവസരത്തിൽ ഒരു ചെറിയ രണ്ടാംമേല്വളംകൂടി ചേർക്കുന്നതു് വളരെ സഹായകരമാണ്. ഓണാട്ടുകര തുടങ്ങിയുള്ള ചൊരിമണൽപ്രദേശങ്ങളിൽ ഈവിധം രണ്ടു മേല്വളം ചേർപ്പിനു ചാരം വിശേഷമാണ്. പശ അധികമുള്ള മണ്ണുകളിൽ കൃഷിഡിപ്പാർട്ടുമെന്റ് തയാറാക്കിയിട്ടുള്ള സ്പെഷ്യൽ നെൽവളക്കൂട്ടു് വളരെ ഫലപ്രദമാണ്.

മരച്ചീനിയെ സംബന്ധിച്ചും ഇവിടെ രണ്ടു വാക്കു പറയുവാൻ നിർബന്ധിതനാകുന്നുണ്ട്. മരച്ചീനിക്കു ചാണകവളം അത്ര നന്നല്ല. കിഴങ്ങിനു ഗുണം കുറയുന്നു. എന്നാൽ കമ്പോസ്ററുവളം വളരെ നല്ലതാണുതാനും. നാലോ അഞ്ചോ വണ്ടി കമ്പോസ്ററുവളം ഒരേക്കറിനു ചേർത്തു മണ്ണൊരുക്കി കമ്പു നടണം. രണ്ടുപ്രാവശ്യം കളയെടുപ്പും മണ്ണിളക്കും നടത്തേണ്ടതാണ്. അപ്പോഴെല്ലാം പ്രധാനമായി ചാരമോ അഥവാ ചാരവും കമ്പോസ്ററും ചേർന്നതോ തൂകിക്കൊടുക്കേണ്ടതുമാണ്. ഈ കളയെടുപ്പും വളംതൂകലും മരച്ചീനിയ്ക്കു വളരെ പ്രധാനമാണ്.

ചുരുക്കിപ്പറയുന്നപക്ഷം വിജയകരമായ വളപ്രയോഗത്തിന്റെ രഹസ്യം ഇതാണ്:— ധാരാളം ജൈവവളങ്ങളും, കുമ്മായത്തിനു മേൽപൊടിയെന്നവണ്ണം പരിമിതമായതോതിൽ ധാതുവളങ്ങളും. കർഷകർ ഈ തത്വം മനസ്സിലാക്കി പ്രവർത്തിക്കേണ്ടതാണ്.

കഴിഞ്ഞ ആഴ്ചയിൽ പ്രതിപാദിച്ചിരുന്നപ്രകാരം തെരഞ്ഞെടുത്ത വിത്തുകളും മരച്ചീനിക്കമ്പും എന്നീവക സാധാരണപ്രയോഗത്തിൽ വരുത്തുകയും ഇവിടെ വിവരിച്ചപ്രകാരമുള്ള വളപ്രയോഗപദ്ധതികൾ നാം കൈക്കൊള്ളുകയും ചെയ്യുന്നപക്ഷം നമ്മുടെ ഭക്ഷ്യവിളവുകൾ അല്പകാലത്തിനുള്ളിൽ ഒന്നുപകുതിയെങ്കിലും കൂടുതലായി ഉൽപാദിപ്പിക്കുവാൻ നിശ്ചയമായും സാധിക്കുന്നതാണ്.

ഒരപേക്ഷകൂടി— ഇവിടെ പ്രതിപാദിച്ച കാര്യങ്ങളിൽ വിഷമകരമോ പ്രവർത്തനക്ഷമമല്ലാത്തതോ ആയ നിർദ്ദേശങ്ങൾ യാതൊന്നുംതന്നെയില്ല. ഈ ഉപദേശങ്ങളെ കർഷകലോകം സശ്രദ്ധം ഉത്തമവിശ്വാസത്തോടെ, ആത്മാർത്ഥതയോടുകൂടി ഒന്നു പരീക്ഷിച്ചുനോക്കണം. അതിന്റെ ഫലത്തെമാത്രം ആശ്രയിച്ചല്ലാതെ ഈവക ഉപദേശങ്ങളെ പ്രതികൂലവിമർശനം ചെയ്യുന്നവർ രാജ്യത്തോടു ഒരപരാധമായിരിക്കും ചെയ്യുന്നതു്. ഈവിധം കഴിവതെല്ലാംചെയ്തു് ഭക്ഷ്യോത്പാദനം വർദ്ധിപ്പിക്കേണ്ടതു് നമ്മിൽ ഓരോ വ്യക്തിയുടേയും ഒഴിച്ചുകൂടുവാൻ പാടില്ലാത്ത കടമയായിത്തീർന്നിട്ടുണ്ടെന്നും നാം ധരിക്കണം.

—o—




ചൈനയിലെ പുതിയ ഭരണം — സോവിയററ്സംസ്കാരം, അമേരിക്കൻ കണ്ണുകളിൽക്കൂടി. ചൈനയാണ് സോവിയററ്സംസ്കാരം എന്ന ഭൂമിയിളക്കിമറിക്കുന്ന യന്ത്രത്തിനു അഭിമുഖമായി സംഭ്രമിച്ചുനിൽക്കുന്നതു്. സ്റ്റാലിൻതന്നെയാണ് വാഹനത്തിന്റെ ഡ്രൈവർ. പുരാതന ചൈനീസ്സംസ്കാരത്തിന്റെ ലക്ഷ്യങ്ങൾ സോവ്യററ്സംസ്കാരമെന്ന നശീകരണയന്ത്രം തകർത്തു തരിപ്പണമാക്കുന്നതായാണ് ഡെട്രോയിററ്ന്യൂസ് എന്ന അമേരിക്കൻപത്രം ചിത്രീകരിക്കുന്നതു്.








മുകളിലത്തെ വരി:- ഇടത്തുനിന്നു വലത്തോട്ട്: ഇന്ത്യാപ്രധാനമന്ത്രി പണ്ഡിതജവഹർലാൽനെഹ്റു മൂന്നുദിവസത്തെ മലയാസന്ദർശനത്തിനായി ജൂൺ ൧൬-ാംനു സിംഗപ്പൂരിലെ കല്ലാങ്ങ് വിമാനസങ്കേതത്തിൽ വന്നിറങ്ങിയപ്പോൾ അവിടത്തെ ഇന്ത്യാക്കാരും പാകിസ്ഥാനികളും മററു ജനങ്ങളുംചേർന്ന് അദ്ദേഹത്തെ സ്വീകരിച്ചു. പണ്ഡിതജി ഒരു തുറന്ന കാറിൽ നില്ക്കുന്നു. പണ്ഡിതനെഹ്റു പശ്ചിമജാവായിലെ ബാൻഡങ്ങ് സന്ദർശിച്ചപ്പോൾ ബഹുസഹസ്രം ആളുകൾ അദ്ദേഹത്തെ കാണാൻ തിങ്ങിക്കൂടി. പശ്ചാത്തലത്തിൽ കാണുന്ന മരങ്ങളിൽ ആളുകൾ കയറിനില്ക്കുന്നതു ചിത്രത്തിൽ കാണാം. പശ്ചിമജാവാപര്യടനത്തിൽ ശ്രീമതി ഇന്ദിരാഗാന്ധി മിസ്സിസ് സൊക്കാർണോയുമായും മററു ഇൻഡൊനീഷ്യൻവനിതമാരുമായും നില്ക്കുന്നതു്.

രണ്ടാമത്തെ വരി:- കേന്ദ്രമന്ത്രിസഭയിലെ പുതിയമന്ത്രിമാരായ ശ്രീപ്രകാശ, കെ. എം. മുൻഷി, ഹരികൃഷ്ണമേത്താബ് അജിത്പ്രസാദ്ജയിൻ എന്നിവർക്ക് ഡെൽഹി പൗരന്മാർ ഒരു സ്വീകരണം നൽകിയ അവസരത്തിലെടുത്ത ചിത്രം. ചിത്രത്തിൽ കെ. എം. മുൻഷിയേയും പത്നിയേയും മേത്താബിനേയും അജിത്പ്രസാദ് ജയിനിനേയും കാണാം. ഇന്ത്യാഗവണ്മെൻറിലെ ആരോഗ്യമന്ത്രിയായ രാജകുമാരി അമൃതകോർ ന്യൂഡെൽഹിയിലെ ഗവണ്മെൻറ്മന്ദിരത്തിൽവച്ചു സത്യപ്രതിജ്ഞ നടത്തുന്നു. പ്രസിഡൻറ് ഡാ: രാജേന്ദ്രപ്രസാദ് സത്യവാചകം ചൊല്ലിക്കൊടുക്കുന്നു. ജന: കരിയപ്പാ ഗോൾഡൻ റാക്കിൽ എത്തിയ അവസരത്തിൽ അദ്ദേഹത്തിനു ലഭിച്ച സ്വീകരണം. ഈ ഏപ്രിൽ ൩൦-ാംനു ഗോൾഡൻ റാക്കിൽവച്ചു് സൗത്ത്ഇന്ത്യൻ റിട്ടയേർഡ് എക്സ് സർവീസ് എംപ്ലായീസ് അസ്സോസിയേഷൻ കമാൻഡർ ഇൻചീഫ് ജനറൽ കെ. എം. കരിയപ്പായ്ക്കു് ഗംഭീരമായ ഒരു സ്വീകരണം നൽകി. അസ്സോസിയേഷൻെറ പ്രസിഡൻറ് മി. പി. തോമസ് (പത്തനംതിട്ട) സ്വാഗതപത്രം സമർപ്പിക്കുന്നതാണ് ചിത്രത്തിൽ കാണുന്നതു്. മദ്രാസ് സബ്ഏരിയാ കമാൻഡറായ ബ്രിഗേഡിയർ ഗുർബചൻസിംഗാണ് കമാൻഡർ ഇൻചീഫിനു് അടുത്തിരിക്കുന്നതു്.




ഇടത്തു്:-

ബ്രിട്ടീഷ്‌രാജാവും രാജ്ഞിയും ഓർഡർ അഫ് ദി ഗർട്ടർസർവീസിൽ സംബന്ധിച്ചശേഷം വിൻഡ്സർകൊട്ടാരത്തിലെ സെൻറ്ജോർജ്ജ്സ്ചാപ്പൽ വിടുന്നതു്. രാജാവും രാജ്ഞിയും ആകർഷകമായ ഗാർട്ടർറോബ് ധരിച്ചിരിക്കുന്നതു കാണാം.

പറക്കുന്ന കാർ — "എയറോകാർ" — റോഡിലും ആകാശത്തിലും സഞ്ചരിക്കുന്ന വാഹനം. അമേരിക്കയിൽ ടെക്സാസിൽ പ്രദർശിപ്പിക്കപ്പെട്ട "എയറോകാർ" കാർ ആയും വിമാനമായും ഉപയോഗിക്കാവുന്ന ഒരത്ഭുതകരമായ കണ്ടുപിടിത്തമാണ്. ചിറകുകൾ മടക്കിവച്ചു മണിക്കൂറിൽ ൫൦ മൈൽ വേഗത്തിൽ ഓടുന്ന കാർ, ൩൦ അടിയുള്ള ചിറകുകൾ ഫിറ്റുചെയ്തു ആകാശത്തിൽ ഉയർന്നു ൧൧൦ മൈൽ വേഗത്തിൽ പറക്കുന്നതാണ്. പറക്കുമ്പോൾ ൩൦൦ മൈൽ റേഞ്ച് ആണ് ഇതിനുള്ളതു. അടിയിൽകാണുന്നതു മോട്ടോർകാറും, മുകളിൽ അതു വിമാനമായും രൂപാന്തരംപ്രാപിച്ചു പറക്കുന്നതും.

വലത്തു്:-

പാകിസ്ഥാൻപ്രധാനമന്ത്രി അമേരിക്കയിൽ — അമേരിക്ക സന്ദർശനാർത്ഥം ആഗതനായ പാകിസ്ഥാൻ പ്രധാനമന്ത്രി മി: ലിയാക്കത്ത്ആലിഖാനെ വാഷിംഗ്ടൺ നാഷണൽ എയർപോർട്ടിൽവച്ചു പ്രസിഡൻറ് ട്രൂമാൻ സ്വീകരിക്കുകയുണ്ടായി. പ്രധാനമന്ത്രിയും പത്നിയും അമേരിക്കയിലെ പ്രധാനപ്പെട്ട സ്ഥാപനങ്ങൾ സന്ദർശിക്കുകയും പ്രമുഖനേതാക്കന്മാരുമായി സമ്പർക്കത്തിലേർപ്പെടുന്നതുമാണ്.

എലിസബെത്തുരാജകുമാരിയുടെ പ്രത്യാഗമനം — സ്വഭർത്താവായ എഡിൻബറോ ഡ്യൂക്കുമായി മാൾട്ടായിൽ വിശ്രമിച്ചശേഷം എലിസബെത്തുരാജകുമാരി ലണ്ടനിൽ തിരിച്ചെത്തിയപ്പോൾ വിമാനത്താവളത്തിൽവച്ചു മാർഗററ്റ്റോസ് രാജകുമാരി സ്വസഹോദരിയെ സ്വീകരിച്ചുകൊണ്ടുപോകുന്നു.




# ജ്ഞാനത്തിന്റെ വളൎച്ച

പി. ദാമോദരൻപിള്ള

ശാസ്ത്രത്തിനും ജ്ഞാനത്തിനുമെല്ലാം വളർച്ചയെന്നൊരവസ്ഥയല്ലാതെ ലക്ഷ്യപ്രാപ്തിയെന്നൊരു സാഫല്യമില്ലെന്നു ഒരു ധാരണ ഉണ്ടെന്നാണു ചിലപ്പോൾ തോന്നുക. പാശ്ചാത്യശാസ്ത്രം എപ്പോഴും വളർന്നു കാണപ്പെടുന്നതു്. അതു ഏതെങ്കിലും ലക്ഷ്യത്തിലെത്തുമെന്നു ആദ്യകാലങ്ങളിൽ വിചാരിക്കപ്പെട്ടിരുന്നെങ്കിലും, ആ വിചാരം തെറ്റാണെന്നു ശാസ്ത്രജ്ഞന്മാർക്കുതന്നെയും ബോധ്യപ്പെട്ടിരിക്കുന്നതായി കാണുന്നുണ്ടു്.

“വിദ്” ധാതുവിൽനിന്നുണ്ടായ വേദത്തിനും Scio ധാതുവിൽനിന്നുണ്ടായ സയൻസിനും അർത്ഥം ഒന്നുതന്നെ. രണ്ടിന്റെയും പ്രയോജനം ജ്ഞാനസമ്പാദനമാണു്. പക്ഷേ സയൻസ് ഇന്നു കൊള്ളുന്ന സിദ്ധാന്തത്തെ അഥവാ സത്യത്തെ നാളെ തള്ളുകയാണു ചെയ്യുന്നതു്. നാളെ കൊള്ളുന്ന സിദ്ധാന്തം തള്ളപ്പെടാൻ മറ്റന്നാൾവരെ കാത്തിരിക്കണമെന്നേയുള്ളു. തന്നിമിത്തം സയൻസിന്റെ എല്ലാ ശാഖകളും പൊളിഞ്ഞ സിദ്ധാന്തങ്ങളുടെ ചുടുപറമ്പുകൾപോലായിത്തീർന്നിട്ടുണ്ടു്. ഒരിക്കൽ തള്ളപ്പെടുന്ന സിദ്ധാന്തം പിന്നീടു സ്വീകരിക്കപ്പെടുന്നില്ലെന്നുള്ളതുകൊണ്ടു സയൻസിനു അന്ധവിശ്വാസമില്ലെന്നാണു് ഒരു ധാരണയുള്ളതു്. ഇതു അത്ര ശരിയല്ല, എന്തെന്നാൽ, ചിലപ്പോൾ തള്ളപ്പെടുന്ന സിദ്ധാന്തങ്ങൾ സയൻസ് വീണ്ടും സ്വീകരിക്കുന്നതിനു ഉദാഹരണങ്ങൾ ഇല്ലായ്കയില്ല. രണ്ടാമതു്, അടിസ്ഥാനരഹിതമെന്നു കരുതി ഒരു സിദ്ധാന്തം ഉപേക്ഷിച്ചാൽതന്നെയും ഉപേക്ഷിക്കുന്നതുവരെ അതു അന്ധവിശ്വാസമല്ലാതെ മറ്റൊന്നുമായിരിക്കുന്നതേയില്ല. ഇതിനാൽ പൊതുവേ സയൻസ് അന്ധവിശ്വാസനിബിഡമാണെന്നു ടാൾസ്റ്റോയി അദ്ദേഹത്തിന്റെ Revolutions-ൽ രേഖപ്പെടുത്താനിടയായി. അത്രതന്നെയുമല്ല, മതഗ്രന്ഥങ്ങളിലും മറ്റും കാണാവുന്നതുപോലെ സയൻസിലും ചില പ്രയോജനപ്രദങ്ങളായ കെട്ടുകഥകൾ ഉണ്ടു്. “Science makes use of useful myths” എന്നു അല്പകാലം മുമ്പു സള്ളിവൻ എന്ന ശാസ്ത്രജ്ഞൻ തുറന്നു സമ്മതിക്കയും ചെയ്തു. ഐൻസ്റ്റീന്റെ ആപേക്ഷികതാവാദം മനസ്സിലാക്കാൻ സാധിച്ച ചുരുക്കം ചില ശാസ്ത്രജ്ഞന്മാരിൽ ഒരാളാണത്രേ സള്ളിവൻ.

സയൻസുകൊണ്ടു സത്യം വെളിപ്പെടുത്തുകയാണു് സാദ്ധ്യമെന്നു ഒരുകാലത്തു വിചാരിക്കപ്പെട്ടിരുന്നു. പക്ഷേ ഇതു അസംബന്ധമാണെന്നു് ശാസ്ത്രജ്ഞന്മാർക്കു മനസ്സിലായിട്ടു് അല്പനാളായിരിക്കുന്നു. ഒരിടത്തും തത്സത്യം കാണാൻ അവർക്കു കഴിയുന്നില്ല. കണ്ടതെല്ലാം പൊളിഞ്ഞുപോകയാൽ ഇനി കാണാനുള്ളതും പൊളിയാതിരിക്കയില്ലെന്നു അവർക്കു വെളിപ്പെട്ടിട്ടുണ്ടു്. അതിനാൽ മാച്ച് (Mach) പോയൻകാറേ (Poincare) തുടങ്ങിയ പ്രമുഖശാസ്ത്രജ്ഞന്മാർ, സത്യം വെളിപ്പെടുത്തുക സയൻസിന്റെ ധർമ്മമല്ല എന്നു വാദംപോലും ചെയ്തു. പക്ഷേ, പിന്നെന്താണു സയൻസിന്റെ ധർമ്മം? വെറും വ്യാഖ്യാനം നൽകുകമാത്രം. പ്രപഞ്ചത്തെ തനിക്കു തോന്നിയതുപോലെ ശാസ്ത്രജ്ഞൻ വ്യാഖ്യാനിക്കും, വിവരിക്കും, വിശദീകരിക്കും എന്നൊക്കെയാണു് ഇതിനർത്ഥം. ആപ്പിൾപഴം ഭൂമിയുടെ ആകർഷണത്താൽ വീഴുന്നു എന്നു ന്യൂട്ടൻ ഒരു വ്യാഖ്യാനം നൽകി. മറ്റു ചിലർ പറയുന്നതു ഭൂമി ആപ്പിൾപഴത്തിന്റെ അടുക്കലേക്കു ചാടുകയാണു് ചെയ്യുന്നതെന്നു്. ഇതിൽ ന്യൂട്ടൻ പറഞ്ഞതു് തെറ്റായിരിക്കണമെന്നില്ല. ഐൻസ്റ്റീൻ തുടങ്ങിയവർ പറയുന്നതു് ശരിയായിരിക്കണമെന്നുമില്ല. അവരവർക്കു് രുചിച്ചതുപോലെ ഒരു സംഭവത്തെ ഓരോരുത്തരും വ്യാഖ്യാനിച്ചു എന്നുമാത്രം. മാമ്പഴം പറിക്കാൻ മേലോട്ടു ചാടുന്ന പള്ളിക്കൂടം കുട്ടികൾക്കു് രണ്ടാമത്തെ വ്യാഖ്യാനം കൂടുതൽ രുചിക്കും: മറ്റുള്ളവർക്കു് ആദ്യത്തെ വ്യാഖ്യാനവും. ഇതിലേതാണു ശരി? ഏതാണു തെറ്റ? ഏതാണു് അന്ധവിശ്വാസം? ഏതാണു സത്യം? ഒന്നും നിശ്ചയിക്കാൻ വയ്യ. ഒന്നുകിൽ രണ്ടും തെറ്റു്, അല്ലെങ്കിൽ രണ്ടും ശരി, എന്നേ പറയാനുള്ളു. ഇതാണു് സയൻസിന്റെ സിദ്ധാന്തങ്ങളുടെ രൂപവും, ഗതിയും.

മേൽപ്പറഞ്ഞ ഉദാഹരണത്തിൽ ഒരു സംഭവത്തിനു് വ്യാഖ്യാനങ്ങൾ രണ്ടേ കാണുന്നുള്ളെങ്കിലും, അതിലധികമാകാമെന്നതു ന്യായമല്ല, അവ ഉണ്ടുതാനും. ഏതായാലും സയൻസുകൊണ്ടു സത്യം കണ്ടുപിടിക്കാനും, കാര്യങ്ങൾ ശരിയ്ക്കു് വ്യാഖ്യാനിക്കാനും സാധിക്കയില്ലെങ്കിൽപിന്നെ അതിന്റെ ലക്ഷ്യം മറ്റൊന്നായിരിക്കണം. അതാണു് മനോവികാസം. ഇതിനെ “Expansion of one's conocious-ness” ബുദ്ധിവികാസം എന്നു ചില ശാസ്ത്രജ്ഞന്മാർ പറയുന്നുണ്ടു്. ഇതു് ശരിയാണു്. എന്തെന്നാൽ, ഏതെല്ലാം അബദ്ധങ്ങളിൽക്കൂടി വരികിലും, കുറേദൂരം പോയിക്കഴിയുമ്പോൾ മനസ്സിനു് അത്രത്തോളം വികാസം ഉണ്ടാകാതെകഴികയില്ല. ഒട്ടേറെ കാര്യങ്ങൾ മനസ്സിലാകയും, അതൊന്നും ശരിയായ സത്യമല്ലെന്നു അറിയുകയുംചെയ്തുകഴിയുമ്പോഴുണ്ടാകുന്ന മനോവികാസത്തിന്റെ ഫലമായി “എനിക്കു് ഒന്നും അറിഞ്ഞുകൂട,” എന്നൊരു തോന്നലാണുണ്ടാവുക. ഇപ്രകാരം ഉദാത്തമായി (sublime) സംഭവിക്കുന്ന വിചാരസംസ്കാരത്തിന്റെ ഫലമായിട്ടാണു് പണ്ടൊരു കവി, “ഇക്കണ്ടതൊന്നും കനകമല്ല. മന്നവ!’ എന്നു് ഒരു ശങ്കയുംകൂടാതെ പ്രഖ്യാപിച്ചതു്. ചുരുക്കത്തിൽ ആ പഴയ “നേതി നേതി” പ്രസ്ഥാനം ഇന്നത്തെ സയൻസിലും അടിയുറച്ചുകഴിഞ്ഞിരിക്കുന്നു. ഒന്നും അറിഞ്ഞുകൂടെന്നു്, പലതും അറിഞ്ഞുകഴിയുമ്പോഴുണ്ടാകുന്ന ബോധം വാസ്തവത്തിൽ അറിവിന്റെ ആദ്യത്തെപടിയാണു്. അങ്ങനെ, സയൻസ് നേർവഴികണ്ടെത്തുന്നു എന്നു് അതിന്റെ ഇന്നത്തെ “നേതിനേതി” പ്രസ്ഥാനം ധാരാളം വെളിപ്പെടുത്തുന്നതായി വിചാരിക്കേണ്ടിയിരിക്കുന്നു.

പക്ഷേ സയൻസ് ആ പേരിനുതന്നെയും അർഹമാകണമെങ്കിൽ, അതിന്റെ നിയമങ്ങളും, തത്വങ്ങളും ഒരു സ്ഥായിയായ മൂലതത്വത്തെ അടിസ്ഥാനമാക്കിയിരിക്കണം. വിജ്ഞാനശാഖകളുടെയെല്ലാം പരസ്പരബന്ധമറിയാതെ, എല്ലാറ്റിലുംകൂടി മണിഗണങ്ങളിൽ സൂത്രമെന്നപോലെ പായുന്ന ഐക്യം മനസ്സിലാക്കാതെ അഥവാ, ജ്ഞാനം എന്നതു് ഒരിക്കലും വിഭജിക്കാവുന്നതല്ലെന്നും knowledge is indivisible സകലതിന്റെയും പരമമായ ഒരു ഏകത്വത്തെ അറിയാതെ വിഷയങ്ങളുടെ വൈവിധ്യത്തെക്കുറിച്ചുമാത്രം പറയുന്ന പാട്ടിൽ ഒരുകാലത്തും ലക്ഷ്യത്തിലെത്തുകയില്ലെന്നുള്ള ദൃഢവിശ്വാസം സയൻസിനു് ഇതുവരെ ഉണ്ടായിട്ടുണ്ടെന്നു തോന്നുന്നില്ല. കഴിഞ്ഞ പുസ്തകംപോലെ ഇന്നു കൊള്ളുന്നതും, നാളെ തള്ളുന്നതുമായ അറിവാണു സയൻസാകയില്ലെന്നുള്ളതാണു് പരമാർത്ഥം. സ്ഥായിയായ ഒരു മൂലതത്വത്തെ ആസ്പദമാക്കിയല്ല കാര്യങ്ങളെ വ്യാഖ്യാനിക്കുന്നതെങ്കിൽ വ്യാഖ്യാനമെല്ലാം തെറ്റിക്കഴിഞ്ഞു് വെറും കാടായിത്തീരാതെ ഗത്യന്തരമില്ല. ക്രമവൽക്കൃതമായ അറിവാണു് സയൻസ് എന്നു് അതിനെ നിർവചിച്ചിരുന്നതു് ശരിയായിത്തീരണമെങ്കിൽ, തെറ്റാത്ത ഒരു തത്വത്തെ ആസ്പദമാക്കിയാണു് അറിവുകളെയെല്ലാം ക്രമവൽക്കരിക്കേണ്ടതെന്നു സ്പഷ്ടമാകുന്നു. എന്നാൽ, സയൻസിനു് ഒരു മൂലതത്വത്തെ ഇതുവരെ പിടികിട്ടിയിട്ടില്ല. അതിനാൽ അതിന്റെ സ്വഭാവമായിരിക്കേണ്ട നിയതത്വവും, ക്രമവും, ഐക്യവും അതിനില്ലാതായിത്തീരുകയും ചെയ്തിരിക്കുന്നു. എപ്പോഴും പൊളിയുന്ന ശൈഥില്യങ്ങളെല്ലാം കൂട്ടിവച്ചാൽ അതു് സയൻസാകുന്നതെങ്ങനെ? സയൻസ് ശബ്ദത്തിന്റെ ധാതു ജ്ഞാനാർത്ഥവാചിയാണെങ്കിലും അതിന്റെ പ്രയാണം അജ്ഞാനത്തിൽക്കൂടി അജ്ഞാനത്തിലേക്കാണെന്നാണു് ഇതുവരെ തെളിഞ്ഞിട്ടുള്ളതു്. എല്ലാറ്റിനെയും ബന്ധിക്കുന്ന ഒരു ഐക്യത്തെക്കുറിച്ചുള്ള ബോധമില്ലാതെ ക്രമമില്ല; ക്രമമില്ലാതെ സയൻസുമില്ല. ഇതാണു് സയൻസ് ഇനിയും അറിയാനുള്ളതെന്നു തോന്നുന്നു.

വൃക്ഷത്തിനു തായ്ത്തടി എങ്ങനെയോ അതുപോലെയാണു് സയൻസിനു് മൂലതത്വം. തായ്ത്തടിയില്ലെങ്കിൽ വൃക്ഷവുമില്ല. തായ്ത്തടിയിൽ കൂടുവച്ചിരിക്കുന്ന പക്ഷി കൂടുപേക്ഷിച്ചു് ശാഖകളെല്ലാം തപ്പിയാൽ പ്രയോജനമൊന്നുമുണ്ടാകുന്നില്ല. ആ അവസ്ഥയിൽ ഓരോ ശാഖയും കേവലം അസത്യമായിട്ടേ അതിനു തോന്നുകയുള്ളു. എല്ലാം “നേതി, നേതി” തന്നെ. പക്ഷേ കൂടുണ്ടെന്നു കരുതിയ ശാഖയിൽ അതില്ലെന്നു കാണുന്നതുവരെ ആ ശാഖ സത്യമാണു്. അടുത്ത ശാഖയിൽ കടക്കുമ്പോൾ അതു സത്യവും മറ്റതു് അസത്യവുമായിത്തീരുന്നു. ഒടുവിൽ തായ്ത്തടിയിലെത്തുന്നതുവരെ അസത്യത്തിൽനിന്നു സത്യത്തിലേയ്ക്കുള്ള അതിന്റെ പ്രയാണം തുടർന്നുകൊണ്ടിരിക്കാതെ നിവൃത്തിയില്ല. നേരേമറിച്ചു്, തായ്ത്തടിയുമായി ഓരോ ശാഖയ്ക്കുമുള്ള ബന്ധം അറിയാവുന്ന കിളിയാണെങ്കിലോ, അതിനു ശാഖകളൊന്നും അസത്യമല്ല, ഓരോന്നും സത്യംതന്നെയാണു്. ഈ ആപേക്ഷികസത്യങ്ങൾ അവയെല്ലാം മൂലമായ ഏകസത്യത്തേയ്ക്കു് അഥവാ, കേവലസത്യത്തിലേയ്ക്കു നയിക്കുമെന്നു അതിനറിയാം. മൂലസത്യവുമായുള്ള ബന്ധം അറിയാതിരിക്കുന്ന അവസ്ഥയിൽ മാത്രമാണു് ഇന്നത്തെ സത്യം നാളെ അസത്യമായിത്തീരുന്നതു്. സയൻസിൽ കേവലസത്യം എന്നൊന്നില്ലെന്നു് ചില ചിന്തകന്മാർ അഭിപ്രായപ്പെടുന്നതിനു് അർത്ഥം അവരിപ്പോഴും ശാഖകളിൽ കിടന്നു കറങ്ങുന്നു എന്നുമാത്രമാണു്. പൊതുവേ പറഞ്ഞാൽ സയൻസിന്റെ ഇന്നത്തെ സ്വഭാവം ഇതാണെന്നു് മേൽ വിശദീകരിക്കപ്പെട്ടുകഴിഞ്ഞു.

കേവലസത്യത്തെ ഉൽഭാവനം ചെയ്യാൻ സയൻസിനു സാധിക്കുമായിരുന്നെങ്കിൽ ഒരു സിദ്ധാന്തവും അസത്യമെന്നു് തള്ളപ്പെടേണ്ടിവരുമായിരുന്നില്ല. അവയെല്ലാം ക്രമവൽക്കൃതമായി, ഓരോ ആപേക്ഷികസത്യമെന്ന നിലയിൽ സർവ്വതോമുഖമായ ഐക്യത്തിൽത്തന്നെ വർത്തിച്ചുകൊള്ളുമായിരുന്നു. ഇതാണു യഥാർത്ഥശാസ്ത്രം. മൂലതത്വത്തിൽ പിടികിട്ടിക്കഴിയുമ്പോൾ, താഴ്ന്ന ശരിയിൽനിന്നു ഉയർന്ന ശരിയിലേക്കാണു പടിപടിയായി താൻ പ്രയാണം ചെയ്തിട്ടുള്ളതെന്നു് ശാസ്ത്രജ്ഞൻ സ്വയം മനസ്സിലാക്കിക്കൊള്ളും. ഇപ്പോൾതന്നെയും താൻ പൊളിച്ചുകളഞ്ഞിട്ടുള്ള സിദ്ധാന്തങ്ങളൊന്നും വാസ്തവത്തിൽ വെറും അസത്യങ്ങളല്ലെന്നും, വലിയ സത്യത്തിലേയ്ക്കു വഴിതെളിച്ച ചെറുസത്യങ്ങൾതന്നെയാണെന്നും, അങ്ങനെയല്ലെങ്കിൽ ഒരു കാലത്തും തനിക്കു സത്യത്തിലെത്താൻ സാധിക്കുമായിരുന്നില്ലെന്നും അന്നു് അയാൾ അനുമാനിച്ചറിയുന്നതാണു് അഥവാ ജ്ഞാനത്തിന്റെ വളർച്ചയുടെ രീതിയും, സ്വഭാവവും. സയൻസ് ഇനിയും പുതുതായി മനസ്സിലാക്കേണ്ടിയിരിക്കുന്നു എന്നു സാരം. അസത്യത്തിൽനിന്നു് സത്യത്തിലെത്തുക എളുപ്പമല്ല. എന്നാൽ ഒരു ചെറുസത്യത്തിൽനിന്നു വലിയ സത്യത്തിലെത്താൻ കഴിയും. മനുഷ്യൻ കണ്ടുപിടിക്കുന്ന സിദ്ധാന്തങ്ങളൊന്നും, തൽക്കാലസ്ഥിതിയിൽ, ആപേക്ഷികമായിട്ടല്ലാതെ, കേവലമായി ശരിയായിരിക്കയില്ല. മനുഷ്യൻതന്നെ പല കാര്യങ്ങളാലും ബദ്ധനും, പരിച്ഛിന്നനുമായിരിക്കുന്നിടത്തോളംകാലം കേവലസത്യം കണ്ടെത്തുക എന്നൊരു സംഭവം നടക്കുകയില്ലെന്നർത്ഥം. അതിനാൽ പരിച്ഛിന്നമായ അവസ്ഥയെ ജയിച്ചു്, കേവലമായ ഒരവസ്ഥയിലെത്തുകയാണു് കേവലസത്യം കണ്ടുപിടിക്കാനുള്ള മാർഗ്ഗം. ഇതു ആധുനിക പാശ്ചാത്യസയൻസിന്റെ മാർഗ്ഗമല്ലെന്നു സ്പഷ്ടം. ആ മാർഗ്ഗത്തെപ്പറ്റി പറഞ്ഞാൽ അതു മനസ്സിലാക്കാനുള്ള സാവകാശമോ, ബുദ്ധിവിശേഷമോ ആ സയൻസ് വെളിപ്പെടുത്താറില്ലതാനും.

പൗരസ്ത്യരുടെ ദൃഷ്ടിയിലാകട്ടെ, യാതൊരറിവിനും മൂലം ബാഹ്യപ്രപഞ്ചമേയല്ല, അവനവൻതന്നെയാണു്. ഏതു പ്രപഞ്ചത്തെയും അറിയാനുള്ള ഉപകരണം മനസ്സാണെന്നും, അതു തന്നിൽത്തന്നെയാണിരിക്കുന്നതെന്നും ആദ്യം അറിയണം. അതിനാൽ പൗരസ്ത്യൻ മനസ്സിനെ അറിയാനും അതിനെ കീഴടക്കി പ്രയോജനപ്പെടുത്താനുമാണു് പുറപ്പെട്ടതു്. ബാഹ്യപ്രപഞ്ചത്തെ അറിയാൻ പുറപ്പെട്ട ശാസ്ത്രജ്ഞനു് മനസ്സ് എന്നൊന്നില്ലായിരുന്നു. അതിനെ മനസ്സിലാക്കേണ്ട ആവശ്യംതന്നെ അടുത്തകാലംവരെ അയാൾ കണ്ടിരുന്നുമില്ല. ഏതായാലും, സകല അറിവിനും അടിസ്ഥാനം മനസ്സാണെന്നു പൗരസ്ത്യൻ നേരത്തെ കണ്ടുപിടിച്ചു. പക്ഷേ അപ്പോൾ ഈ അറിവെന്നു പറയുന്നതു് എന്താണു?

മനസ്സ് ബാഹ്യവസ്തുക്കളുമായി സമ്പർക്കം ചെയ്യാത്തപ്പോൾ വെറും ശാന്തമായ ഒരു തടാകംപോലെയാണു്. തടാകത്തിൽ ഒരു കല്ലുവീണാൽ ആവീഴ്ചയുടെ പ്രതിചേഷ്ട (reaction) എന്ന നിലയിൽ ഉടൻ ഓളങ്ങൾ ഉണ്ടാകുന്നു. പക്ഷേ കല്ലും ഓളവും ഒരിക്കലും ഒന്നല്ല. ബാഹ്യവസ്തുക്കൾ ഇന്ദ്രിയങ്ങൾവഴി മനസ്സിൽ പതിക്കുമ്പോൾ അവിടെയും ഒരു പ്രതിചേഷ്ട ഉണ്ടാകുന്നുണ്ടു്. വസ്തുവും പ്രതിചേഷ്ടയും ഒന്നല്ല എന്നു കണ്ടുകഴിയുകയും ചെയ്യും. അതു മനസ്സിന്റെതന്നെ ഒരു സ്പന്ദനമാണു. ഈ പ്രതിചേഷ്ടയെയാണു് നാം അറിവെന്നു പറയുന്നതു്. വസ്തുവിനെക്കുറിച്ചുള്ള ആശയം എന്നു നാം ഈ അറിവിനെ വ്യവഹരിക്കുന്നു. മറ്റൊരുതരത്തിൽ പറഞ്ഞാൽ, വസ്തു ഒന്നു്; അതു് മനസ്സിലുണ്ടാക്കുന്ന സ്പന്ദനവിശേഷമാകുന്ന ആശയം വേറൊന്നു്. ഇതുകൊണ്ടു് എന്തു സംഭവിക്കുന്നു? നാം വസ്തുക്കളെ അറിഞ്ഞു അവയുമായി പെരുമാറുന്നതിനു പകരം അവയെപ്പറ്റിയുള്ള ആശയങ്ങളുമായി പെരുമാറുന്നു. ഈ ആശയം വസ്തുസ്വരൂപമല്ല, മനഃസ്വരൂപമാണു്. ഇതുകൊണ്ടത്രേ, ലോകം എന്നതു് വെറും mindstuff മനോമയമാണെന്നു് എഡിങ്ങ്ടൺ പറയുന്നതു്. ചുരുക്കത്തിൽ; ബാഹ്യപ്രപഞ്ചമെന്നു് നാം പറയാറുള്ളതു് ബാഹ്യമല്ല, നമ്മുടെ ഉള്ളിലുണ്ടാകുന്ന ഒരു ആശയപ്രപഞ്ചമാണു്. അതിനാൽ ബാഹ്യമെന്നും, ആന്തരമെന്നുമുള്ള രണ്ടു പ്രപഞ്ചങ്ങളുടെ പ്രസംഗംതന്നെ അസ്ഥാനത്തായിരിക്കും. പ്രപഞ്ചം ആകെ ഒന്നേയുള്ളു; അതു് മാനസികവുമാണു്. എഡിങ്ങ്ടൺ ഈയിടെ പ്രഖ്യാപനംചെയ്ത ഈ സത്യം, ‘യോഗവാസിഷ്ഠ’ത്തിലെ ഏക പ്രതിപാദ്യമാണെന്നുകൂടി ഇവിടെ എടുത്തുപറയണം.

ഏകദേശം ഇത്രത്തോളമൊക്കെ പാശ്ചാത്യചിന്തകന്മാർ സമ്മതിക്കുന്നുണ്ടു്. പക്ഷേ അവർ ശാസ്ത്രജ്ഞന്മാരല്ല എഡിങ്ങ്ടൺ തന്നെയും ഒരു തത്വശാസ്ത്രജ്ഞനാണെന്നു വിചാരിച്ചുകൂട. ബർക്ക്‌ലേ, ലോക്ക് മുതലായവരുടെ ചിന്താഗതി, ഒരാശയപ്രപഞ്ചം മാത്രമേ നമുക്കു് പരിചിതമായുള്ളു എന്നു് സമ്മതിക്കുന്നുണ്ടു്. ഒരുപക്ഷേ പ്ലേറ്റോയുടെകാലംമുതൽ ഈ ചിന്താഗതി യൂറോപ്പിൽ ഉണ്ടായിരിക്കാം. എന്നാൽ എഡിങ്ങ്ടൺ തുടങ്ങിയവർക്കു് ആ മനോമയലോകത്തിലെത്താൻ ആധുനികശാസ്ത്രത്തിന്റെ സകല നേട്ടങ്ങളും സഹായങ്ങളുമുണ്ടായിരുന്നു എന്നുള്ളതാണു് വ്യത്യാസം. എ



ഇറ്റാലിയിലെ ഫ്ളോറൻസ് ഒബ്സർവേറ്ററിയുടെ ബഹിർഭാഗത്തു് സർ കെ. എസ്. കൃഷ്ണൻ ഇന്ത്യാക്കാരനും ഡാക്ടർ ഇസഡോർ ഐ. റബിയും സംസാരിച്ചുകൊണ്ടു നിൽക്കുന്നു. ജ്യോതിശ്ശാസ്ത്രസംബന്ധമായി ഗലീലിയോ പരീക്ഷണങ്ങൾ നടത്തിയിരുന്ന കുന്നിന്റെ ചരുവിലാണു് അവർ നിൽക്കുന്നതു്. ഡെൽഹി സർവ്വകലാശാലയിലെ ഫിസിക്സ് പ്രൊഫസറും ന്യൂയാർക്ക് സിറ്റി യൂണിവേഴ്സിറ്റിയിലെ പ്രൊഫസ്സറായ റബിയും യുണെസ്കോയിലേയ്ക്കുള്ള ഉപദേശകസംഘത്തിലെ അംഗങ്ങളാണു്. യുണെസ്കോ അടുത്തുതന്നെ ഫ്ളോറൻസിൽ കൂടുന്നതാണു്.

ങ്ങളും മേല്പറഞ്ഞ ലോകത്ത് തുടങ്ങിയവയ്ക്ക് ഒരു വലിയ സംശയം ശേഷിക്കുന്നുണ്ട്. ബാഹ്യപ്രപഞ്ചത്തെ നാം അറിയുന്നില്ലെങ്കിൽ, അതുമായി ഒരു ബന്ധവും ഉണ്ടാകാനിടയുമില്ലെങ്കിൽ അങ്ങനെയൊരു പ്രപഞ്ചത്തിന്റെ ആവശ്യം തന്നെയെന്തു? പക്ഷേ ലോകം മനോമയമാണെന്ന് കണ്ടുകഴിയുമ്പോൾതന്നെ ബാഹ്യപ്രപഞ്ചം എന്നൊന്നില്ലാതാകുന്ന സ്ഥിതിയ്ക്ക് ആ ചോദ്യംതന്നെ ശരിയല്ലെന്നു സിദ്ധിക്കുന്നു. തെററായ ചോദ്യത്തിനു കിട്ടുന്ന ഉത്തരവും തെററായിരിക്കും. ശാസ്ത്രജ്ഞന്മാർതന്നെയും, ഒട്ടപക്ഷേ ശരിയായ ചോദ്യങ്ങളെ ആശ്രയിച്ചുതന്നെ നിരീക്ഷണഗവേഷണാദികൾ നടത്തുന്നതെന്ന് അവരിൽ ചിലർക്ക് ഒരു ബലമായ സംശയം തോന്നിത്തുടങ്ങിയിട്ടുണ്ട്. അതിരിക്കട്ടെ ബാഹ്യപ്രപഞ്ചം ബാഹ്യമായി ശേഷിക്കുന്നു എന്നാണ് നമുക്ക് തോന്നുക. ഇതെങ്ങനെ തെററാകും? ആകാശവും സമുദ്രവുമെല്ലാം നമ്മുടെ ഉള്ളിൽതന്നെയോ? ശ്രീകൃഷ്ണൻ വായിലുൻ കാണിച്ച ഈരേഴുപതിന്നാലുലോകവും അദ്ദേഹത്തിന്റെ ഉള്ളിൽതന്നെയെന്നാണോ പറയുന്നതു? അതെ, എന്നതന്നെയാണ് ഇതിനൊക്കെ ഒരു സമാധാനം! സ്വപ്നത്തിൽ നാം നമ്മെമാത്രമല്ല, ഒരു ബാഹ്യപ്രപഞ്ചത്തെക്കൂടി കാണുന്നുണ്ടു. ഇതെല്ലാം നമ്മുടെ വെറും സൃഷ്ടിയാണെന്നുള്ളതിൽ യാതൊരു സംശയവുമില്ലതാനും. അങ്ങനെയൊരു പ്രപഞ്ചം സൃഷ്ടിച്ച് അതിൽ വിഹരിക്കാൻമാത്രമല്ല, തല്ക്കാലത്തേക്കെങ്കിലും അതിനെ വിശ്വസിക്കാൻകൂടി കഴിയുമെങ്കിൽ, കുറെ കാലത്തേയ്ക്കു സ്വയംകൃതമായ മറെറാരു ബാഹ്യപ്രപഞ്ചത്തിലെന്തുകൊണ്ടു വിശ്വസിക്കയും ജീവിക്കയും ചെയ്തുകൂടാ? ശ്രീശങ്കരന്റെ ഗുരുവായ ഗൗഡപാദർ ഇങ്ങനെ ബാഹ്യപ്രപഞ്ചപ്രതീതിയെ വിശദീകരിക്കുന്നുണ്ട്. അതിൽ അസാംഗത്യമൊന്നും കാണുന്നുമില്ല. ഫ്രായിഡ് തുടങ്ങിയ മനഃശാസ്ത്രജ്ഞന്മാർ ഈ ചിന്താഗതിയെ ഇത്രത്തോളം കൊണ്ടുപോകുന്നില്ലെങ്കിലും, ബാഹ്യത്തിൽ കാണുന്ന പലതും മനോവിക്ഷേപണ (projection)ത്താൽ മാത്രമാണു സംഭവിക്കുന്നതെന്ന് തെളിച്ചുപറയുന്നുണ്ട്. ഇതിന്റെകൂടെ, പ്രപഞ്ചം മുഴുവൻ ഒരു വിക്ഷേപമാണെന്നുകൂടി കൂട്ടിച്ചേർത്താൽ അവർ ഗൗഡപാദർക്കു തുല്യരാണെന്ന് പറയേണ്ടിവരും.

പ്രപഞ്ചം മനോമയമാണെന്ന് ബുദ്ധിഗതമായ അറിവുകൊണ്ടുമാത്രം പോരാ, ആ തത്വത്തിന്റെ സാക്ഷാത്ക്കാരംതന്നെ വേണമെന്നാണ് പൗരസ്ത്യരുടെ സിദ്ധാന്തം. ഇതിനു ഒരു വഴിയും അവർ നിർദ്ദേശിക്കുന്നുണ്ടു. നാം വസ്തുക്കളുമായിട്ടല്ല, അവയെപ്പററിയുള്ള ആശയങ്ങളുമായിട്ടാണ് പെരുമാറുന്നതെങ്കിൽ, അതിനുകാരണം മനസ്സുതന്നെയാണെന്നു കണ്ടുകഴിഞ്ഞു. ചുരുക്കത്തിൽ ഇതിനർത്ഥം മനസ്സ് നമ്മുടെ യജമാനനും, നാം അതിന്റെ വെറും അടിമകളുമാണെന്നാണ്. മനസ്സുപറയുന്നതെല്ലാം നാം കേൾക്കും; അതുകാണിക്കുന്നതെല്ലാം കാണും; അതിന്റെ ആജ്ഞകളെല്ലാം അനുസരിക്കും; അത്രതന്നെ. ഈ അവസ്ഥ മാററി മനസ്സിനെ നമ്മുടെ അടിമയാക്കുന്നെങ്കിൽ, പിന്നത്തെ അനുഭവമെന്തായിരിക്കുമെന്നറിയാൻ സാധാരണക്കാരും, ശാസ്ത്രജ്ഞന്മാരുമൊന്നും യാതൊരു ശ്രമവും ചെയ്യുന്നില്ല. പക്ഷേ പൗരസ്ത്യർ ഈ ശ്രമത്തെയാണ് മനോനിഗ്രഹമെന്നും, ഇന്ദ്രിയനിഗ്രഹമെന്നുമൊക്കെ പറയാറുള്ളതു്. മനസ്സിനെ കീഴമർത്തി ദാസനാക്കിയവൻ "ഇല്ലാത്തതുണ്ടാക്കും, ഉള്ളതില്ലാതാക്കും" എന്നു തീർത്തു പറയാം. എന്തെന്നാൽ, അവന്റെ മനസ്സ് പിന്നെ അവൻ പറയുന്നതുപോലെ കേൾക്കും; കേട്ടേ മതിയാവൂ. വെറും വിക്ഷേപശക്തികൊണ്ടു അവൻ വിചാരിക്കുന്നതെല്ലാം കൺമുന്നിൽ ഉണ്ടായിത്തീരുകയാണ് ചെയ്യുന്നതു്. പ്രകൃത്യതീതമായി ഇതിൽ യാതൊന്നുമില്ല. കേവലം പ്രകൃതിനിയമത്തിന്റെ പ്രവർത്തനംതന്നെ.

പൗരസ്ത്യർ മനസ്സിനെയും, അതിനെ കീഴടക്കാനുള്ള രീതികളേയും അറിഞ്ഞതിനുശേഷം, ഒരുപടികൂടി കടന്ന്, മനസ്സിനെക്കൊണ്ടു സാധിക്കേണ്ടതു് സാധിച്ചുകഴിഞ്ഞാൽ ഉടൻ അതിനെ ദൂരെ വലിച്ചെറിയണമെന്ന് സിദ്ധാന്തിക്കുന്നു. അവന്റെ ദൃഷ്ടിയിൽ മനസ്സിന്നധീനമായ വിഷയങ്ങളെപ്പററിയുള്ള ജ്ഞാനമൊന്നും യഥാർത്ഥജ്ഞാനമല്ല. വിഷയജ്ഞാനമെല്ലാം വെറും കിണറുകൾ മാത്രമാണ്. എല്ലായിടത്തും വെള്ളംകയറി നിറയുമ്പോൾ കിണററിൽനിന്ന് വെള്ളമെടുക്കണമെന്നാരും വിചാരിക്കയില്ല എന്നാണ് ശ്രീകൃഷ്ണൻ പറയുന്നതു്. കാവ്യം, ശാസ്ത്രം, വ്യാഖ്യാനം മുതലായവയെല്ലാം ഭക്തിക്കല്ലാതെ മുക്തിക്ക് ഉപകരിക്കയില്ലെന്ന് ശ്രീശങ്കരനും അനുസ്മരിപ്പിക്കുന്നു. ഇതെല്ലാം മനസ്സിനു കീഴെയുള്ള കഥകളാണെന്നു സാരം. ജ്ഞാനമാകട്ടെ, മനസ്സിനു മേലാണ് സ്ഥിതിചെയ്യുന്നതു്. സയൻസും, വേദവും മനസ്സിന് അധീനമായ വിഷയപ്രപഞ്ചത്തിൽമാത്രം വ്യാപരിക്കുന്നതിനാൽ, അതിനുമേലെയുള്ള വിഷയം ഗ്രഹിക്കാൻ പര്യാപ്തങ്ങളല്ല. സാധാരണ വിഷയജ്ഞാനത്തെ കുറിക്കുന്ന വേദത്തിന്റെയും, സയൻസിന്റെയും അന്തത്തിലാണ് വേദാന്തം സ്ഥിതിചെയ്യുന്നതു്. അതത്രേ മനസ്സിനുപരിയായ കാര്യങ്ങൾ വെളിപ്പെടുത്തുന്നതു്.

ഡാക്ടർ യുങ്ങ് എന്ന പ്രസിദ്ധമനഃശ്ശാസ്ത്രജ്ഞൻ പറയുന്നു; ഇന്ത്യൻ വേദാന്തത്തോടുകൂട്ടിച്ചേർക്കാൻ പാശ്ചാത്യമനഃശ്ശാസ്ത്രത്തിന്റെ കൈവശം യാതൊന്നുമില്ലെന്ന്. വേദാന്തത്തിന്റെ പരിധിയിൽപ്പെട്ടതല്ല മനഃശാസ്ത്രം എന്നു പറഞ്ഞു് ഒഴിയാൻമാത്രമേ വഴിയുള്ളു എന്നാണ് അദ്ദേഹത്തിന്റെ അഭിപ്രായം. അറിവിന്റെ (വേദത്തിന്റെ) അന്തത്തിൽ അറിവിനും അറിവായ ഒന്നിനെ പുണർന്നുകൊണ്ടിരിക്കുന്ന വേദാന്തത്തോട്ട്, വേദത്തിന്റെ ആദിയിൽ നില്ക്കുന്ന മനഃശാസ്ത്രത്തിന് കൂട്ടിച്ചേർക്കാനെന്തുള്ളു? ഒന്നുമില്ല.

ആ കക്കൂടി മേല്പ്പറഞ്ഞതിൽ നിന്നെല്ലാം ഒന്നാണ് തെളിയുന്നതു്. ജ്ഞാനത്തിന് വികാസംമാത്രമേയുള്ളു എന്നും, അതിന്ന് അവസാനമൊന്നുമില്ലെന്നും വിചാരക്കുന്നതു് മൗഢ്യമാണ്. സയൻസിന്റെ വിഷയപരിജ്ഞാനത്തിൽ കവിഞ്ഞൊന്നും നൽകാൻ സാധിക്കയില്ല. വിഷയിയെ അറിയുകയാണ് ആവശ്യമെന്നു വേദാന്തികൾ മാത്രമല്ല "The proper study of man kind is man" മനുഷ്യന്റെ യഥാർത്ഥ പഠനവിഷയം മനുഷ്യനാണ്, എന്നെഴുതിയ പോപ്പിനെപ്പോലുള്ള കവികളും സമ്മതിക്കുന്നു. ഒന്നാമത്തെ ശാസ്ത്രജ്ഞന്മാരെന്നും ഈ ശബ്ദം അറിയാനല്ല, അവനവനെത്തന്നെ അറിയാനാണ് ഉ[illegible]തെ ന[illegible] അറിവിൽ ജ്ഞാനത്തിൽ ലക്ഷ്യം അവനവനെ അറിയുകയാണെന്നുള്ളതു് സാധിക്കാനല്ല ആ സ്ഥിതിക്ക് സയൻസും ജ്ഞാനവും തമ്മിലുള്ളബന്ധം വേദവും വേദാന്തവും തമ്മിലും, വിഷയവും വിഷയിയും തമ്മിലുമുള്ളതിൽ കവിഞ്ഞ യാതൊന്നുമല്ലെന്നു വ്യക്തമാകുന്നു.

—o—



ശ്രീശങ്കരജയന്തിയോടനുബന്ധിച്ചുനടന്ന പതാകവന്ദനത്തിൽ ഉയർത്തപ്പെട്ട ദേശീയപതാകയും ശ്രീരാമകൃഷ്ണമിഷ്യൻപതാകയും.



ശ്രീശങ്കരജയന്തിയോടനുബന്ധിച്ചുനടന്ന വനിതാസമ്മേളനത്തിൻ അദ്ധ്യക്ഷയായിരുന്ന ശ്രീമതി അമ്പാടി ഇക്കാവമ്മയും വനിതാവാളണ്ടിയർസംഘത്തിലെ ഒരുവിഭാഗവും



കാലടി ശങ്കരജയന്തിമഹോത്സവത്തിലെ സന്നദ്ധസേനയുടെ വനിതാവിഭാഗത്തിലെ ഒരു സംഘം. മഹോത്സവസമിതി പ്രസിഡന്റ് ശ്രീ ആഗമാനന്ദ സ്വാമികൾ, സെക്രട്ടറി എം. എൻ. രത്നാകരൻ ബി. എ. ഇവരെ ചിത്രത്തിൽ കാണാം. സെക്രട്ടറിയുടെ തൊട്ടുപിന്നിൽ നില്ക്കുന്നതു് കാലടിയിലെ കലാകാരി ശ്രീ കെ. എസ്. മണി (ഫോട്ടോ) യാണ്. [illegible]



കഴുകുമരത്തിൽനിന്ന രക്ഷിക്കപ്പെട്ട മലയായിലെ ഇന്ത്യൻട്രേഡ്യൂണിയൻ നേതാവായ 28 വയസ്സുള്ള സാംബശിവം. മാർച്ചിൽ പ്രിവികൗൺസിൽ ജൂഡിഷ്യൽകമ്മിററി പുറപ്പെടുവിച്ച ഉത്തരവനുസരിച്ചാണ് സാംബശിവത്തിനെ മോചിപ്പിച്ചതു്. സാംബശിവം എസ്. എസ്. രജലാ എന്ന കപ്പലിൽ മദ്രാസിൽ എത്തിയ അവസരത്തിലെടുത്ത ചിത്രം. സാംബശിവം ഒരു ഷർട്ടും മുണ്ടും ധരിച്ചു് ചിരിച്ചുനിൽക്കുന്നു.

## സോമൻ ആൻറ് പാർട്ടി: ൧൭





# അത്ഭുതപ്രേമം

കെ. ഗോപാലപിള്ള ബി. ഏ.

അക്ബർചക്രവർത്തിയുടെ കാലത്ത് മുഗൾ കൊട്ടാരത്തിൽ നടന്ന അതിശയനീയമായ ഒരു കഥയാണ് ഇതിലെ കഥാവസ്തു. സൗന്ദര്യധാമവും പ്രേമസാമ്രാജ്ഞിനിയുമായ കഥാനായിക സലിംരാജകുമാരനുമായി പ്രണയബന്ധത്തിലേർപ്പെടുന്നതും, സൂക്ഷ്മബുദ്ധിയായ ചക്രവർത്തിയിൽനിന്നും അവൾക്കു വന്നുചേരുന്ന ദുരന്തവും കണ്ണീരൊഴുക്കാതെ കഠിനഹൃദയന്മാർക്കു പോലും വായിക്കാൻകഴികയില്ല. വില രൂ: ൧.

മാനേജർ,

ശ്രീരാമവിലാസംപ്രസ്സ്, കൊല്ലം.


ബാലപംക്തി

# നിങ്ങൾക്കറിയാമോ?

പീ. ആർ. കെ. നായർ

൧. ലോകത്തിൽ ഒന്നാമത്തെ പെഡൽവച്ച സൈക്കിൾ കണ്ടുപിടിച്ചത് കിർക്ക്പാട്രിക് മിലാൻ എന്ന ഒരാളാണ്.

൨. ഒന്നാമതായി ബാങ്കുനോട്ട് അടിച്ചിറക്കിയ രാജ്യം ചൈന ആകുന്നു.

൩. ലോകത്തിൽ കൂടുതൽ നിക്കൽ ഉല്പാദിപ്പിക്കുന്ന രാജ്യം ക്യാനഡയാണ്.

൪. ലണ്ടനിൽ ഭൂമിക്ക് ഉപരിഭാഗത്തും അടിയിലുമായി ൧൬൦൦-തെരുവുകളും ൩൦൦-സിനിമാശാലകളും ൩൦൦-റെയിൽവേസ്റ്റേഷനുകളും ഉണ്ട്.

൫. ലോകത്തിൽ ആദ്യം ഇറങ്ങിയ ഇംഗ്ലീഷ്മാസിക (Gentleman's Magazine) ആകുന്നു.

൬. ലോകത്തിലെ ആദ്യത്തെ പത്രം പെക്കിങ് ന്യൂസ് ആകുന്നു.

൭. ഭൂപടങ്ങൾക്ക് 'അറ്റ്ലസ്' എന്ന പേർ നൽകിയത് മെർക്കേറ്റർ എന്ന ഭൂമിശാസ്ത്രജ്ഞനാണ്.

൮. ൧൮൨൨-ാമാണ്ട് ജാൺ ഐസക്ക് ഹോക്കിൻസ് എന്ന ഇംഗ്ലീഷ്കാരൻ സ്വർണ്ണനിബ്ബിന്റെ അഗ്രത്തിൽ ഇറിഡിയം വച്ചു കണ്ടുപിടിച്ചു.

൯. ഇന്ത്യയിലെ ഏറ്റവും വലിയതടാകം കാശ്മീരിലുള്ള ഊളർ തടാകമാകുന്നു.

൧൦. "അർദ്ധരാത്രി സൂര്യന്റെ രാജ്യം" എന്ന് വിളിക്കുന്നത് സ്വീഡനെയാകുന്നു.


# ഭാരതീയമഹതികൾ

ഗ്രന്ഥകർത്താ, കെ. ഗോപാലപിള്ള ബി. എ.

വിശ്വവിശ്രുതകളായ ൮ ഭാരതീയമഹിളാമണികളുടെ ഉജ്ജ്വലജീവചരിത്രങ്ങളടങ്ങിയ ഒരു ഉത്തമഗ്രന്ഥം. വില ണ. ൯

മാനേജർ

ശ്രീരാമവിലാസംപ്രസ്സ്, കൊല്ലം.

# ബാർബർഷാപ്പിൽ

ചെറുകഥ

പി. ശ്രീധരൻനായർ

“എന്താ കുഞ്ഞേ, മുടി വെട്ടണോ?”

സലൂണിലേക്ക് കയറിച്ചെന്ന എനിക്ക് ഒരു പച്ചച്ചിരിയോടെ കുട്ടപ്പൻ സ്വാഗതമരുളി.

വലിയ കണ്ണാടികൾ നിരന്നിരുന്ന ആ മുറിയുടെ ഒരററത്തുനിന്നുകൊണ്ട് ഒരു വൃദ്ധന്റെ മുഖത്തെ ഞൊറിച്ചിലുകൾ വലിച്ചുനേരെയാക്കി രോമം മുറിച്ചുകളയുന്ന ശ്രമാവഹമായ പണിയിൽ ഏർപ്പെട്ടിരുന്ന കുട്ടപ്പന്റെ മുഖം ഉയർന്നു ഒരു വലിയ കണ്ണാടിയിൽ നോക്കി തലമുടിയിൽ കൈവിരലുകളോടിച്ചുകൊണ്ട് ഞാൻ ഒന്നുമൂളി.

“അവിടെ ഇരുന്നാട്ടെ! ഒരഞ്ചുമിനിട്ട്. ഇതിപ്പം കഴിയും.”

വീണ്ടും കുട്ടപ്പന്റെ മുഖം ഒന്നുയർന്നുതാണു. അവന്റെ ശ്രദ്ധ ആ വൃദ്ധമുഖം ആകർഷിച്ചു. ആ അഞ്ചുമിനിറുകൾ എനിക്ക് പരിചിതമായിരുന്നു. എന്റെ മുടി വെട്ടിക്കൊണ്ടിരിക്കുമ്പോഴും ഈ “അഞ്ചുമിനിറുകൾ” അവൻ വരുന്നവരോടെല്ലാം പ്രയോഗിക്കാറുള്ളവയാണ്. അലസമായി അവിടെക്കിടന്ന ഒരാഴ്ചപ്പതിപ്പ് എടുത്തുകൊണ്ട് ഞാൻ ഒരു കസേരയിൽ ഇരുന്നു......

ഷർട്ടിന്റെ ബട്ടൺ ഊരി ഞാൻ ശരീരത്തിലേയ്ക്കു ഊതിക്കൊണ്ടിരുന്നു. നല്ല ഉഷ്ണം! ഞാൻ ആ ആഴ്ചപ്പതിപ്പ് ഒരു വിശറിയായി ഉപയോഗിച്ചു

“അതൊന്നു കാക്കിക്കോട്ടെടാ ശങ്കരാ”! കുട്ടപ്പന്റെ ആജ്ഞയാണ്, പുറത്തുനിന്നു വിയർക്കുന്ന എന്നെ സ്വല്പം കാററുകൊള്ളിക്കാൻ; ഒരു ഇരമ്പലോടെ ഒരു വലിയ ഫാൻ കറങ്ങിത്തുടങ്ങി.

അപ്പോഴാണ് ആ ആഴ്ചപ്പതിപ്പിലെ മുഖചിത്രം എന്നെ ആകർഷിച്ചതു്. മനോഹരിയായ ഒരു നടിയുടെ വശ്യവശ്യതനിറഞ്ഞ മുഖം. ഒരു വനിതയുടെ നിർജ്ജീവചിത്രത്തിനു പോലും ഉണ്ടല്ലോ പുരുഷനെ ആകർഷിക്കാൻ ഒരു പ്രത്യേകചതുരത.

ഞാൻ പേജുകൾ ഒന്നൊന്നായി മറിച്ചു.

“ഈ ആഴ്ചത്തെ ജാതകഫലങ്ങൾ.” ഈ ജാതകങ്ങളിലൊന്നിലും വലിയ വിശ്വാസമുള്ള ഒരു പ്രകൃതമല്ല എനിക്കുള്ളതു്. ഏതായാലും വെറുതെഒന്നിനുമല്ലാതെ ചിലവാക്കുന്ന ഈ സമയത്തെങ്കിലും ഇത്ര നാളും നോക്കാതെ വിടാറുണ്ടായിരുന്ന ആ ഭാഗത്തേയ്ക്കു ഞാൻ ഒന്നു കണ്ണോടിച്ചു. എന്റെ നാൾതന്നെ എനിക്കു നല്ല നിശ്ചയമില്ല.

അശ്വതി, ഭരണി......എന്റെ വിരൽ താഴോട്ടുമാറി.

‘‘അത്തം—അപായകരമായി മുറിവേൽക്കുകയോ മാററപകടങ്ങൾ ഉണ്ടാകുകയോ ചെയ്യാൻ എളുപ്പമുണ്ടെന്നുപറയാം. കളത്രദുഃഖം രോഗപീഡ ഇവയും ഫലം. ആഴ്ചയുടെ അവസാനം ഒരുമാതിരി ശുഭം’

ഞാൻ ഒന്നു ഞെട്ടി. പരമാർത്ഥം പറയണമല്ലോ, ഞാൻ എങ്ങനെ വിശ്വസിക്കാതിരിക്കും. അല്ലെങ്കിൽ ആ ഞായറാഴ്ച ഞാൻ മുടി വെട്ടുക്കാൻ അവിടെ പോകാനും അവന്റെ കത്തിപ്രയോഗങ്ങൾക്കു വിധേയനാകാനും, അതിനൊക്കെ പുറമേ, ആ ആഴ്ചയിലെ എന്റെ ജാതകഫലം അങ്ങനെവരാനാ........ മുടിവെട്ടിക്കാതെ പോയാലോ! ഞാനാലോചിച്ചു നോക്കി. അകത്തെ കണ്ണാടിയിലേക്ക് ഒന്നു നോക്കി. മുടി അധികമായി വളർന്നു നീണ്ടുപോയി. ചെവിക്കുമുകളിലുള്ള മുടി ചെവിയുടെ പകുതിയും മാച്ചുകളഞ്ഞിരിക്കുന്നു. വെട്ടിക്കാതെ പററുകയില്ല. ദീക്ഷയും സ്വല്പം നീണ്ടിട്ടുണ്ട്; ഞാൻ മുഖം ഒന്നു തടവിനോക്കാതിരുന്നില്ല. വെട്ടിക്കണം; പക്ഷേ ജാതകഫലം...... അമ്മയ്ക്കു ഞാനൊന്നേയുള്ളു. വേണ്ട, വെട്ടിക്കുന്നില്ല. ഹിന്ദി ചലച്ചിത്രലോകത്തിലെ സുഭഗനടനാണു ദിലീപ്കുമാർ. അനവധിയുവതികളുടെ ആരാധനാപാത്രമാണ്. തലമുടിനീണ്ടു് ചെവി മുക്കാലും മറഞ്ഞിരിക്കുകയാണ്. വെട്ടിക്കാൻ പക്രമില്ലാത്തതുകൊണ്ടല്ലല്ലോ. അതാണു് ആധുനികപരിഷ്കാരം. കുറച്ച് എണ്ണപുരട്ടി ഒന്നുമിനുക്കിയാൽമതി ഒരാഴ്ചകൂടി കഴിക്കാമെന്നു തോന്നുന്നു..............അകത്തേയ്ക്കുകടന്നു് ഞാൻ ചീപ്പെടുത്തൊന്നുചീകി. നിവൃത്തിയില്ല, കുറെ നീളമെങ്കിലും കുറയ്ക്കണം. നാളെ ആഫീസ്സിൽ പോകുമ്പോൾ ആ ലേഡി ടൈപ്പിസ്റ്റ് നോക്കി പരിഹസിക്കും. അതെങ്ങനെ സഹിക്കും. അതുതന്നെയുമല്ല, ഇത്രഭയപ്പെടാനുണ്ടോ? ഏതോ ഒരാശാൻ തന്റെ ജോലിയില്ലാത്തവേളയിൽ കുത്തിക്കുറിച്ചുവെച്ചതിനെ ഇത്രയും വിദ്യാഭ്യാസം സമ്പാദിച്ചിട്ടും ഭയപ്പെട്ടാൽ പിന്നെ ഗതി എന്താണ്. ഏതായാലും വെട്ടിക്കുകതന്നെ. അങ്ങനെയാണെങ്കിൽ അതിലേ പോകുന്ന ഒരു സ്നേഹിതനെവിളിച്ചു് മുടിവെട്ടിത്തീരുന്നതുവരെ അവിടെയിരുത്തിയാലോ?

ഞാൻ വഴിയിലിറങ്ങി അങ്ങോട്ടുമിങ്ങോട്ടും നോക്കി.

“പോകുകയാണോ സാറേ?” കുട്ടപ്പൻ ചോദിച്ചു.

“അല്ല” ഞാൻ പ്രതിവചിച്ചു.

ധാരാളം ആളുകൾ ആ വഴിയെ അങ്ങോട്ടുമിങ്ങോട്ടും പോകുന്നും വരുന്നുമുണ്ട്. പക്ഷേ പരിചയമുള്ളമുഖം ഒന്നും കാണുന്നില്ല. ഞാൻ വീണ്ടും അകത്തുകയറി കസേരയിൽ ഇരിപ്പുറപ്പിച്ചു. ചില മൂട്ടകൾ അസഹ്യതയോടെ ആഞ്ഞുകുത്തി. എന്റെ വിചാരങ്ങൾക്കിടയിലുണ്ടോ ഞാൻ അതു വകവയ്ക്കാൻപോകുന്നു. എന്റെ മനസ്സിൽ ആയിരമായിരം ചിന്തകൾ ആ വിചാരങ്ങളുടെ വേലിയേററത്തിൽ ഓളംതല്ലി........

“ആ മുറിവ് കാച്ചുവലുതായിരുന്നു.” ആ വൃദ്ധന്റെ വായിൽനിന്നും പൊഴിഞ്ഞുവീണ ചില വാക്കുകൾ എന്റെ കാതുകളിൽ വന്നു തട്ടി. ഞാൻ ചെവിയോർത്തു.

ചില പല്ലുകൾ പൊഴിഞ്ഞുപോയിരുന്നതിനാൽ ഏതാണ്ട് “മണിപ്പേഴ്സ്”പോലെയായിത്തീർന്നിരുന്ന ആ വായ് ഒരുമാതിരി ഭംഗിയില്ലാതെ ചില വാക്കുകൾക്ക് രൂപംകൊടുക്കാൻ ശ്രമിക്കുകയായിരുന്നു. മുഖംവടിക്കുന്നതിനിടയ്ക്കായിരുന്നതിനാൽ അധികമൊന്നും അയാൾ പറഞ്ഞില്ല. എന്തുമുറിവ്? എവിടെ? എന്റെ ചിന്തകൾ ചിതറിപ്പോയി. ഏറുകൊണ്ടുപൊട്ടിയ ഒരു കണ്ണാടിച്ചില്ലുപോലെ......

ഇടയ്ക്കിടയ്ക്കു ആ വൃദ്ധൻ എന്തൊക്കെയോ പറഞ്ഞുകൊണ്ടിരുന്നു. കറങ്ങിക്കൊണ്ടിരുന്ന വൈദ്യുതപങ്കായുടെ ഇരമ്പൽ അതിനെ മൂടിയിരുന്നതിനാൽ അസ്പഷ്ടമായിമാത്രമേ അവ എന്റെ ചെവികളിൽ പതിച്ചിരുന്നുള്ളു.

കുട്ടപ്പൻ കത്തി കൈവെള്ളയിൽ അമർത്തി ഒന്നുതേച്ചു. വൃദ്ധന്റെ മുഖം ഉന്നപൊക്കി നോക്കി. ഞൊറിഞ്ഞ കവിൾത്തടത്തിൽ അങ്ങിങ്ങായി ഒളിച്ചുനിന്നിരുന്ന രോമം ഓരോന്നായി അയാൾ മുറിക്കാൻ തുടങ്ങി. രണ്ടുവിരലുകൾകൊണ്ടു് നിവർത്തി ആ കവിൾത്തടത്തിൽ അയാളുടെ വിദഗ്ദ്ധഹസ്തം പ്രവൃത്തി ആരംഭിച്ചു. അടഞ്ഞിരുന്ന ആ വൃദ്ധനയനങ്ങളുടെ മൂത്ത പീലികളിൽ ഒരു കണ്ണീർക്കണം തങ്ങിനിന്നിരുന്നു. മരവിച്ചുനിൽക്കുന്ന പൂവിതളിൽ ഒരു മഞ്ഞുതുള്ളിപോലെ.

സാവധാനത്തിൽ കുട്ടപ്പൻ ജോലിതീർത്തു. ചെറിയ ഒരുകുപ്പിവെള്ളം എടുത്തു് അതിൽ ഘടിപ്പിച്ചിരുന്ന പമ്പിൽക്കൂടി ആ വൃദ്ധന്റെ മുഖത്തേക്ക് ജലകണങ്ങൾ തെറിപ്പിച്ചു. തെരുതെരെ കണ്ണുകൾ അടച്ചുകൊണ്ട് ദേഹത്തിട്ടിരുന്ന ടവ്വൽ എടുത്തു് അയാൾ മുഖം ഒന്നമർത്തിത്തുടച്ചു. മൂത്തമുരിങ്ങക്കാപോലുള്ള വിരലുകൾ ഒന്നുരണ്ടുതവണ ആ മുഖത്തുകൂടി ഓടി. അങ്ങിങ്ങായിനിന്നിരുന്ന ഒന്നുരണ്ടുരോമംകൂടി അയാൾ കുട്ടപ്പനു് കാണിച്ചുകൊടുത്തു......അങ്ങനെ അയാൾ എഴുന്നേററു.

“സാറേ! ഇരുന്നാട്ടെ”. അടുത്തതു് എന്റെ മുറയാണ് എന്നു് കുട്ടപ്പൻ എന്നെ അറിയിച്ചു. ഞാൻ അറച്ചറച്ചു് ആ കസേരയിൽ ഇരുന്നു. അവിടെ കിടന്നിരുന്നതിൽ ഏററവും വൃത്തിയായ തുണിയാണയാൾ എടുത്തുകൊണ്ടുവന്നതു്. നല്ലതുപോലെ ഒന്നുകുടഞ്ഞു് അതിലെ വിയർപ്പിന്റെ മണം ആ അന്തരീക്ഷത്തിൽ ഒന്നുകലർത്തി. അതുകൊണ്ട് എന്റെ ശരീരമാകെ അവൻ ഒന്നുമൂടി ഒരു ഇരുമ്പുചീപ്പെടുത്തു പുറകിലുള്ള മുടി അയാൾ ഒന്നുചീകിഒതുക്കി. സൂചിപോലുള്ള അതിന്റെ പല്ലുകൾ വല്ല മുറിവുമുണ്ടാക്കിക്കാണുമായിരുന്നെങ്കിൽ; ഞാൻ ആഗ്രഹിച്ചു. ആ അപായകരമായ മുറിവുകളുടെ ഫലം അതോടെ തീർന്നുകൊള്ളുമല്ലോ എന്നു്. അയാൾ “മെഷീൻ” കയ്യിലെടുത്തു് ഒന്നുചലിപ്പിച്ചു. എന്റെ തലയോടുചേർത്തു്; ജോലിയും ആരംഭിച്ചു. “ങ്ഉം” ഞാൻ അമുക്കി ഒന്നുമൂളി. അത്രമാത്രം വേദനയുണ്ടായിരുന്നു ആ മുടി പിഴുതപ്പോൾ.

“എന്നാ സാറേ! വേദനയെടുത്തോ? ഒരു പുതിയമിഷ്യൻകൂടെവാങ്ങിക്കണമെന്നു വെച്ചിട്ടുണ്ട്. എങ്ങനാണെന്നേ, കുട്ടപ്പൻ പോക്കായിസാറേ.” നീണ്ട ഒരേമ്പക്കം വിട്ടുകൊണ്ട് അയാൾ തുടർന്നു: “അങ്ങനെ ഇരിക്കയും ഉണ്ട്, എന്റെ അരക്കുട്ടിനു് വായുവിന്റെ ഒരുപിടുത്തം താഴോട്ട്. എന്നാചെയ്യാനാ. വായുഗുളികേം അരിഷ്ടോമൊക്കെയായിട്ടു് ഞാനങ്ങു കഴിയുകയാണ്.”

ഞാൻ എല്ലാം മൂളിക്കേട്ടു.

“കുട്ടപ്പാ! ഈ സുഖക്കേടതായാലും അത്ര നല്ലതല്ല. വച്ചുകൊണ്ടിരുന്നാൽ വർദ്ധിക്കും. പിന്നെയാണു് അതിന്റെ ശല്യം അനുഭവപ്പെടുക” ഒരു ചെറിയ “കൈമണി”യുടെ ഛായ ഇതിലുണ്ടെന്നു തോന്നിയേക്കാം. മുറിവിനോടുള്ള പേടിയാണ് ഈ വാക്കുകൾക്കു ജന്മം നൽകിയതു്.

“എന്റെ തോമ്മായ്ക്കും ഇതായിരുന്നു സുഖക്കേട്. പിന്നെ ആ ആശുപത്രീൽ ഇരുന്നപ്പം അവിടുത്തെ മരുന്നുകൊണ്ടാ അതു ഭേദമായതു്. എന്നിട്ടെന്നാഫലം. രണ്ടുകൊല്ലം കഴിഞ്ഞില്ല, അതിനുമുമ്പേ അവൻ ഞങ്ങളെ ഇട്ടേച്ചുപോയില്ലേ.” ആ വൃദ്ധന്റെ വാക്കുകളായിരുന്നു ഇവ. പൊട്ടുന്നുവന്ന ഒരു മഴപോലെ അതു പെയ്യുതേന്നു.

“തോമ്മാക്കുഞ്ഞിനെന്തു പററിയതാ! കുട്ടപ്പൻ ആ വൃദ്ധനെ വീണ്ടും ഇളക്കിവിട്ടു. അയാൾ പറഞ്ഞുതുടങ്ങി. എന്താണെന്നുള്ളരൂപം എനിക്കു ശരിയായിട്ടു് കിട്ടിയില്ല. ഒരു ചെറിയ ഗദ്ഗദമായകലർന്ന ശബ്ദത്തിൽ അയാളുടെ വാക്കുകൾ പുറത്തുവന്നു. അതിനൊരു കഥയുടെ നിറം ഉണ്ടായിരുന്നു; ഒരു ശോകകഥയുടെ.

“ത്രേസ്യാമ്മ ഇങ്ങനെ ചെയ്യുമെന്നു അവർ സ്വപ്നത്തിൽപോലും വിചാരിച്ചതല്ലെന്നേ. വടക്കേതിലെ വക്കച്ചൻ നല്ലവനായിരുന്നു. വക്കച്ചനും തോമ്മായുംകൂടി കൊച്ചിലേമുതൽ ഒന്നിച്ചു ചൂണ്ടയിടാനും ഒക്കെ ആ തോട്ടുവക്കത്തു പോയിരിക്കും. രണ്ടുപേരും കൈനിറയെ മീനുമായിട്ടുവരും. തുല്യമായി വീതിച്ചെടുത്താലേ അവർക്കു തൃപ്തിയാവുകയുള്ളു. അങ്ങനെ അവർ സ്നേഹിച്ചുവളർന്നവരായിരുന്നു. വക്കച്ചനു് ഇന്നു നല്ലകച്ചവടം അല്ലേ ചന്തേല്. അങ്ങോട്ടുചെന്നു് നോക്കണം. ഇപ്പം ഒരു കൊടവയറുമൊക്കെഉണ്ട്. ഒരു പൊന്നുചങ്ങലേൽ കുരിശുമൊക്കെ കഴുത്തേലിട്ട് അവിടെ അങ്ങിനെ ഇരിക്കുകയാണിപ്പോൾ. അതൊക്കെ തോമ്മായുടെ കാശല്ല” ആ വൃദ്ധന്റെ തൊണ്ട ഇടറിപ്പോയി.........“ങാ! ദൈവം ചോദിച്ചോളും” അതിനയാൾക്കു സമാധാനവുമുണ്ട്; ആ രൂപമില്ലാത്ത ഏതോ ദൈവം അവനെ വെറുതെവിടുകയില്ലെന്നു്. അതേ അയാളുടെ വിശ്വാസം അയാളെ പുലർത്തട്ടെ. എന്റെ മനസ്സിൽ മൂകങ്ങളായ ചിന്തകൾ മൊട്ടിട്ടു.

“തോമ്മാ വളരെ വിഷമിച്ചാണ് എന്റെ അടുക്കൽ വന്നതു്. ‘അപ്പച്ചാ എന്നോടു ക്ഷമിക്കണേ’ എന്നു നെലവിളിച്ചോണ്ടല്ലേ അവൻ കാലേൽ വന്നുവീണതു്. തോമ്മാ എനിക്കൊററക്കാശും അയച്ചുതന്നിട്ടില്ല, അവൻ കെട്ടിയതിൽപിന്നെ. ത്രേസ്യാക്കുട്ടിയോട് അവനത്രയ്ക്കു സ്നേഹമായിരുന്നു. അവളും നല്ലവളായിരുന്നു. ഞാൻ തോമ്മായെ ഒന്നും പറഞ്ഞില്ല. അവനെ പിടിച്ചെണീപ്പിച്ചു അവന്റെ തള്ളയോട് ഞാൻ പറഞ്ഞു അവനെല്ലാം വേണ്ടപോലെ കൊടുത്തേക്കണമെന്നു്. എനിക്കവനോട് ഒരു വിരോധോം തോന്നീല്ല. എന്തു നല്ല സ്വഭാവമായിരുന്നെന്നോ അവന്റേതു്.

“അവന്റെ അച്ചായന്റെ വീട്ടിലെ കല്യാണത്തിനു് അവരെന്റെ അടുക്കൽ അമ്പതുതേങ്ങായ്ക്കു് വന്നിരുന്നു. എനിക്കു കൊടുക്കാൻ കഴികേലെന്നുണ്ടായിരുന്നു. പിന്നേം മുപ്പതെണ്ണം ഞാൻ കൊടുത്തു. അവനാണേൽ തെണ്ടുകയായിരുന്നു; മൂത്തമോളെ ഇറക്കിവിടുകയല്ലേ പിറേറദിവസം മറിയക്കുട്ടി പറഞ്ഞപ്പളാ ഞാൻ അറിയുന്നതു്, തോമ്മാ മുപ്പതുതേങ്ങേം, നാലഞ്ചുകോഴിയേംകൂടെ പിടിച്ചുകൊടുത്തെന്നു. ഞാനൊന്നൊരുപാടുതല്ലി: അവനന്നുപോയതാ പട്ടാളത്തിൽ. എനിക്കും മറിയക്കുട്ടിക്കുംകൂടി അവനൊന്നേഉള്ളു......” ആ വൃദ്ധൻ ഉപ്പം നെന്നുള്ളമട്ടിൽ മുഖം തിരിച്ചുകളഞ്ഞു. അവിടെ ചിലകണ്ണുനീർത്തുള്ളികൾ പുറത്തുചാടാൻ ഓങ്ങിനിന്നിരുന്നവയെ എന്റെ സൂക്ഷ്മദൃഷ്ടികൾ കാണാതിരുന്നില്ല.

“ഒരുകൊല്ലത്തേക്ക് അവനെഴുത്തൊന്നും അയച്ചില്ല. ആറുമാസംകഴിഞ്ഞപ്പം എനിക്കു നൂറുരൂപാ അയച്ചുതന്നു. ഒരുകൊല്ലംകഴിഞ്ഞപ്പം, എല്ലാം ക്ഷമിക്കണേ അപ്പച്ചാ എന്നൊക്കെപറഞ്ഞു് ഒരെഴുത്തും നൂററൻപതുരൂപായും അയച്ചുതന്നു. നോക്കിക്കോണേ തോമ്മായുടെ സ്വഭാവം, അവന്റെ അച്ചായനല്ലേ, പാവമാണല്ലോ എന്നുവിചാരിച്ചു അവനാതേങ്ങാ പെറുക്കിക്കൊടുത്തപ്പം ഞാനങ്ങനെ തല്ലാമായിരുന്നോ?’ കണ്ണുനീർ ആ കണ്ഠത്തിൽ വന്നുനിന്നവാക്കുകളെ പുറത്തുവിട്ടില്ല. എനിക്കു കഥയിൽ രസംതോന്നിത്തുടങ്ങി. പിന്നെ എന്തുണ്ടായിയെന്നറിയാൻ എനിക്കു വലിയ ആകാംക്ഷയുണ്ടായി. ഇപ്പോൾ ഒരെത്തുംപിടിയുമില്ലാത്ത സ്ഥലത്തായപ്പോയില്ലേന്നിലേ.

“അവൻ പട്ടാളത്തീന്നു് വന്നപ്പം ഉള്ള കാശുമുഴുവൻ ത്രേസ്യക്കുട്ടിക്കെടുത്തുകൊടുത്തല്ല് കുറച്ചുമാത്രമേ കൊണ്ടുവന്നിരുന്നുള്ളു. അതുതീർന്നപ്പം തുടങ്ങിയതാ അവനുവിഷമം. വല്ല ജോലീംചെയ്യാതെ ഇങ്ങനെ ഇരിക്കാൻമേല എന്നാ അവൻ പറയാറുണ്ടായിരുന്നതു്. ഞാൻ പറയും, ജോലിയൊന്നുമില്ലെങ്കിലും അവനു ഞാൻ ചോറുകൊടുത്തോളാമെന്നു്. അപ്പച്ചനെ വയസ്സുകാലത്തു് ബുദ്ധിമുട്ടിക്കാതെ അവന്റെ തടികൊണ്ടു് ജോലിചെയ്തു കാശുണ്ടാക്കി തിന്നാലേ അവനു് തൃപ്തിയൊള്ളു. എവിടെ ജോലികിട്ടുന്നു? അങ്ങനെ നടന്നപ്പളാണു് അവിടെ ആശുപത്രീൽ ഓട്ടികൊടുത്തോണ്ടിരുന്ന അയാളു് മരിച്ചുപോയതു്. ആ ജോലി തോമ്മായ്ക്കു് കിട്ടി. ശമ്പളം വലുതായിട്ടൊന്നുമില്ലെങ്കിലും ആ ജോലി അവനിഷ്ടപ്പെട്ടതായിരുന്നു. രോഗികൾക്കാണെങ്കിൽ ഇവനെ വല്യകാര്യവുമായിരുന്നു. അതെങ്ങനാണെന്നുചാ, പാവപ്പെട്ട രോഗികളാണെങ്കിൽ അവൻ അവർക്കു തുണിവാങ്ങിച്ചുകൊടുക്കും, എന്നാവേണെങ്കിലും ചെയ്യും. അവർക്കൊന്നുപറഞ്ഞാൽ തോമ്മാക്കുട്ടി ജീവനായിരുന്നു. ആർക്കായിരുന്നു അല്ലാത്തതു്; ആ പിഴച്ചപെണ്ണിനുമാത്രം...........” അയാളുടെ ആടിനിന്നിരുന്ന പല്ലുകൾ ഇറുമ്മുന്നശബ്ദം പുറത്തുകേട്ടില്ല. ആ വൃദ്ധമുഖത്തു കോപത്തിന്റെ നേരിയനിഴലുകൾ പരന്നു. എന്തിനെന്നെനിക്കു മനസ്സിലായില്ല. ഏതു പിഴച്ച പെണ്ണ്.........

“ഞാനന്നേപറഞ്ഞതാ ആ കല്യാണം നടത്തേണ്ടെന്നു്, തോമ്മായുടെതള്ളയുടെ നിർബന്ധമായിരുന്നു അതു്. മറിയക്കുട്ടിയുടെ ആരാണ്ടാണ്ടപോലും അവൾ. തോമ്മായുടെ കാശുമുഴുവൻ ഇങ്ങനെ കളയാതിരിക്കും അവനെന്നു കെട്ടിയാല്. അതുകൊണ്ടു് അതങ്ങുനടത്തണമെന്നാണു അവടെ നിർബന്ധം. തോമ്മായ്ക്കും അതങ്ങുപിടിച്ചു. ക്രിസ്തുമസ്സിനു് അവൻ അവധിക്കു വന്നപ്പം കല്യാണോം നടന്നു. രണ്ടാഴ്ചകഴിഞ്ഞപ്പം അവനങ്ങുപോയി. പോയി ഒരുമാസം കഴിഞ്ഞപ്പം എഴുത്തുമില്ല ഒന്നുമില്ല. രൂപാ ത്രേസ്യാക്കുട്ടിക്കു ഒരുപാടുവരുന്നുമുണ്ട്. അവളങ്ങവളുടെവീട്ടിലും പോയി. എന്തിനാ അധികം പറയുന്നതു്. ഞാൻ പറഞ്ഞതാ ഇവിടെ താമസിക്കണമെന്നു്. അന്നു് വക്കച്ചനെന്താ തുന്നജോലി; ആ ഏതാണ്ടായിരുന്നു. ത്രേസ്യാക്കുട്ടിയോടു അവനു് കുറേശ്ശ അടുപ്പമുണ്ടെന്നു് ആരാണ്ടൊക്കെ പറയുന്നുമുണ്ടായിരുന്നു. ഞാൻവിചാരിച്ചു, അവളത്ര ചീത്തയൊന്നുമല്ല അവന്റെ പണംവാങ്ങിച്ചതിനോണ്ടു് തോമ്മാക്കുട്ടിയെ ചതിച്ചെന്നു് ഇവരുടെ മററുംകൂടെ ഇറങ്ങിപ്പോകാനെന്നു്. ഒരുകണക്കിനു ശരിയുമായിരുന്നു. അവളു് അവനെ മൂന്നുപ്രാവശ്യം ആട്ടിഇറക്കിയതാ. ആദ്യമൊക്കെ തോമ്മയുടെ കാര്യമന്വേഷിച്ചുവരും. അങ്ങനെ അവനങ്ങു പാററിക്കൂടി.

“കാര്യം അങ്ങുമൂത്തു. ഞാൻകേട്ടു ത്രേസ്യക്കുട്ടിക്കു വയററിലുണ്ടെന്നു്. എനിക്കറിയാമോ; ഞാനോടി അവിടെ ചെന്നു. അവളെന്നോട് പറയുകയാണ്, ‘ഇയാളാരാ കുവേ! എന്നെ ശാസിക്കാൻ. വയസ്സുകാലത്തു് പേരുചീത്തയാകണ്ടെങ്കിൽ പോയി ചുമ്മാ ഇരുന്നോന്നു! ഞാൻ അന്തിച്ചുപോയി. അവനും ഉണ്ടായിരുന്നു അവിടെ, വക്കച്ചൻ അവനെന്നോടുപറഞ്ഞു പോയി കേസു കൊടുക്കാൻ. ഞാൻ വിറച്ചുപോയി. ഒററയടിയേ അവനെ ഞാൻ അടിച്ചൊള്ളു. അവനെന്നീററതു് പിന്നെ ഞാൻ പടിയൊറങ്ങിയേപ്പിന്നെയാ!’ താൻ പറഞ്ഞതു്; അതിന്റെ ശരിയായ ശക്തിയിൽതന്നെ അതു് ശ്രോതാക്കളിൽ തട്ടിയിട്ടുണ്ടോ എന്നറിയാൻ അയാൾ സ്വല്പനേരത്തേക്കു ഒന്നു നിർത്തി. ഞങ്ങൾ ശബ്ദിച്ചില്ല. വേറെ ഒന്നുരണ്ടു കസേരകളിൽ ഇരുന്നവർ ഇതിൽ ശ്രദ്ധിക്കുന്നുമില്ലായിരുന്നു. കത്രിക ചലിക്കുന്ന ശബ്ദവും ഫാനിന്റെ ഇരമ്പലുമൊഴിച്ചാൽ ഒരു മൂകതയ്ക്കായിരുന്നു, അവിടെ കൂടുതൽ സ്ഥാനം. വിയർത്തുതുടങ്ങിയ മുഖം അയാൾ തോളിൽകിടന്ന തോർത്തെടുത്തു നല്ലതുപോലെ തുടച്ചു. കഷണ്ടിബാധിച്ചു് അങ്ങുമിങ്ങും ചില നരച്ച നീണ്ടമുടികളോടുകൂടിയ തലയും ഒന്നു വൃത്തിയായി തോർത്തി അയാൾ ഒരു ഒഴിഞ്ഞ കസേരയിൽ ഇരുന്നു. എനിക്കാശ്വാസമായി; ഞാൻ വിചാരിച്ചു, അയാൾ പൊയ്ക്കളയുമെന്നു്.

കുട്ടപ്പൻ പണി മുറയ്ക്കു തുടരുന്നുണ്ടായിരുന്നു. ഇടയ്ക്കിടയ്ക്കു് എന്റെ ചെവി പിടിച്ചുവലിച്ചും, കവിളത്തു കുത്തിയും, പിടിച്ചുതിരിച്ചും എന്റെ തല അങ്ങോട്ടുമിങ്ങോട്ടും മാററി കത്രികകൊണ്ടു് ചില പണികളൊക്കെ അവൻ ചെയ്യുകൊണ്ടിരുന്നു. കഥയിൽ അവൻ വലുതായി ശ്രദ്ധിക്കുന്നില്ലെന്നു് എനിക്കു മനസ്സിലായി.

“മുടി നീളം കുറയ്ക്കണോ?” അവനെന്നോടു ചോദിച്ചു.

“ഉം” ഞാനൊന്നു മൂളുകമാത്രം ചെയ്തു. പക്ഷേ അവൻ വിചാരിച്ചെങ്കിലോ അടുത്ത വെട്ട് ഒരു രണ്ടുമാസത്തേക്കു മാററിവെക്കാനുള്ള എന്റെ വിദ്യയാണെന്നു്. ഞാൻ വിട്ടില്ല “വേനൽക്കാലമല്ലേ നീളം കുറഞ്ഞിരുന്നുകൊള്ളട്ടെ.” അവൻ ഒരുകുപ്പിവെള്ളം എന്റെ തലയിൽ തെറിപ്പിച്ചു. രണ്ടുകൈകൊണ്ടും നല്ലതുപോലെ ഒന്നുകോതി മുടിപിടിച്ചു് രണ്ടുപ്രാവശ്യം കലുക്കി ചീപ്പെടുത്തു് മുടി രണ്ടുവശത്തേക്കും ചീകിഒതുക്കി. ഞാൻ കണ്ണാടിയിലേക്കു് ഒന്നു നോക്കി. ഛേ!

“അന്നുമുതൽ വക്കച്ചൻ അവിടെ താമസം തുടങ്ങി. അവൾ പണം മുഴുവൻ അവനു് കൊടുത്തു. തോമ്മാക്കുട്ടി ജീവൻ പണയംവെച്ചു് സമ്പാദിച്ചപണം മുഴുവൻ അവൾ ആ തിമ്മനു് തീറെഴുതി. രണ്ടായിരം രൂപാ! യുദ്ധകാലമല്ലേ അവനങ്ങുകേറി. കള്ളക്കച്ചോടോം ഒക്കെ അവൻ ചെയ്യും. ഇപ്പം അവൻ രണ്ടുമുറിപ്പുരയിടോം മറെറാക്കെ എഴുതിച്ചു് മുതലാളിയായിപ്പോയി. ത്രേസ്യാക്കുട്ടിക്ക് കൊച്ചുങ്ങളും രണ്ടായി.

“ആയിടയ്ക്കാണ് തോമ്മാക്കുട്ടി വരുന്നെന്നു് കമ്പിവന്നതു്. യുദ്ധം നിന്നപ്പോൾ അവരെല്ലാം പിരിഞ്ഞുപോന്നു. തോമ്മാക്കുട്ടി വരുന്നെന്നുകേട്ടപ്പോൾ അവൾക്കായിത്തുടങ്ങി. പക്ഷേ വേറെവല്ലോം ചെയ്യാനുണ്ടോ? അവൻ നേരെ അങ്ങോട്ടാണ് പോയതു്. അവിടെ ചെന്നപ്പം അവൻ കാണേണ്ടതൊക്കെകണ്ടു. അവനൊന്നും പറഞ്ഞില്ല. ആരാണെന്നുപോലും

# *ഭൂമിശാസ്ത്രത്തിന്നൊരു മുഖവുര

## ശാസ്ത്രീയമായ ഒരു വിശകലനം

സർദാർ ചന്ദ്രോത്ത് കുഞ്ഞിരാമൻനായർ

നമ്മുടെ സൂര്യഗോളം, അന്തരീക്ഷത്തിൽ അതിശീഘ്രം സഞ്ചരിച്ചുകൊണ്ടിരുന്ന പടുകൂറ്റനായ മറ്റൊരു സൂര്യഗോളവുമായി ഒരിക്കൽ യാദൃച്ഛികമായി കൂട്ടിമുട്ടിയെന്നും ആ ഭയങ്കരമായ കൂട്ടിമുട്ടലിൽ നമ്മുടെ സൂര്യഗോളത്തിന്റെ പല ഭാഗങ്ങളും അടർന്നുപൊട്ടി ഛിന്നഭിന്നമായി എന്നും, അങ്ങനെ പൊട്ടിത്തെറിച്ച കഷണങ്ങളാണ് ആകാശവിസ്തൃതിയിൽ ബുധൻ, ശുക്രൻ, ചൊവ്വ, വ്യാഴം തുടങ്ങിയ അനേകം ഗ്രഹങ്ങളായിത്തീർന്നതെന്നും, ആ ഗ്രഹങ്ങളുടെ കൂട്ടത്തിൽ ഒന്നുമാത്രമാണ് നമ്മുടെ ഭൂമിയെന്നും ആണ് ഭൂമിശാസ്ത്രം എടുത്തപ്പോൾ ഭൂമിയുടെ ഉത്ഭവത്തെപ്പറ്റി എന്നെ എന്റെ 'ടീച്ചർ' പഠിപ്പിച്ചിരുന്നത്.

ഒരു യാദൃച്ഛികസംഭവമാണ് ഭൂമിയുടെ ഉൽപത്തിക്കിടയാക്കിയത്. ഈ സൗരയൂഥമുണ്ടാവാൻ തന്നെ കാരണമാക്കിയത് എന്നതോ, "അപ്പോൾ സൂര്യന്റെ ഉല്പത്തിയോ സാർ?" എന്ന് ടീച്ചറോട് ന്യായമായി സംശയം ചോദിക്കേണ്ടതായിട്ടുണ്ട്. അങ്ങനെ ചോദിക്കുകയാണെങ്കിൽ "അതു മറ്റൊരു യാദൃച്ഛികസംഭവഹേതുവായി" എന്ന മറുപടിയേ കിട്ടാനിടയുള്ളൂ എന്നു തീർച്ചയാണ്. യാദൃച്ഛികസംഭവസിദ്ധാന്തത്തിൽ ഇതല്ലാതെ മറുപടിയില്ലെന്നു സ്പഷ്ടമാണ്.

യാന്ത്രികമായ ഈ പഠിപ്പ് എന്നെ വളരെക്കാലത്തേക്ക് അന്ധനാക്കി. എന്നുവെച്ചാൽ, കൊളംബസ്സിന്റെയും വാസ്ഗോഡിഗാമയുടെയും കോപ്പർനിക്കസ്സിന്റെയും പരിശ്രമങ്ങളും എനിക്ക് യാദൃച്ഛികസംഭവങ്ങളായിരുന്നു. ചരിത്രത്തിൽ പ്രാധാന്യമർഹിക്കുന്ന ഫ്രഞ്ച് വിപ്ലവം എനിക്ക് യാദൃച്ഛികസംഭവമായിരുന്നു. ൧൯൧൪—൧൮-ലെ ഒന്നാം ലോകമഹായുദ്ധം എനിക്ക് യാദൃച്ഛികസംഭവമായിരുന്നു, എന്തിനു, റഷ്യൻ വിപ്ലവംപോലും എനിക്ക് യാദൃച്ഛികസംഭവമായിരുന്നു എന്നു പറയട്ടെ. ഈ യാദൃച്ഛികവാദം മനുഷ്യനെ യന്ത്രമാക്കുകയേ ചെയ്യുന്നുള്ളൂ എന്നതിനു ഇനിയും ഉദാഹരണങ്ങൾ ആവശ്യമില്ല. ഏതൊന്നിനെയും അതിന്റെ പരിസരങ്ങളോടൊപ്പം ശാസ്ത്രീയമായി അപഗ്രഥിച്ചു സൂക്ഷ്മമായി പരിശോധിക്കുന്ന സമ്പ്രദായം ഏറെവും വളർന്നുകഴിഞ്ഞിട്ടുള്ള ഇക്കാലത്തുകൂടി അദ്ധ്യാപകന്മാരിൽ മിക്കവരും വിദ്യാർത്ഥികളെ ഭൂമിശാസ്ത്രം പഠിപ്പിക്കുന്നത് ഈ യാദൃച്ഛികസംഭവസിദ്ധാന്തമനുസരിച്ചാണെന്നോർക്കുമ്പോൾ ഇന്നത്തെ വിദ്യാഭ്യാസം മനുഷ്യനെ ഒരുതരം യന്ത്രമാക്കുകയേ ചെയ്യുന്നുള്ളൂ എന്നു തെളിയുന്നു. ഈ പഠിപ്പ്, അടിമത്തവും, അക്രമങ്ങളും, കൂട്ടക്കൊലകളും, വെട്ടിപ്പിടുത്തങ്ങളും ഒക്കെ യാദൃച്ഛികസംഭവങ്ങളാണെന്നും, അതു ശാശ്വതമായി തുടർന്നുപോകുമെന്നും ഉള്ള തെറ്റിദ്ധാരണ ജനങ്ങളിൽ ഉളവാക്കുവാൻ സഹായിക്കുകയാണ് ചെയ്യുന്നത്. അങ്ങിനെ അധികാരിവർഗ്ഗത്തിന്റെ സ്വേച്ഛാധിപത്യം ഉറപ്പിക്കാനുള്ള ഉപകരണങ്ങളിൽ ഒന്നായിട്ടാണ് യാദൃച്ഛികസംഭവസിദ്ധാന്തം ഇന്നു വിവരിക്കുന്നത്. ശാസ്ത്രീയമായി വേണ്ടവണ്ണം അപഗ്രഥിച്ചുപരിശോധിക്കുന്നതിൽനിന്നു ഇതു ജനങ്ങളെ വിമുഖരാക്കുന്നു. ഉത്ഭവത്തെയും വളർച്ചയേയും നാശത്തേയുംപറ്റിയുള്ള ശാസ്ത്രീയമായ ജ്ഞാനം ഇതു നിഷേധിക്കുന്നു. ഈ സിദ്ധാന്തം അന്തമില്ലാത്ത കുഴപ്പത്തിനു കാരണമായിത്തീർന്നിരിക്കുന്നു" എന്നാണ് ഒരു ചിന്തകൻ പറയുന്നത്. അദ്ദേഹം വീണ്ടും പറയുന്നു: "ഇതുപഠിപ്പിക്കുന്നവരെയുംപഠിക്കുന്നവരേയും ഗ്രന്ഥകാരന്മാരേയും വായനക്കാരേയും ഒരുപോലെ മനംമടുപ്പിക്കുന്നഒരവസ്ഥയായിത്തീർന്നിരിക്കുന്നു." അതുകൊണ്ടു നമുക്ക് ഭൂമിശാസ്ത്രം ശാസ്ത്രീയമായ പരിശോധനാമാർഗ്ഗങ്ങളിൽ കൂടി നല്ലതിന്മണ്ണം അപഗ്രഥിച്ചുവേണം പഠിക്കുവാൻ. അതിനു ആദ്യമായിത്തന്നെ ഈ യാദൃച്ഛിക—യാന്ത്രിക വാദം എന്തൊന്നാണ് എന്നും, എങ്ങിനെവന്നുചേർന്നു എന്നും ചിന്തിച്ചുനോക്കേണ്ടിയിരിക്കുന്നു.

പഴയഗ്രീക്കുതത്വജ്ഞാനികളിൽ ആരും തന്നെ പ്രപഞ്ചത്തെ യാന്ത്രികമായിവീക്ഷിച്ചിട്ടില്ലെന്നു കാണാവുന്നതാണ്. എന്നാൽ, പിന്നീടു പ്രത്യക്ഷപ്പെട്ട പുതിയ പ്രകൃതിശാസ്ത്രം, മിക്കവാറും വ്യവസായവിപ്ലവത്തോടടുത്തു പെറ്റുണ്ടായിരുന്ന ഇംഗ്ലീഷുശാസ്ത്രത്തിന്റെ പിടിയിൽപ്പെടുകയും അതായതു യാന്ത്രികവാദത്തിന്റെ സ്വാധീനശക്തിയിൽപ്പെട്ട്—അതിന്റെ ഗതിമാറിപ്പോവുകയും ചെയ്തു. സേക്കണും, ലോക്കും ഈ യാന്ത്രികചിന്താരീതി പ്രകൃതിശാസ്ത്രത്തിൽനിന്നു തത്വശാസ്ത്രത്തിലേക്കുകൂടി സംക്രമിപ്പിക്കുകയുണ്ടായിട്ടുണ്ട്.

യാന്ത്രികവാദികൾ വസ്തുക്കളെ പരിശോധിക്കുന്നതു ഒന്നിനെ മറ്റൊന്നിൽനിന്നും വേർപ്പെടുത്തി—ഒറ്റപ്പെടുത്തിയിട്ടാണ്. അതിനോടുബന്ധപ്പെട്ട മറ്റെല്ലാററിനേയും അവഗണിച്ചുകൊണ്ടാണ്; പരിസരങ്ങൾ, ചരിത്രം, ഇതൊന്നും പരിശോധിക്കാതെയാണ്. ഓരോന്നും അവക്കു സ്ഥിരമായി നിലക്കൊള്ളുന്ന—ഇളക്കമില്ലാത്ത എന്നെന്നേക്കുമുള്ള - പരീക്ഷണവസ്തുക്കളാണ്. അവരുടെ വാദത്തിൽ, ആശയങ്ങൾ പ്രപഞ്ചത്തിന്റെ—വസ്തുക്കളുടെ—പ്രതിഛായയല്ല. അതു അങ്ങിനെതന്നെയുള്ള ഒന്നാണ്. ഇതാണ് യാന്ത്രികചിന്താരീതിയുടെ ചുരുക്കം.

പതിനഞ്ചാംനൂററാണ്ടിനുശേഷം വളരെ വേഗത്തിൽ മുന്നോട്ടുകുതിച്ചുചാടിയ പ്രകൃതിശാസ്ത്രത്തിനു, ൧൭-ാംനൂററാണ്ടോടുകൂടി പ്രകൃതിയെ ഒന്നായി വിശകലനം ചെയ്യാൻ വിഷമം നേരിട്ടു. അതിനു ചില പദ്ധതികൾ സ്വീകരിക്കേണ്ടിവന്നു. അവ പൊതുവേ ഇതായിരുന്നു.

(൧) പ്രകൃതിപരിണാമങ്ങളേയും വസ്തുക്കളേയും തരംതിരിച്ചു പരിശോധിക്കുക.

(൨) വസ്തുക്കളുടെ ആഭ്യന്തരഘടനയെ പഠിക്കുക.

ഈവിധത്തിൽ അപഗ്രഥിച്ചുമുന്നോട്ടുപോയിക്കൊണ്ടിരുന്ന പ്രകൃതിശാസ്ത്രം, ക്രമേണ എല്ലാററിനേയും ഒറ്റപ്പെടുത്തിക്കാണുകയെന്ന തെററായവഴിക്കു തിരിഞ്ഞു. വസ്തുക്കളെ ഒന്നൊന്നായി പരിശോധിക്കാനാരംഭിച്ചപ്പോൾ അവർ അവതമ്മിലുള്ള ബന്ധം മറന്നു; ചലനം മറന്നു. ഇതാണുണ്ടായത്. ചുരുക്കത്തിൽ, മറ്റെല്ലാററിനെയുംപോലെ ഇതും അക്കാലത്തെ സാമൂഹ്യഘടനയുടെ പ്രതിഫലനമായിത്തീർന്നു; യാന്ത്രികവാദത്തിൽ ചെന്നുചേർന്നു.

അവർ ഭൂമിയേയും സൌരയൂഥത്തിൽനിന്നു ഒറ്റപ്പെടുത്തിയാണു നോക്കിയത്. അവരുടെ സിദ്ധാന്തപ്രകാരം യാദൃച്ഛികമായി ഉണ്ടായ ഒന്നാണ് ഭൂമി, അതു അങ്ങിനെതന്നെ നിലനില്ക്കുകയുംചെയ്യും. ൧൭-ാംനൂററാണ്ടിൽ ന്യൂട്ടൻ ഈ സിദ്ധാന്തത്തെ വിപുലപ്പെടുത്തി, "പ്രാരംഭമായി ഒരുപ്രചോദനം കിട്ടിയതിന്റെ ഫലമായി ചലിക്കാൻതുടങ്ങിയിട്ടുള്ളതാണ് സൌരയൂഥമെന്നും, അതിന്റെ ചലനം ശാശ്വതമായി തുടർന്നുപോകുമെന്നും" ആണ് ന്യൂട്ടൻ പ്രതിപാദിച്ചത്. ഏതാണ്ട് അതേ തത്വത്തെ അടിസ്ഥാനപ്പെടുത്തി 'ബെൺഹാർഡ് വേറിനസ്സ്" ൧൬൫൦-ൽ പ്രസിദ്ധപ്പെടുത്തിയ ഭൂമിശാസ്ത്രം കേംബ്രിഡ്ജ് സർവ്വകലാശാലയിൽ പാഠപുസ്തകമാക്കണമെന്നുപോലും ന്യൂട്ടൺ ശുപാർശ ചെയ്തു. ൧൬൭൨-ൽ അതിന്റെ രണ്ടാംപതിപ്പു പുറത്തിറക്കുകയുമുണ്ടായി. ഇങ്ങിനെയൊക്കെയാണ് പ്രകൃതിശാസ്ത്രത്തിൽ യാന്ത്രികചിന്താരീതി കടന്നുകൂടിയതും അതിന്റെ മുന്നോട്ടുള്ള ഗതിതെററിച്ചതും. എന്നാൽ, ൧൮-ാംനൂററാണ്ടിന്റെ അവസാനഘട്ടത്തിലും, ൧൯-ാംനൂററാണ്ടിലും ഉണ്ടായ പുരോഗമനവാദികളായ ചില ചിന്തകന്മാർ ഈ യാന്ത്രികവാദത്തെ കാര്യകാരണസഹിതം നിശിതമായെതിർക്കാൻ തുടങ്ങി; വമ്പിച്ച പ്രാബല്യംസിദ്ധിച്ചിരുന്ന ഈ വാദഗതിയുടെ അടിപുഴക്കിക്കളയത്തക്ക

* താഴെപറയുന്ന ഗ്രന്ഥങ്ങളുടെ സഹായത്തോടുകൂടിയാണിതെഴുതിയിട്ടുള്ളത്.

1. An Outline of Modern Knowledge.
2. Outline of History — H. G. Wells.
3. Routledges Universal Encyclopaedia.
4. Our India — Minoo Masani.
5. Science and Everyday Life — J. B. S. Haldaine.
6. C. P. S. U (B)
7. Orign of Family — Angels.
8. Dawn Over Samarkand — Joshna Kunity
9 Anti-During — Angels.

ചോദിച്ചില്ല; തിരിഞ്ഞിറങ്ങി നടന്നുകളഞ്ഞു. പടിക്കൽവെച്ച് അവൻ വക്കച്ചനെ കണ്ടു; ഒരു കുററവാളിയെപ്പോലെ തലയുംകുനിച്ച് ഒതുങ്ങിനില്ക്കുന്നു. കുറച്ചുനേരം സംശയിച്ചുനിന്നശേഷം തോമ്മാക്കുട്ടി അവിടുന്നു നടന്നുകളഞ്ഞു. അവനെല്ലാം മനസ്സിലായി. അവനു നല്ല ബുദ്ധിയാ. ആ വരവാണ് അവൻ വീട്ടിൽ വന്നതു്. രണ്ടുദിവസത്തേക്ക് അവൻ ഉണ്ടിട്ടുമില്ല, ഉറങ്ങിയിട്ടുമില്ല പിന്നെ അവനതൊക്കെ അങ്ങു മറന്നു. അവനൊന്നും പറഞ്ഞില്ല. അതാണെനിക്കു കൂടുതൽ സങ്കടം. മറിയക്കുട്ടിയും ഒന്നു ചോദിച്ചില്ല. അതു നടക്കാത്തപോലെ ഞങ്ങളങ്ങുഭാവിച്ചു. അല്ലായിരുന്നേൽ.........

"അല്ല. അവനത്രമണ്ടനും മറവുമല്ലായിരുന്നു, കെട്ടിത്തൂങ്ങിച്ചാകാനും മററും. ഞാനും അതറിഞ്ഞോണ്ടുതന്നെയാ ഒന്നും പറയാതിരുന്നതു്. അവനല്ലാതെ വേറെ ആരായിരുന്നെങ്കിലും അവരിങ്ങനെ ഉണ്ണുമെന്ന് സ്വപ്നംപോലും കാണണ്ടായിരുന്നു. അവൻ ചിലപ്പോഴൊക്കെ ഇരുന്നു കരഞ്ഞുപോകും; ആ പടിപ്പുരയിറങ്ങിയപ്പോൾ ത്രേസ്യാക്കുട്ടിയുടെ കിലുകിലെ ഉള്ള ചിരികേട്ടു എന്നു പറഞ്ഞു. അവളു് അവന്റെ ചങ്കിനു് കത്തിവച്ചില്ലേ. ആ മുറിവു് കുറച്ചുവലുതായിരുന്നു."

ഞാൻ എന്റെ ശ്രദ്ധമുഴുവൻ ചെലുത്തി ആലോചിച്ചു. ഇപ്പോൾ എനിക്കു മനസ്സിലായി എന്തായിരുന്നു ആ മുറിവെന്നു്. എന്നിട്ടു് ആ മുറിവു കരിഞ്ഞോ എന്നു് ചോദിക്കാൻ ഞാൻ ആഞ്ഞു. പക്ഷേ വിളുമ്പിലെങ്ങുനിന്നോ പ്രവഹിക്കുന്ന ഒരു ശോകഗാനംപോലെ അയാളുടെ ശബ്ദം വീണ്ടും ആ വായുവിൽ അലതല്ലി. ഞാൻ അതുകേൾക്കാൻ ഉൽസുകനായിരുന്നു. ഞാൻ അയാളെ ഒന്നു നോക്കി, വിടർന്ന കണ്ണുകളോടെ.

"ആ മുറിവു കരിഞ്ഞില്ല. അതു പഴുത്തു പഴുത്തു് അങ്ങനെ ഇരുന്നു. ആശുപത്രിയിലെ പണി അവനു് കുറച്ചു സമാധാനംകൊടുത്തിരുന്നു. അങ്ങനെ പണത്തിന്റെ ആവശ്യമില്ലാതെ, ആരോരുമാശ്രയമില്ലാത്തവനെപ്പോലെ അവനങ്ങു ജീവിച്ചു."

ആ പ്രേതലോകത്തിലെ അവന്റെ ജീവിതം ഞാൻ ഭാവനയിൽ ദർശിച്ചു. നീളുന്ന നിഴലുകൾ നിറഞ്ഞ അവന്റെ ജീവിതം കരിനിഴലുകൾ മൂടിക്കഴിഞ്ഞു. അതിലെങ്ങും ഒരു വഴിത്താരപോലും തെളിഞ്ഞു കാണാനായിരുന്നില്ല. ആ ജീവിതം—ഒരു വലിയ കേറാം അവൻ ഇന്തിക്കേറുകയായിരുന്നു. വേറെ ആരുമില്ല സഹായത്തിനു്, ബലവത്തായ രണ്ടു കൈകളും ഉറച്ച ഒരു ഹൃദയവുമൊഴിച്ചാൽ.

"ചിലപ്പോൾ അവൻ രാത്രിയിൽ വീട്ടിൽ വരും. വല്ല കഞ്ഞിവെള്ളം മോന്തിക്കൊണ്ടു ആ തിണ്ണയിൽ കിടക്കും. നേരം പരുപരാ വെളുക്കുമ്പോഴേയ്ക്കു് അവൻ എണീററു നടന്നുകാണും. ഞാൻ രാവിലെ നോക്കുമ്പോൾ അവനെ കാണുകയില്ല അവൻ പോയിക്കഴിഞ്ഞിരിക്കും അവനെ ആശ്രയിച്ചു കഴിയുന്ന ആ രോഗികളുടെ ഇടയിലേക്കു്. അവന്റെ മനസ്സത്ര നല്ലതാണ്. അവർക്കു അവനാണ് ഒരു താങ്ങും തണലും. അവരുടെ ശുശ്രൂഷ അവനും

"അന്നൊരിക്കൽ അവൻ ത്രേസ്യാക്കുട്ടിയെ കണ്ടു, അവളുടെ മൂന്നാമത്തെ പ്രസവത്തിനു അവൾ ആശുപത്രിയിൽ ഒരു വണ്ടിയിൽ വന്നിറങ്ങിയപ്പോൾ. അവൻ മുഖംപൊത്തിക്കൊണ്ടുപോയി. വീണതു് താഴെ മുററത്തേക്കായിരുന്നു, ഒരു കരിങ്കല്ലിലേയ്ക്കു്. അവളും അവനെ കണ്ടില്ല. കണ്ടാലും ഒട്ടറിഞ്ഞുമില്ല. അതിനൊട്ടവൾക്കു സമയവുമില്ല. അന്നു മുഴുവൻ തോമ്മാക്കുട്ടിക്കു ബോധമില്ലായിരുന്നു. രണ്ടുമാസം കഴിഞ്ഞാണ് അവൻ എണീററതു്. നല്ല സുഖമില്ലായിരുന്നിട്ടും അവൻ പിന്നെയും പണിക്കു ചെല്ലുമായിരുന്നു. അവനു ഒരുകപ്പു വെള്ളം കൊണ്ടുകൊടുക്കുവാൻ ഒരു പെൺകൊച്ചില്ലാതായിപ്പോയി. ഞാൻ പറഞ്ഞു ഇതൊക്കെ അങ്ങൊഴിപ്പിച്ച് വേറെ ഒന്നു ചെയ്യാൻ. അവൻ കേട്ടില്ല. അവൻ പറഞ്ഞു അതിനവനു് ഇഷ്ടമല്ലെന്നു്. അതിനു വിധിയില്ലെന്നു്."

ഞാൻ ചിരിച്ചില്ലെന്നേയുള്ളൂ. വിധിയിലുള്ള വിശ്വാസം. അങ്ങനെയൊരു വിധിയുണ്ടോ, വക്കച്ചനെന്നും തോമ്മായ്ക്കു മറ്റൊന്നും എഴുതിക്കൊടുക്കുന്ന വിധി.

"എന്തിനു പറയുന്നു തോമ്മാക്കുട്ടി തീരെ സുഖമില്ലാതെ കിടപ്പായിപ്പോയി. ഒരുമാസം ആ കിടപ്പുകിടന്നു. അവൻ അറിയാതെ പറഞ്ഞുപോയി; ത്രേസ്യാക്കുട്ടിയെ അവനൊന്നു കാണണമെന്നു്. പക്ഷേ ഉടൻതന്നെ അവന്റെ മുഖം ചൊവന്നു. അടുത്തിരുന്ന മരുന്നുകുപ്പിയെടുത്തു അവരുടെ കല്യാണത്തിന്റെ അന്നെടുത്ത ഫോട്ടോയിലേയ്ക്കു് ഒരേറുകൊടുത്തു. അവൻ കമന്നുകിടന്നു തേങ്ങി തേങ്ങി കരഞ്ഞു..........

"ഒരാഴ്ച കഴിഞ്ഞപ്പളാണു കുട്ടപ്പാ അതു്. എനിക്കോർക്കാൻ മേല. തോമ്മാക്കുട്ടിയുടെ ചുണ്ടിൽ ഒരു പുഞ്ചിരി പരന്നിരുന്നു. അവൻ പറഞ്ഞു; അപ്പച്ചൻ ദുഃഖിക്കരുതെന്നു്; അപ്പച്ചന്ന ദൈവം തരുമെന്നു്. അവനങ്ങനെ ചിരിച്ചുകൊണ്ടുതന്നെ കിടന്നു. പെട്ടിയിൽവെച്ചപ്പോഴും ആ ചിരി മാഞ്ഞിരുന്നില്ല."

മരവിച്ച ആ കിടപ്പിൽ, വിധിയിൽ വിശ്വസിച്ച്, വിശപ്പിന്റെയും വികാരത്തിന്റെയും വിളികടിമയായ ലോകത്തെ നോക്കി അവൻ പുച്ഛിച്ചുപുഞ്ചിരിക്കുകയായിരുന്നിരിക്കണമെന്നു ഞാനോർത്തുപോയി..........................

കുട്ടപ്പൻ കത്തിയെടുത്തു. അവൻ അതു തേച്ചു ശരിപ്പെടുത്തി.

"കുട്ടപ്പാ! കത്തികൊണ്ടുവേണ്ട വെട്ടി ശരിപ്പെടുത്തിയാൽ മതി." ഞാൻ പറഞ്ഞുപോയി.

"ഇതു പുതിയ കത്തിയാണു സാറെ! സാറിന്റെ വിചാരം ഇതുകൊണ്ടു രോമം പറിക്കുമെങ്കിൽ കൊടിലുകൂടെ വേണമെന്നായിരിക്കും. ആ പഴേ കത്തിയൊക്കെ മാറ്റിക്കളഞ്ഞു" അവൻ സമ്മതിക്കുന്ന ലക്ഷണമില്ല. ജാതകഫലം ശരിപ്പെടുത്തിയേ അവൻ മാറുകയുള്ളൂ എന്നു തോന്നുന്നു. തലമുടിയിൽ അവൻ കത്തിയോടിച്ചു. കിർ, കിർ എന്നൊരു അസുഖശബ്ദത്തോടെ അതു താഴോട്ടു മാറിത്തുടങ്ങി.

"ഉം" ഞാനൊന്നറിയാതെ മൂളിപ്പോയി,

"ങ്ഉം?" അവന്റെ ഒരു നീണ്ട മൂളൽ.

ങ്ങ്ങ്" ഞാൻ നിഷേധരൂപത്തിൽ മൂളി.

അവന്റെ പണി വിദഗ്ദ്ധതയോടെ അവൻ തുടർന്നുകൊണ്ടിരുന്നു. ഞാൻ കണ്ണടച്ചുകൊണ്ടു് അതുവരെ വിശ്വസിച്ചിട്ടില്ലാത്ത സകലതിലും വിശ്വസിച്ചുപോയി; പ്രാർത്ഥിച്ചുപോയി.

"കുട്ടപ്പാ! ഈ മുറിക്കു എന്തു വാടകയാണ്?" ഞാൻ ചോദിച്ചു.

"നാലുരൂപാ."

"അതു വളരെ കൂടുതലാണല്ലോ."

"എന്തു ചെയ്യാനാണ് സാർ. കുറഞ്ഞ വാടകയ്ക്കു സ്ഥലം കിട്ടണ്ടെ?"

"കുറച്ചുകൂടി കുറഞ്ഞ വാടകയ്ക്കു ഒരു സ്ഥലം തരമോ എന്നു ഞാൻ ഒന്നു നോക്കാം."

"എന്നാൽ സാറെ, വലിയ ഉപകാരമായിരുന്നു."

"അതു ഞാൻ ശരിപ്പെടുത്താം. പക്ഷേ ഇത്ര സെൻററിൽ ആയിരിക്കയില്ല. എന്നാൽ നല്ല സൌകര്യങ്ങളൊക്കെ ഉണ്ടുതാനും. അപ്പഴേ! കുട്ടപ്പാ! മുറിയാതെ സൂക്ഷിച്ചുകൊള്ളണേ! വേറൊന്നുംകൊണ്ടല്ല പെട്ടെന്നു [illegible]ഴുക്കുന്ന ദേഹമാണെന്റേതു്. തൊലി പൊട്ടിയാൽ മതി അതു വലിയ വ്രണമാകാൻ. അതുകൊണ്ടു പറഞ്ഞതാണ്.......നമുക്കു സ്ഥലമൊക്കെ ഒന്നു കാണണ്ടെ. എന്നാപോകേണ്ടതു?" ഞാൻ നിർത്താതെ പറഞ്ഞുകൊണ്ടിരുന്നു. അതു കാച്ചുവൃത്തികേടല്ലെ എന്നു എനിക്കുതന്നെ തോന്നാതിരുന്നില്ല. എന്റെ പേടിയെപ്പററി ഇവരറിഞ്ഞാൽ കുറച്ചിലല്ലെ. ഞാൻ നിർത്തിക്കളഞ്ഞു......

"അപ്പം കുട്ടപ്പാ! ഇന്നാ ചക്രം! ഞാൻ പോട്ടെ." അയാൾ ഒരു രൂപായെടുത്തു കൊടുത്തു.

"സാറെ ചില്ലറയൊണ്ടോ?" കുട്ടപ്പൻ എന്നോടു ചോദിച്ചു.

"ഓഹോ!" ഞാൻ പെട്ടെന്നു പറഞ്ഞു.

ഞാൻ പോക്കററിൽനിന്നും കയ്യിട്ടു ചില്ലറ വാരിയെടുത്തു. പന്ത്രണ്ടണ, സാധാരണ എട്ടണയാണ് പതിവു്.

"ഇതാ ഇരിക്കട്ടെ," അതു മുഴുവൻ ഞാൻ കുട്ടപ്പനെ ഏല്പിച്ചു.

"ഇതു കൂടുതൽ ഉണ്ടല്ലോ സാർ."

"അതിനെന്താ ഇരിക്കട്ടെ." ഞാൻ സ്വല്പം ധാരാളിയായി നടിച്ചു അവൻ ഒന്നു പകച്ചുപോയി. ഞാൻ കണക്കു പറഞ്ഞു എട്ടണ കൊടുത്തിട്ടുള്ളവനാണ് ഇതിനു മുൻപു പലപ്പോഴും ......

അങ്ങനെ ആ വൃദ്ധൻ പോയി. പാവം. അയാളോടു കൂടുതലൊന്നും സംസാരിക്കാനൊത്തില്ലല്ലോ എന്നു ഞാൻ ദുഃഖിച്ചു.

"കുട്ടപ്പാ! അയാളേതാ?" എന്റെ ജിജ്ഞാസയെ ഞാൻ പ്രത്യക്ഷപ്പെടുത്തി.

"അയാൾ ഞങ്ങളുടെ അപ്പൻവീട്ടിനടുത്തുള്ളതാ. ഇവിടെ വല്ലപ്പോഴുമൊക്കെ വരും. അയാളുടെ മകൻ ഇന്നാളെ മരിച്ചതു്, ആ കഥ പറയുകയായിരുന്നു. ആ കൊച്ചനാണെങ്കിൽ നല്ലവനായിരുന്നു. അതങ്ങേരു കള്ളമൊന്നും പറഞ്ഞതല്ല. എല്ലാവർക്കും ആ കൊച്ചനെ വല്യ കാര്യമായിരുന്നു."

"കുട്ടപ്പാ തലേലെഴുത്ത് എന്നൊന്നുണ്ടോ?"

"കൊള്ളാം ഇല്ലെങ്കിൽ ഇങ്ങനെ ഒക്കെ വരുമോ കാര്യം?"

"കുട്ടപ്പൻ ജാതകഫലത്തിൽ വിശ്വസിക്കുന്നുണ്ടോ?"

"കണിശമായിട്ടും! കുറഞ്ഞ അതു അച്ചട്ടാണ്," ബ്രഷ് എടുത്തു സോപ്പുപതച്ചുകൊണ്ടു അവൻ പറഞ്ഞു.

"എന്നാൽ ഷേവ് ഒന്നു നിർത്തിയേക്കൂ. ഞാൻ വീട്ടിൽചെന്നു ചെയ്തുകൊള്ളാം. സമയവുമൊരുപാടായി." ഞാൻ ചാടി എഴുന്നേററു.

അവൻ തുണിയെടുത്തു എന്റെ ദേഹത്തു പാറിയിരുന്ന മുടി തട്ടിക്കളയുന്നതിനു ശ്രമിക്കുകയായിരുന്നു. ഞാൻ കണ്ണാടിയിലേയ്ക്കു് പെട്ടെന്നു ഒന്നു നോക്കിയിട്ടു പുറത്തിറങ്ങി നടന്നു.

അപകടമൊന്നും പററാത്തതിൽ സന്തോഷിച്ചു് ഞാൻ പെട്ടെന്നു നടന്നു.

"അമ്മേ! എന്റെ നാളെന്താണ്?", ഞാൻ വീട്ടിൽ ചെന്ന ഉടനെ ഞാൻ അമ്മയോടു ചോദിച്ചു.

"അവിട്ടം" അമ്മയുടെ ഉത്തരം കേട്ടു ഞാൻ പകച്ചുപോയി.

—o—

# ഗ്രന്ഥവിഹാരം

## യാത്രാസ്മരണകൾ

എസ്സ്. കെ പൊററക്കാട്ട്
പ്രസാധകർ, മംഗളോദയം, തൃശ്ശൂർ
വില രൂ 2. ണ 4.
പേജ് 194.

‘സഞ്ചാരിയുടെ ഗീതങ്ങളും ‘കാശ്മീരം’ രചിച്ച തൂലികയുടെ സംഭാവനയാണ് ‘യാത്രാസ്മരണകളും’. കഥാകാരനെന്ന നിലയിൽ ആ കവിയുടെ സാഹിത്യോപഹാരങ്ങൾ അമൂല്യങ്ങളാണ്. കവിയെന്ന നിലയിൽ ആ കഥാകൃത്തിന്റെ കലാസൃഷ്ടികൾ ഭാവമധുരങ്ങളുമാണ്. എന്നാൽ സഞ്ചാരിയായ മി. പൊററക്കാട്ടിന്റെ ലേഖനങ്ങൾ സാഹിത്യഭണ്ഡാഗാരത്തിലെ ഏററവും വിലപിടിപ്പുള്ള നാണയങ്ങളായിരിക്കും.

മലയാളസാഹിത്യത്തിൽ ഇനിയും വളരാനിരിക്കുന്ന ചില പ്രസ്ഥാനങ്ങളുണ്ട്. യാത്രാവിവരണങ്ങൾ ഇതരസാഹിത്യമണ്ഡലങ്ങളിൽ ഏതാണ്ടൊരു നല്ല സ്ഥാനം കൈക്കലാക്കിക്കഴിഞ്ഞിട്ടുണ്ടെങ്കിലും മലയാളത്തിൽ ആ വകുപ്പിൽപെട്ട ഗ്രന്ഥങ്ങൾ അംഗുലീപരിമിതം മാത്രമാണ്. ഉള്ളവതന്നെ പലതും വെറും വിവരണങ്ങളല്ലാതെ മികവുററ സാഹിത്യസൃഷ്ടികളെന്നു പറയപ്പെടാവുന്നവയുമല്ല. ശ്രീ: കെ. പി. കേശവമേനോന്റെ ‘ബിലാത്തിവിശേഷങ്ങൾ’ മിസ്സിസ്സ് കുട്ടൻനായരുടെ ‘ഞാൻ കണ്ട യൂറോപ്പ്’ മി. ഈരാളിൽ വർഗ്ഗീസ്സിന്റെ “ഞാൻ കണ്ട അമേരിക്ക” ശ്രീ. പി. ദാമോദരൻപിള്ള തർജ്ജമചെയ്തിട്ടുള്ള മി. കെ. എസ്സ്. പി. അയ്യരുടെ “പശ്ചിമയൂറോപ്പിൽ ഒരു ഭാരതീയന്റെ പര്യടനം” ശ്രീ. മന്നത്തു പത്മനാഭപിള്ളയുടെ “എഫ്. എം. എസ്സ്. യാത്ര” ശ്രീ: കെ. എം. പണിക്കരുടെ ‘ആപല്ക്കരമായ യാത്ര’ എന്നീ ഗ്രന്ഥങ്ങളാണ് യാത്രാചിത്രണങ്ങളുടെ കൂട്ടത്തിൽ പ്രാധാന്യമർഹിക്കുന്നവയായി ഓർമ്മയിൽ നില്ക്കുന്നതു. ബാരിസ്റ്റർ ശ്രീ: ജീ. പി. പിള്ളയു. ശ്രീ: കെ. പി എസ്സ്. മേനോനും ഒന്നാംതരം രണ്ടു യാത്രാവിവരണഗ്രന്ഥങ്ങൾ എഴുതിയിട്ടുണ്ടെങ്കിലും മലയാളത്തിനു അവ അവകാശപ്പെടുവാൻ നിവൃത്തിയില്ലാതായിരിക്കുന്നു. (ഇവ രണ്ടും ഇംഗ്ലീഷിൽനിന്നു തർജ്ജമചെയ്യപ്പെട്ടിട്ടുണ്ടെങ്കിൽ അതു കാണുവാൻ സാധിച്ചിട്ടില്ല) എന്നാൽ ഇവയൊന്നുംതന്നെ പ്രതിപാദ്യവൈവിദ്ധ്യംകൊണ്ടും പ്രതിപാദനവൈചിത്ര്യംകൊണ്ടും ഒരു നൂതനപദ്ധതി സൃഷ്ടിച്ചിട്ടുള്ള ‘യാത്രാസ്മരണകൾപോലെ ആകർഷകമായിട്ടില്ലെന്നു പറയേണ്ടിയിരിക്കുന്നു. അതിനു കാരണവുമുണ്ട്. ഒരു സഞ്ചാരിക്ക് അവശ്യം ഉണ്ടായിരിക്കേണ്ട പ്രത്യേകത നിരീക്ഷണവിരുതാണ് സൂക്ഷ്മനേത്രങ്ങളും സദാ അന്വേഷണവ്യഗ്രമായ ഹൃദയവുമാണ്. എന്നാൽ ഈ രണ്ടു സമ്പത്തുകളുംകൊണ്ടുമാത്രം സഞ്ചാരകഥ വിജയിപ്പിക്കുവാൻ സാധ്യമല്ല. കഴിഞ്ഞയുദ്ധത്തിൽ സൈനികസേവനമനുഷ്ടിച്ച നമ്മുടെ നാട്ടുകാരായ എത്രയോപേർ അന്യരാജ്യങ്ങൾ സന്ദർശിക്കുവാനിടയായിട്ടുണ്ട്. ഇന്ത്യയിൽതന്നെ പല സ്ഥലങ്ങളും അവർ കണ്ടിരിക്കും. എന്നാൽ അവരെല്ലാം ആ സ്ഥലത്തെക്കുറിച്ചു പറയുമ്പോൾ ആൾത്തിരക്കുള്ള തെരുവുകൾ, കച്ചവടസ്ഥലങ്ങൾ, വിനോദശാലകൾ എന്നിവയെപ്പററിമാത്രമേ സങ്കല്പിക്കുവാൻ കഴിയാറുള്ളു. അതുപോലെതന്നെ ഇപ്പോൾ നമുക്കുള്ള യാത്രാവിവരണഗ്രന്ഥങ്ങൾ മിക്കതും ചില സ്ഥലങ്ങളുടെ ഇന്നത്തെ സ്ഥിതിഗതികളെ ആ ഗ്രന്ഥകർത്താക്കൾ കണ്ടതുപോലെ പകർത്തിവയ്ക്കുകമാത്രം ചെയ്തിട്ടുള്ളവയാണ്. ആ ഗ്രന്ഥകർത്താക്കളുടെ പ്രതിപാദനത്തിനും പട്ടാളക്കാരന്റെ വിവരണത്തിനും തമ്മിലുള്ള വ്യത്യാസത്തിനു കാരണം അനുഭവപരിചയങ്ങൾക്കു ലഭിച്ച അവസരത്തിന്റെ ഏററക്കുറച്ചിലുകളാണെന്നു സാമാന്യമായി പറയാം. മി. പൊററക്കാട്ടിന്റെ യാത്രാസ്മരണകൾ വായിക്കുമ്പോൾ പുരാണേതിഹാസങ്ങളിൽ ഉറച്ച പരിചയമുള്ള ഒരു പണ്ഡിതനെ, ചരിത്രസത്യങ്ങൾ പഠിച്ചറിഞ്ഞിട്ടുള്ള ഒരു ചിന്തകനെ, ജീവിതമൂല്യങ്ങളെക്കുറിച്ച് സ്ഥിരാഭിപ്രായങ്ങളുള്ള ഒരു വിമർശകനെ, സത്യസൗന്ദര്യങ്ങൾ ആസ്വദിക്കുവാൻ കഴിവുള്ള ഭാവനാസമ്പന്നനായ ഒരു കവിയെ, ആശയങ്ങൾ ആകർഷകമായാവിഷ്കരിക്കുന്നതിൽ പ്രാഗത്ഭ്യമുള്ള ഒരു കഥാകൃത്തിനെ സർവ്വോപരി അന്വേഷണവ്യഗ്രനായ ഒരു ഗവേഷകനെ അനുവാചകർക്കു കാണുവാൻ സാധിക്കും. മി: പൊററക്കാട്ടിന്റെ യാത്രാസ്മരണകളിൽപെടുന്ന സ്ഥലങ്ങളുടെയെല്ലാം ഉജ്ജ്വലങ്ങളായ തൂലികാചിത്രങ്ങളാണ് നമുക്കു ലഭിക്കുന്നതു്. “ലാഹോറിലെഷാലമർ തോട്ടങ്ങൾ’ ‘ലക്ഷ്മൺഝൂല’ ‘തക്ഷശില ‘അയോദ്ധ്യ ‘ഉജ്ജയിനി’ ‘കുത്തബ്മിനാർ’ ‘ഫത്തേപ്പൂർസിക്രി’’ അലഹബാദ്’’ ‘ബനാറസ്സ്’’ ‘സാരനാഥം’ എന്നിവ ഒന്നാംതരം തൂലികാചിത്രങ്ങളാണ്. വ്യക്തികളെ പററിയുള്ള തൂലികാചിത്രങ്ങൾപോലും വരളമായിരിക്കുന്ന മലയാളസാഹിത്യത്തിനു പുരാണങ്ങളിലൂടെയും ചരിത്രത്തിലൂടെയും പ്രഖ്യാതങ്ങളായ സ്ഥലങ്ങളുടെ സജീവങ്ങളായ തൂലികാചിത്രങ്ങൾ സംഭാവനചെയ്ത ശ്രീ: പൊററക്കാട്ട് ഒരു പുതിയ പ്രസ്ഥാനം ആവിഷ്കരിക്കുകകൂടി ചെയ്തിരിക്കയാണെന്നു പറയേണ്ടിയിരിക്കുന്നു. ഓരോ സ്ഥലത്തെക്കുറിച്ചു പറയുമ്പോഴും അതിന്റെ പൗരാണികവും ചരിത്രപരവുമായ പശ്ചാത്തലത്തെ ഹൃദയസ്പൃക്കായരീതിയിൽ ആവിഷ്കരിക്കുവാനും ഇപ്പോഴത്തെ സ്ഥിതിഗതികളുടെ സമ്പൂർണ്ണചിത്രം വരച്ചുകാണിക്കുവാനും ശ്രീ: പൊററക്കാട്ടു ശ്രമിച്ചിട്ടുണ്ട്. പൗരാണികഭാരതത്തിന്റെ സംസ്കാരികകേന്ദ്രമായിരുന്ന തക്ഷശിലയെപ്പററിയുള്ള ലേഖനത്തിൽ ശതാബ്ദങ്ങളായി ആ നഗരത്തിനുണ്ടായിക്കൊണ്ടിരിക്കുന്ന പരിവർത്തനങ്ങൾ, അടുക്കിയടുക്കി പ്രദർശിപ്പിക്കുന്ന ചിത്രങ്ങളിലെന്നപോലെ തെളിവും വൈശദ്യവും കലർത്തി ഗ്രന്ഥകാരൻ നമ്മുടെ മുന്നിൽ നിരത്തിവച്ചിരിക്കുന്നു. അദ്ദേഹം വിവരണമാരംഭിക്കുന്നതിങ്ങനെയാണ്. “ഇരുട്ടിന്റെ കറുത്തപട്ട് ആ പ്രാചീനനഗരാവശിഷ്ടങ്ങളുടെ ശവപ്പെട്ടിയെ മൂടിയിരുന്നു തണുപ്പും നിശ്ശബ്ദതയും ആ അന്തരീക്ഷത്തിൽ കാവൽ നിന്നിരുന്നു’’ വിദേശീയരായ വിദ്യാർത്ഥികളും ഭാരതത്തിലെ ഓരോ കോണിൽനിന്നും ഉന്നതവിദ്യാഭ്യാസത്തിനു വന്നുചേർന്നിരുന്ന വിദ്യാധുരന്ധരന്മാരും ഇടതിങ്ങിയ, ചാണക്യന്റെ മേധാശക്തിപോലും മൂർച്ചകൂട്ടിയ, ഒരു വിശ്വവിദ്യാലയം സ്ഥിതിചെയ്തിരുന്ന തക്ഷശില അലക്സാണ്ടറുടെ ആക്രമണങ്ങൾക്കും ഗുപ്തവംശത്തിന്റെ അലസതയ്ക്കുമെല്ലാം കീഴ്പെട്ട് പ്രാചീനമഹിമകൾ നഷ്ടപ്പെട്ട് ഇന്നത്തെ ശോചനീയാവസ്ഥയിൽ എത്തിച്ചേർന്നിരിക്കുന്നതെന്നു മി: പൊററക്കാട്ട് വർണ്ണിക്കുന്നതു തികഞ്ഞ ദേശാഭിമാനത്തോടും ഭാരതീയസംസ്കാരബോധത്തോടുംകൂടിയാണ്. ഇന്നത്തെ തക്ഷശിലയെപ്പററി മി. പൊററക്കാട്ടു പറയുന്നു; “നരച്ചവയലുകൾ, അവിടവിടെ ചില ചാലുകൾ; വരണ്ടുകിടക്കുന്ന ചില കണ്ടങ്ങൾ—അത്രമാത്രം. ജരാനരബാധിച്ച ഒരു മുത്തശ്ശി’’ ഇതിലും ഭംഗിയായി തക്ഷശിലയെ പരിചയപ്പെടുത്താൻ സാധിക്കുകയില്ലതന്നെ. ഇതുപോലെ ചരിത്രത്തിന്റെ ജീവരക്തം പുരണ്ടുകിടക്കുന്ന ഓരോ സ്ഥലവും ഗ്രന്ഥകാരന്റെ ചിന്തയെയും ഭാവനയെയും ഉദ്ദീപിപ്പിച്ചുകൊണ്ട് സ്മരണമണ്ഡലത്തിലൂടെ പ്രകാശരശ്മികൾ വിതറി അനുവാചകരെ പരിചയപ്പെടുവാൻ വെമ്പൽകൊള്ളുന്നതായി കാണാം. ഭാരതത്തിന്റെ പൗരാണികസംസ്കാരത്തിലും ലാളിത്യത്തിലും വിശ്വസിക്കുന്ന ഗ്രന്ഥകാരൻ യാന്ത്രികസംസ്കാരത്തിലും ശാസ്ത്രീയമായ അത്ഭുതനേട്ടങ്ങളിലും കമ്പോളനിലവാരത്തിൽ തൂങ്ങുന്ന സമ്പൽസമൃദ്ധികളിലും മടിച്ചുനില്ക്കുന്ന ലോകത്തെ അവജ്ഞയോടെയാണ് വീക്ഷിക്കുന്നതു്. ഭൗതികവാദത്തിന്റെ കുഴൽക്കണ്ണാടിയിൽകൂടി അപഗ്രഥിച്ചുനോക്കിമാത്രമേ കാര്യം മനസ്സിലാക്കുകയുള്ളുവെന്നു നിർബ്ബന്ധമുള്ളവർക്ക് ഇതിൽ ചില ഭാഗങ്ങളെല്ലാം രസിക്കുമോ എന്നു സംശയമാണ്. പരിഷ്കാരത്തിന്റെ വിളിപ്പാടിനിന്നെല്ലാമകന്ന്, സമ്പൂർണ്ണജീവിതം വെടിഞ്ഞ് ജീവിതസുഖങ്ങളെല്ലാം വർജ്ജിച്ച് ആത്മാവിനോടു സല്ലപിച്ച് ലക്ഷ്മൺഝൂലയിലും ഹിമാലയപ്രദേശങ്ങളിലും ഇപ്പോഴും കഴിച്ചുകൂട്ടുന്ന താടിക്കാരെ അപഹസിച്ചു തള്ളുവാൻ ശ്രീ പൊററക്കാട്ടിനു സാധ്യമല്ല. പുരോഗമനമെന്നു പറഞ്ഞാൽ അതിന്റെ ഭൗതികമായ വ്യാഖ്യാനം കൂടാതെ ചിലതുകൂടിയുണ്ടെന്ന് മി: പൊററക്കാട്ടിന്റെ ബുദ്ധിയും സംസ്കാരവും അദ്ദേഹത്തെ ധരിപ്പിച്ചിട്ടുള്ളതായി കാണുന്നതിൽ വിവേകമുള്ളവർ ആശ്വസിക്കുകതന്നെ ചെയ്യും. ‘അയോദ്ധ്യ’യിലും ‘ഉജ്ജയിനി’യിലും മി: പൊററക്കാട്ട് പൗരാണികത്വത്തിന്റെ ആധുനികവ്യാഖ്യാതാവായിട്ടാണു നില്ക്കുന്നതു്. ഡൽഹിയിലെ ചുവന്നകോട്ടയെപ്പററിയും ‘രക്തമണ്ഡപത്തെ’പ്പററിയും (ജാലിയൻവാലാബാഗ്) പറയുമ്പോൾ ദേശാഭിമാനത്താൽ അദ്ദേഹത്തിന്റെ ചിന്തകൾ വിജൃംഭിതങ്ങളാകുന്നു. മാമൂലുകൾകൊണ്ട് പരിശുദ്ധിയിൽ കറ പിടിപ്പിച്ചു. പുരാണേതിവൃത്തത്തിന്റെ ഉദരംഭരണവ്യഗ്രതയിൽ മഹിമകളെല്ലാം നഷ്ടപ്പെട്ടുനില്ക്കുന്ന കാശിയെപ്പററി പറയുമ്പോൾ മതത്തെ ചുററിപ്പററിക്കിടക്കുന്ന അന്ധവിശ്വാസങ്ങളെ അതിശക്തിയായി മി പൊററക്കാട്ടധിക്ഷേപിക്കുന്നു. ശാന്തിനികേതനത്തെപ്പററിയും ‚സാരനാഥത്തെപ്പററിയും ദീർഘവിവരണങ്ങളാണ് നൽകിയിട്ടുള്ളതു്

ആകപ്പാടെ നോക്കിയാൽ മലയാളസാഹിത്യത്തിൽ ഇന്നുള്ള യാത്രാവിവരണഗ്രന്ഥങ്ങളുടെ പന്തിയിൽ എല്ലാംകൊണ്ടും മെച്ചപ്പെട്ടു നില്ക്കുന്ന ഒന്നാണ് മി പൊററക്കാട്ടിന്റെ യാത്രാസ്മരണകൾ. ഓരോ ലേഖനവും വായിച്ചുകഴിയുമ്പോൾ അതിൽ പ്രതിപാദിതങ്ങളായിട്ടുള്ള സ്ഥലങ്ങളുടെ വ്യക്തമായ രൂപം അനുവാചകരുടെ ഹൃദയത്തിൽ പതിയുന്നു തെളിവുള്ള ആ ചിത്രങ്ങളിൽ ആ സ്ഥലങ്ങളുടെ പ്രത്യേകതകളോരോന്നും മുദ്രപതിച്ചിട്ടുള്ളതായും കാണാം.

ഒരു കാര്യംകൂടി. ഭാരതത്തിലെ പ്രധാനപ്പെട്ട പല സ്ഥലങ്ങളെപ്പററിയും വിദേശരാജ്യങ്ങളെപ്പററിയും പ്രയോജനകരമായ വളരെയധികം ലേഖനങ്ങൾ എഴുതിയിട്ടുള്ള മി: പൊററക്കാട്ട് കേരളത്തെ വിസ്മരിക്കരുതെന്നു പറയുവാനാശിക്കുന്നു. മലബാറിലും കൊച്ചിയിലും തിരുവിതാംകൂറിലുമായി ചരിത്രപ്രസിദ്ധങ്ങളും പ്രകൃതിസുന്ദരങ്ങളുമായ എത്രയോ സ്ഥലങ്ങൾ സഞ്ചാരികളെ ആകർഷിക്കുന്നവയായുണ്ട്. അവയെല്ലാം മി പൊററക്കാട്ടിന്റെ തൂലികയിലൂടെ കേരളത്തിലും വെളിയിലുമുള്ളവരുടെ ശ്രദ്ധയെ ആകർഷിക്കുവാൻ അദ്ദേഹം സന്ദർഭമുണ്ടാക്കുമെന്നാശിക്കുന്നു. സഞ്ചാരിയായ മി: പൊററക്കാട്ടിനു വിജയാശംസകൾ.

— ഓംചേരി

## ചീനഅയ്യന്റെ ദീനചികിത്സ

ഗ്രന്ഥകർത്താ,
കിളിമാനൂർകൊട്ടാരത്തിൽ സി. കേരളവർമ്മമൂത്തകോയിത്തമ്പുരാൻ
വില രൂ: ൧. അ: ൮.

കോലത്തിലെ രാജസ്ഥാനങ്ങളിൽനിന്നു സാഹിത്യത്തിനു ലഭിച്ചിട്ടുള്ള സംഭാവനകൾ മഹാർഘങ്ങളാണ്. രാമചരിതംമുതലല്ല കാച്ചുകുറി കടന്നുനോക്കുന്നപക്ഷം ചിലപ്പതികാരകാലംമുതലേ നിലനിന്നു വരുന്ന ഈ അനുഗ്രഹവിശേഷം കേരളേശ്വരന്മാരിൽ പലരേയും അനശ്വരന്മാരാക്കിയിട്ടുണ്ട്. ഈ വിജ്ഞാനദാനത്തിൽ വന്ദ്യതവും ശാശ്വതവുമായ പങ്കു കിളിമാനൂർകൊട്ടാരവും വഹിക്കാതിരുന്നിട്ടില്ല. സുപ്രസിദ്ധനായ വിദ്വാൻകോയിത്തമ്പുരാന്റെ കഥകളിവരിയിൽ ഗാഹനംചെയ്തു കാഞ്ചനശലാകതൻ കവി’’ അഭിനയയോഗ്യവും അനുഭവക്ഷമവുമായി സഹൃദയലോകം ആദരിച്ചുകഴിഞ്ഞിട്ടുള്ളതാണ്. ചിത്രമെഴുത്തുകോയിത്തമ്പുരാനും ആ രാജശാഖയിൽ വികസിച്ച അപ്രതിമപ്രസൂനമായിരുന്നല്ലോ. വൈഭവസമൃദ്ധിയുടെ ദന്തശില്പോല്ലസൽപല്യങ്കത്തിലിളകൊണ്ടു കലാശ്രീപിണിയുമായി ചെയ്യുന്ന നർമ്മസല്ലാപങ്ങൾ, ആ തിരുവായ്മൊഴികൾ ഇന്നത്തെ സാഹിത്യത്തിൽ കേൾക്കാനില്ലെന്നായിട്ടുണ്ട്. കേരളത്തിലെ രാജകൊട്ടാരങ്ങളിൽ സാഹിത്യം ഇന്നു പ്രവേശനയോഗ്യയായിട്ടല്ല നാമിന്നു കാണുന്നതു്. ഈ പ്രതിസന്ധിഘട്ടത്തിൽ ശ്രീ. കേരളവർമ്മമൂത്തകോയിത്തമ്പുരാൻ ഒരു രാജസമ്മാനംകൊണ്ടു ‘കൈരളി’യെ അനുഗ്രഹിക്കുന്നു. അതാണ് ചീനഅയ്യന്റെ ദീനചികിത്സ എന്ന പ്രസ്തുത ഗ്രന്ഥം.

ഇതിന്റെ ഉള്ളടക്കത്തിലേക്കു പ്രവേശിക്കുന്നതിനുമുൻപു പ്രസ്തുത ഗ്രന്ഥത്തിന്റെ ഒരു പ്രത്യേകത അനുവാചകരെ പരിചയപ്പെടുത്തേണ്ടതായുണ്ടു. ഒരു ചിരിപ്പാട്ടുകഥ എന്നും പ്രഹസനം എന്നും ഉള്ള സങ്കല്പത്തിലാണ ഈ ഗ്രന്ഥരചന. കേരളീയരോളം ഫലിതത്തിൽ രസിക്കുന്ന രസിച്ചിട്ടുള്ള ഒരു ജനസമുദായം ഭൂമുഖത്തിലുണ്ടെന്നു തോന്നുന്നില്ല. സുഭിക്ഷതയുടെ പ്രത്യേകതയായ അഥവാ അംഗീയമായ വിനോദപ്രിയത്വം ഹാസ്യരസികത അവരെ അനേകകാലം അനുഗ്രഹിച്ചിരുന്നു. ഇന്നത്തെ കഥ പട്ടണിയില്ല. ചിരിക്കാനുള്ള വക കാണുമ്പോൾ അവർ തല പൊക്കിപ്പോകുന്നു. മററെല്ലാംതന്നെ മാറിപ്പോകുന്നു. ഇന്ന് അങ്ങനെ ചിരിപ്പിക്കാൻ കഴിവുള്ളവർ നമ്മുടെ ഇടയിൽ ഇല്ലെന്നൊരു ന്യൂനതയുമുള്ളു. മലയാളികളുടെ ഫലിതബോധം, പാണ്ടിസിനിമാക്കാരുടെ പരക്കംപാച്ചിൽകൊണ്ടു ഒരു കഷായമൂട്ടായിട്ടുണ്ട്. തെക്കരും വടക്കരും തമ്മിലും ഫലിതബോധത്തെസംബന്ധിച്ചിടത്തോളവും ഈ അകല്ച പരിഹരിക്കപ്പെടാതെയാണിരിക്കുന്നതു്. ചന്തുമേനവന്റേയും, കുഞ്ചൻനമ്പ്യാരുടേയും, സി. വി-യുടേയും സാഹിത്യപഞ്ചാനനന്റേയും ഫലിതങ്ങളെ ഒന്നു താരതമ്യപഠനംചെയ്താൽ ഈ അന്തരം ധാരാളം ബോധപ്പെടും. ചിരിച്ചു തടിപ്പിക്കാൻ കഴിയുന്ന ഫലിതം അതിന്റെ അസ്ഥാനസ്ഥിതികൊണ്ടു കണ്ണുകൾക്കു കാപുഷപുണ്ണാക്കിത്തീർക്കുകയും ചെയ്യും. സൂക്ഷിച്ചുകൈകാര്യം ചെയ്തില്ലെങ്കിൽ ഫലിതംപോലെ അശ്ലീലമാകുന്ന മററൊന്നും ഇല്ല ചീനഅയ്യന്റെ ദീനചികിത്സ നർമ്മപൂരങ്ങളിലായി തടിച്ചുകൂട്ടുന്നു. ഇത്ര നീണ്ട ഒരു ചികിത്സാവിവരം മുഷിച്ചിൽകൂടാതെ അങ്ങേ അററം കാണുവാൻ സാധിക്കുമോ എന്നായി നാം സംശയിച്ചുപോകും. ഗ്രന്ഥകർത്താവിന്റെ കലാനിപുണതയും നർമ്മബോധവും രസവിസ്ഫൂർത്തിവരുത്താതെ എന്നാൽ ചിരിയടക്കിടാൻ കഴിഞ്ഞില്ലമേ എന്ന നിലയിൽ അവസാനം കാണിക്കാതെ വിട്ടുന്നില്ല. ഇത്ര വിപുലമായ ഈ ഗ്രന്ഥത്തിൽ സാമാന്യം മലയാളം പഠിച്ചിട്ടുള്ളവർക്കുപോലും നിഘണ്ടുതപ്പാതെ ആശയഗ്രഹണബോധത്തിനുപയുക്തമായിട്ടുള്ളതാണ ഇതിലെ പ്രതിപാദനം. ബാലന്മാരുടെ വിനോദാനുഭൂതിക്കായി പരകപ്പെടുത്തിയിരുന്ന ഈ കഥാവിഭവത്തിൽ ശൃംഗാരത്തിന്റെ പച്ചച്ചുവയോ കട്ടീക്ഷ്ണങ്ങളായ മററു ചേരുവകളോ കൂടാതെ ആപാതമധുരമാക്കിയിട്ടുണ്ടെന്നുള്ളതാണ് ഇതിന്റെ ഗുണവിശേഷം. ശുദ്ധവും സാധാരണവുമായവിധം ഫലിതം പ്രയോഗിക്കാവുന്ന ഒന്നാണെന്നുള്ളതിനു ഈ ഗ്രന്ഥം നല്ലതെളിവായിട്ടുണ്ട്.

കഥാപാത്രങ്ങളെപ്പററി പറയുകയാണെങ്കിൽ ഇതിലെ മെയിൻപാർട്ടുകാരനായ ചീനഅയ്യൻ കല്പിതാംശങ്ങൾ അധികരിച്ചു കൊടിയകോടരകുക്ഷിയായി ഒരു പൂതപ്പാണ്ടിമാടൻപിള്ളയെപ്പോലെ നമ്മുടെ സങ്കല്പപരിധിയിൽ എത്തുപെടുന്നതേയുള്ളു.

അററമില്ലാത്തകൊതികൊണ്ടുനടക്കുന്നോർ
പററുമെന്നു ധരിക്കേണമെല്ലാവരും

എന്ന വിദ്വാൻകോയിത്തമ്പുരാന്റെവരികളുടെ ജീവൽപാത്രമായ ഈ കണ്ഠോദരനെ സൃഷ്ടിച്ചമന്നു ആ വേലയ്ക്കധികം ഉപയോഗിച്ചിട്ടില്ലെന്നുള്ളതാണ് സമാധാനം. കുഞ്ഞേങ്ങലി എന്ന പേരിൽ ഒരു സ്ത്രീജനത്തെ മാത്രമേ ഇതിൽ കണ്ടെത്താൻ സാധിക്കുന്നുള്ളു. തമ്പുരാന്റെ പാത്രസൃഷ്ടിയിലുള്ള വൈദഗ്ദ്ധ്യം മുഴുവൻ ഈ നാട്ടുംപുറക്കാരിയിൽ നടമാടുന്നു. അത്രമാത്രം സ്വാഭാവികതയും ജീവസ്ഫുരണവും ആ സത്വത്തിനുണ്ട്. ചീനഅയ്യന്റേയും കുഞ്ഞേങ്ങലിയുടെയും മകനായ കൊച്ചുഗോപാലൻ ഇന്നത്തെ കുരുത്തംകെട്ടപിള്ളരുടെ ശരിപ്പകർപ്പല്ല അസ്സലുതന്നെയായിട്ടുണ്ട്. ആനവൈദ്യൻനമ്പീശൻ, ചെങ്കൽക്കുന്നിൽ ശങ്കരൻകണിയാർ, കാളവൈദ്യൻ, സക്കാർവൈദ്യൻ ഡാക്ടർ കുഞ്ഞുപിള്ളതുടങ്ങിയവരുടെ ചികിത്സാക്രമപരിപാടികൾ വിസ്തരമാക്കിച്ചെയ്യാതെയില്ലൊരുവന്റെയുമന്തരംഗം, എന്നു പറയാനേ സാധിക്കുന്നുള്ളു സാധാരണ ജീവിതവുമായി ഇടപെടുന്നതിനു ഇടയാകാത്ത കൊട്ടാരജീവിതത്തിൽനിന്നു നാട്ടുംപുറത്തെ നഗ്നയാഥാർത്ഥ്യങ്ങൾ തന്മയത്വവും അനുഭവരസികത്വവും നിറഞ്ഞനിലയിൽ ഉടലെടുത്തിട്ടുള്ളതാണ് ഈ കഥാഗാത്രം. ആ സൃഷ്ടിവൈഭവത്തിൽ അദ്ദേഹത്തെ ഹാർദ്ദമായി അഭിനന്ദിക്കതന്നെവേണം. അമ്പലക്കാളുകൾതവരില്ല കുരുക്കളിൽ എന്നു പറയുംപോലെ ഇന്നത്തെ എല്ലാംവിധജീവിതവൃത്തികളിലുമുള്ള അപഹാസ്യവശങ്ങളെ ഇതുസ്പർശിക്കാതെ പോയിട്ടില്ല. ക്ഷേത്രങ്ങളുടെ ഉത്ഭവം സ്ഥലപുരാണം ഐതിഹ്യമാലതുടങ്ങിയവയെ കടന്നുപിടിക്കുമ്പോൾ അദ്ദേഹം ദൈവത്തെയും തൊട്ടു കളിയാക്കുന്നില്ല എന്നുവേണം സംശയിക്കാൻ. പരശുരാമപ്രതിഷ്ഠയിലുള്ള പാരമ്പര്യവിശ്വാസത്തിനു തുരങ്കംവയ്ക്കുവാൻ ഫലിതകുന്തക്കോൽകൊണ്ടു ഒരു വിഫലശ്രമം നടത്തിക്കാണുന്നു. അതുപോലെതന്നെ ചീനഅയ്യനെ പള്ളിക്കൂടംഇൻസ്പെക്ടരുടെ മുമ്പിൽ ഹാജരാക്കുന്ന ഒരു വിഷ്കംഭരംഗവും ഒരു ഏച്ചുകെട്ടായിട്ടാണ് തോന്നുക. ൧൨-ാം അദ്ധ്യായമായി തീർന്നുപോകുന്ന പ്രഭാതവർണ്ണനയും പാറക്കോട്ടു യക്ഷിച്ചിറയുടെ പ്രകൃതിവർണ്ണനയും കാവ്യഭാവനാരുചിരമാണെങ്കിലും ചീനഅയ്യന്റെ ബൃഹൽകുക്ഷിപോലെ കഥാശരീരത്തിലും മേദസ്സുമുച്ചയലംഘനമായി തീർന്നിരിക്കുന്നു. ചീനഅയ്യന്റെ പാർട്ടിനു ഒരാളിനെ മലയാളത്തിൽ കിട്ടുമെങ്കിൽ ഇതു് അഭിനയിച്ചുകാണുവാൻ അത്യന്തം രസപ്രദമായിരിക്കുമെന്നുള്ളതിനു സന്ദേഹമില്ല.

സി. എം. പി.

## മഹാത്മാ

ശ്രീ: അംശിനാരായണപിള്ളയുടെ ആധിപത്യത്തിൽ തിരുവനന്തപുരം മഹാത്മാപ്രസ്സിൽനിന്നു വെള്ളിയാഴ്ചതോറും വീണ്ടും പ്രസിദ്ധപ്പെടുത്തിത്തുടങ്ങിയിരിക്കുന്ന മഹാത്മാ എന്ന ആഴ്ചപ്പതിപ്പ് ഇന്നത്തെ പ്രസിദ്ധീകരണകക്ഷ്യയിൽ പ്രഹൃഷ്ടമായ ഒരു സ്ഥാനത്തെ അലങ്കരിക്കുന്നു. ആ സഹജീവിക്കു സകല ഭാവുകങ്ങളും ആശംസിക്കുന്നു.

---

തെളിവുകൾ അവർ എടുത്തുകാട്ടി. അതോടെ യാന്ത്രികചിന്താരീതി അപ്രത്യക്ഷമാവാൻ തുടങ്ങുകയുംചെയ്തു. ഇങ്ങിനെ, ൧൯-ാം നൂററാണ്ടിൽതന്നെ തെററാണെന്നു തെളിഞ്ഞുകഴിഞ്ഞ ഒരു ചിന്താരീതിയിൽകൂടിയാണ്, ഏററവും മുൻപോട്ടു വന്ന ഈ ൨൦-ാം നൂററാണ്ടിലും പഠിപ്പിക്കുന്നതു് എന്നു കാണുമ്പോൾ അല്പം ആലോചിക്കുന്ന ആർക്കും ആശ്ചര്യം തോന്നാതിരിക്കയില്ല.

(തുടരും)

Reg: No. M. 2689 THE MALAYALA RAJYAM T. 19. Licence No. 427

# ശബരിമലയിൽ ബാലാലയപ്രതിഷ്ഠ

## പ്രശ്നവശാൽ തെളിഞ്ഞ ചില വസ്തുതകൾ

### പുതിയ വിഗ്രഹം കണക്കനുസരിച്ച് തയാറാകുംവരെ അററകുററപ്പെട്ട വിഗ്രഹം ഉപയോഗിക്കാൻ അനുവാദം

**കാണിപ്പയ്യൂർ ശങ്കരൻനമ്പൂതിരിപ്പാട്, പുലിയൂർ പുരുഷോത്തമൻനമ്പൂതിരി എന്നീ ശാസ്ത്രപണ്ഡിതന്മാരുടെ വിധിയും പ്രശ്നവും — പതിനെട്ടാംപടിക്കലെ മഹായോഗം**

(സ്വന്തം പ്രതിനിധി)

ശംഖുനാദത്തിന്റെയും, പൂജാമേളങ്ങളുടെയും, പാണ്ടിവാദ്യഘോഷങ്ങളുടെയും ശരണംവിളികളുടെയും മദ്ധ്യേ ഞായറാഴ്ച രാവിലെയുണ്ടായിരുന്ന മിഥുനം രാശി ശുഭമുഹൂർത്തത്തിൽ ശബരിമലക്ഷേത്രത്തിലെ ബാലാലയപ്രതിഷ്ഠാകർമ്മം നിർവഹിക്കപ്പെട്ടു. ഈ മംഗലകർമ്മത്തിൽ തിരുവിതാംകൂർ, മധുര, മലബാർ, കൊച്ചി ആദിയായ വിവിധഭാഗങ്ങളിൽനിന്നും വന്നിരുന്നവരുൾപ്പെടെ ഏകദേശം രണ്ടായിരത്തോളംവരുന്ന ജനസമൂഹം സംബന്ധിച്ചിരുന്നു. ഈ കൂട്ടത്തിൽ അനേകം ഭക്തകളും ഉൾപ്പെട്ടിരുന്നു. തോരാത്ത മഴയും, തണുപ്പും ആയിരുന്നിട്ടും ഇത്രവമ്പിച്ച ഒരു അയ്യപ്പസംഘം ഈ ചടങ്ങുകളിൽ സംബന്ധിച്ചതു കാണികളെ അത്ഭുതപ്പെടുത്തി.

ശനിയാഴ്ച രാവിലെയാണ് ഞങ്ങൾ യാത്ര പുറപ്പെട്ടത്. ഞങ്ങളോടൊന്നിച്ച ആ ബസ്സിൽ മുഴുവൻ അയ്യപ്പന്മാരായിരുന്നു. ശരണം വിളിച്ചുകൊണ്ടുള്ള ഞങ്ങളുടെ യാത്ര വഴിമദ്ധ്യേയുള്ള പലരേയും അത്ഭുതപ്പെടുത്തുകയും, ആനന്ദിപ്പിക്കയും ചെയ്തു. മുണ്ടക്കയത്തു ചെന്നപ്പോൾ ആരംഭിച്ച മഴ പ്രതിഷ്ഠാകർമ്മവും തുടർന്നുള്ള ദീപാരാധനയും കഴിയുന്നതുവരെ നീണ്ടുനിന്നു.

യാത്രാമദ്ധ്യേ കാട്ടിൽ ഒരു ഭാഗത്തുവച്ചു ക്യാപ്റ്റൻ ഗോദവർമ്മ തമ്പുരാനെ ഞാൻ കണ്ടു. ഒരു മുണ്ടുടുത്ത് മഴക്കോട്ടും ഹാറ്റും ധരിച്ചു വലത്തേകയ്യിൽ തോട്ടപ്പുഴുവിനെ കളയാൻ കിഴികെട്ടിയ മുളങ്കമ്പും, മറ്റേകയ്യിൽ ഊന്നുവടിയായി ഒരു മുളങ്കമ്പും അദ്ദേഹം വഹിച്ചിരുന്നു. കാട്ടിൽ ഒരുഭാഗത്തുണ്ടായിരുന്ന തോട്ടിൽ കവിഞ്ഞൊഴുകുന്ന വെള്ളപ്പാച്ചിലിൽനിന്ന് അദ്ദേഹം പുറകേവരുന്ന അയ്യപ്പന്മാർക്ക് നേരായ മാർഗ്ഗം കാട്ടിക്കൊടുക്കുകയായിരുന്നു. പിന്നീട് എന്നെ രസിപ്പിച്ചത് മി: ബി. പരമുവും, മി: ഉണ്ണിത്താനും ഒരുമിച്ചുള്ള യാത്രയായിരുന്നു. ഒരു നിക്കറും, കോട്ടും, ഹാറ്റും ധരിച്ചു വടിയും കുത്തിപ്പിടിച്ച് മി: പരമു പോകുന്നതുകണ്ടപ്പോൾ ടൗണിൽ കാണാറുള്ള ഭക്തസന്യാസിയെ അനുസ്മരിച്ചുപോയി. മി: ഉണ്ണിത്താൻ യാതൊന്നിലും കുലുങ്ങാതെ അങ്ങനെ ഒരേഗതിയിൽ മുന്നോട്ടുപോകയാണ്. അദ്ദേഹം കയററത്തിൽ കിതയ്ക്കുകയോ, ഇറക്കത്തിൽ വിറയ്ക്കുകയോ ചെയ്യുന്നില്ല. അദ്ദേഹത്തിനുമുണ്ട് പുഴുവിനെ തോണ്ടാൻ ഒരുകിഴി.

അങ്ങകലെയായി വൃക്ഷങ്ങളുടെ ഇടയിൽക്കൂടി ഞാൻ തീപിടിച്ച ശബരിമലക്ഷേത്രം ക



തീവയ്പിനുശേഷം ശേഷിച്ച ശ്രീകോവിലിന്റെ വാതൽ. ഇരുവശങ്ങളിലും മണ്ഡപത്തിന്റെ രണ്ടു തൂണുകൾ കാണാം.

ണ്ടു. വെള്ളം ഒഴുകിക്കൊണ്ടിരുന്നതിനാൽ പാതതെററിത്തെറിച്ചു കിടന്നതുകൊണ്ടും, ഒടിഞ്ഞുകിടക്കുന്ന മരങ്ങളുടെ ഇടയിലൂടെയുള്ള യാത്ര സുകരമല്ലായിരുന്നതുകൊണ്ടും, ഒരുവശത്തേക്കു സ്വല്പം മാറിപ്പോയാൽ കൊക്കയിൽവീണെങ്കിലോ എന്നുള്ളഭയംകൊണ്ടും, തോട്ടപ്പുഴ കാലിൽപിടിച്ചാൽ പറിച്ചെറിയാൻവേണ്ടി ശ്രദ്ധിച്ചും പാദംനോക്കിനടന്ന എനിക്ക് അകലെക്കണ്ട ശബരിമലക്ഷേത്രം മനസ്സിലായില്ല. തീപിടിച്ച മേൽക്കൂരയും മററും നശിച്ചിരുന്നതുകൊണ്ടു ജീർണ്ണിച്ച മററേതോ അമ്പലത്തിലാണ് ഞാൻ വഴിതെററി എത്തിയിരിക്കുന്നത് എന്നു തോന്നിപ്പോയി. സ്വല്പംകൂടി നടന്നപ്പോൾ വടക്കേ പതിനെട്ടാംപടിയും ആളുകളും ദൃഷ്ടിഗോചരീഭവിച്ചതിൽപിന്നെയാണ് ഇതു ശബരിമലക്ഷേത്രമാണെന്നു വിശ്വസിക്കാൻ കഴിഞ്ഞത്.

വടക്കേപ്പതിനെട്ടാംപടിവഴി മുകളിൽകയറിച്ചെന്നപ്പോൾ നടതുറക്കുന്നസമയമായിരുന്നു. തുറക്കാനൊന്നുമില്ല, ശ്രീകോവിലിന്റെ വാതൽ ഒരു ചെമ്പുതകിടുകൊണ്ടുമൂടിയിരുന്നു. അതു മാററിയപ്പോൾ ഞാൻ അകത്തേക്കുനോക്കിയെങ്കിലും ആൾക്കൂട്ടംകൊണ്ടു വിഗ്രഹംകണ്ടില്ല. ഏതാനും മിനിട്ടുകഴിഞ്ഞു വീണ്ടും ഞാൻ നടത്തിയ ശ്രമത്തിൽ വിഗ്രഹംകണ്ടു. അറിയാതെ ഞാൻ മാറത്തലച്ചുപോയി. തേജസ്സിന്റെ മൂർത്തിഭാവമായി അന്നുകണ്ടവിഗ്രഹം ഇന്നു നിർജ്ജീവമായികരുത്തു രൂപംമാറിയിരിക്കുന്നു. ഉരുകിഒലിച്ച കൈവിരലുകളും, പല വെട്ടുകൾവെട്ടിയതുകൊണ്ടുണ്ടായ മുഖത്തെ പാടുകളും ഭക്തന്മാരെ വേദനിപ്പിക്കുന്നവയാണ്. ശരീരത്തിൽ പല ഭാഗത്തും വെള്ളവര വരച്ചതുപോലുള്ളപാടുകൾ കണ്ടു. ഉടഞ്ഞു വേർപ്പെട്ടുപോയ വിഗ്രഹശിഷ്ടങ്ങൾ കൂട്ടിച്ചേർത്തുവച്ചുകെട്ടിയിരിക്കുന്ന വെള്ളിക്കമ്പിയായിരുന്നു അവ.

ഗണപതിക്കോവിലിനു തീപിടിച്ചിട്ടില്ല. അതുമേഞ്ഞിരുന്നത് ആസ്ബെസ്റ്റോസ് കൊണ്ടായിരുന്നു. അതിന്റെ മുൻവശത്തും മററുമുള്ള മരസാധനങ്ങൾ പുകകൊണ്ടുകരുത്തിരുന്നു. പടിഞ്ഞാറുവശത്തു വടക്കേഅററത്തായി കണ്ട കാഴ്ച ഏററവും മർമ്മഭേദകമായിരുന്നു. ചുട്ടുപിടിച്ച പഴുത്ത ചെമ്പുതകിടുകൾ ഒരുവശത്ത്. നിറംമാറിയ പിച്ചളത്തകിടുകൾ വേറൊരുവശത്ത്. പൊട്ടിയും ഉരുകിയും ചിന്നിച്ചിതറി ഉപയോഗയോഗ്യമല്ലാതായിത്തീർന്ന മണികൾ, വി



വിളക്കുകളും മററും ഉരുകിവീണുകിടക്കുന്നു. ചെമ്പുപാളികളും അവിടവിടെ കാണാം.

ളക്കുകൾ, കലശക്കുടങ്ങൾ ആദിയായവ വേറൊരുഭാഗത്ത്. ഇങ്ങനെ...

### ബാലാലയം

വടക്കേവലിയമ്പലത്തിനുമുൻവശം വടക്കേ മതിൽക്കെട്ടിൽനിന്ന് ൧൦-അടി അകലത്തിലായി ഏകദേശം എൺപതുചതുരശ്ര അടിയോളം വിസ്താരംവരുന്ന ഒരു കെട്ടിടം സംബ് ഡിവിഷനാഫീസർ മി: മാധവൻനായർ ധൃതിയായി പണിയിക്കുന്നതുകണ്ട് അന്വേഷിച്ചപ്പോൾ അതു ബാലാലയമാണെന്നു മനസ്സിലായി. പടിഞ്ഞാട്ടുദർശനമായാണ് അതു പണിയുന്നത്. അതിന്റെ പണി പൂർത്തിയായതു് പ്രതിഷ്ഠാകർമ്മത്തിനു് ഏതാനുംമണിക്കൂർ മുൻപാണ്.

### പ്രശ്നം

രാവിലെ ബ്രഹ്മശ്രീ പുലിയൂർ പുരുഷോത്തമൻനമ്പൂതിരി ദേവപ്രശ്നംചെയ്തു. പ്രശ്നം നടന്നത് ചിങ്ങംരാശിയിലാണ്. ആരൂഢരാശി തുലാമായിരുന്നു.

| | | | |
|---|---|---|---|
| സ | | ശു ബു | ര മാ |
| ഗു | ഗ്രഹനില | | |
| | | | മ: ഉ |
| | | ആ | ച ക ശി |

പ്രശ്നവശാൽ താഴെപ്പറയുന്ന സംഗതികൾ വെളിവായതായറിയുന്നു.

൧. തച്ചുശാസ്ത്രപ്രകാരമുള്ള കണക്കുകൾ അനുസരിച്ച് ദൃഷ്യങ്ങൾമാററി ശാസ്ത്രീയമായ അളവിൽ ഇന്നത്തേതിൽനിന്ന് സ്വല്പം വ്യത്യാസംവരുത്തി നൂതനമായ ഒരു വിഗ്രഹം ഉണ്ടാക്കണം. ബാലാലയത്തിൽ ഇന്നുള്ള വിഗ്രഹം (കേടുഭവിച്ചതുതന്നെ) പ്രതിഷ്ഠിച്ചു കർമ്മങ്ങൾചെയ്താൽ മതിയാകും.

൨. മാളികപ്പുറത്തമ്മയുടെ കോവിലിൽ (ഇന്നുവിഗ്രഹമില്ല) ഒരു കണ്ണാടിബിംബം സ്ഥാപിക്കണം. (ഇന്നവിടെയുള്ളതു് ഒരു ശൂലംമാത്രമാണ്.)

൩. പതിനെട്ടാംപടി ഒരു പരിശുദ്ധസങ്കേതമായി യഥാസ്ഥാനത്തു യഥാപൂർവംതന്നെ സ്ഥിതിചെയ്യണം. വ്രതമനുഷ്ഠിച്ച് പള്ളിക്കെട്ടുമായിമാത്രമേ പതിനെട്ടാംപടി കയറാവൂ.

൪. അഗ്നിബാധിച്ച ക്ഷേത്രം പൊളിച്ചു പണിയണം. പണിയുമ്പോൾ അതിന്റെ വലിപ്പം ഇന്നത്തേതിൽനിന്നു സ്വല്പംകൂടി കൂട്ടണം. സ്ഥാനചലനം ആവശ്യമില്ല.

൫. ശ്രീകോവിലിനുമുൻപിൽ ഇന്നുള്ള മണ്ഡപം പൊളിച്ചുകളയണം. ശ്രീകോവിലു മുതൽ വലിയമ്പലത്തിന്റെ നടവരെ ഒരു നെടുംപന്തൽ മതിയാകും.

൬. തന്ത്രമന്ത്രാദികളിൽ കുറച്ചെല്ലാം കർമ്മലോപം വന്നിട്ടുണ്ട്. ഈ പിഴ മേലിൽ ഉണ്ടാവരുത്.

൭. സമീപകാലങ്ങളിലായി ധാരാളമായുള്ള "മാളികപ്പുറങ്ങളുടെ" ക്ഷേത്രദർശനംമൂലം ക്ഷേത്രത്തിന് അശുദ്ധിയുണ്ടായിട്ടുള്ളതായും പ്രശ്നവശാൽ തെളിഞ്ഞതായി അറിയുന്നു.

൮. മകരവിളക്കിനുമുമ്പ് ഈ ഭാരണ



ശ്രീകോവിലിന്റെ രണ്ടുഭാഗത്തുമുള്ള ദ്വാരപാലകപ്രതിമകൾ. ഈ പ്രതിമകളുടെ ചില ഭാഗങ്ങൾ പൊട്ടി വേർപെട്ടുപോയിട്ടുണ്ട്.

സംഭവംസംബന്ധിച്ച മുഴുവൻവിവരങ്ങളും വെളിക്കാകുമെന്നും പ്രശ്നക്കാരൻ പ്രസ്താവിച്ചതായി അറിയുന്നു.

തലേന്നാൾ രാത്രിവന്ന അയ്യപ്പന്മാർ മുഴുവൻ അന്നു നിരാഹാരരായും, മഴനനഞ്ഞു് ഉറക്കമിളച്ചുമാണ് കഴിഞ്ഞുകൂടിയത്. ഉള്ള സ്ഥലംകൊണ്ടു അയ്യപ്പന്മാർക്ക് മഴനനയാതെ കഴിഞ്ഞുകൂടുവാൻ കഴിയുമായിരുന്നില്ല. അവർ ഇരുന്നും നടന്നുംതന്നെ നേരം വെളുപ്പിച്ചു.

തെക്കേ വല്യമ്പലത്തിൽവച്ചു തയാറാക്കിയ കലശകുംഭം ചുവന്ന പട്ടിൽ പൊതിഞ്ഞു് ശ്രീകോവിൽസന്നിധിയിലേയ്ക്കു എഴുന്നള്ളിക്കുകയും ശ്രീകോവിലിൽ പീഠത്തിൽനിന്നു ഇളക്കി ഒരു ചന്ദനത്തടികൊണ്ടു നിർമ്മിച്ച തട്ടിൽവച്ചിരുന്ന വിഗ്രഹം രണ്ടുപേർ കൂടി താങ്ങിഎടുത്തു വെളിയിലിറക്കി പ്രദക്ഷിണവഴിചുററി ബാലാലയത്തിൽ കൊണ്ടുവന്നു സ്ഥാപിക്കുകയുമാണുണ്ടായത്. വിഗ്രഹം വെൺപട്ടുകൊണ്ടു മുഖംമാത്രം മൂടാതെ പൊതിഞ്ഞിരുന്നു. ശോകനിർഭരമായ ആ യാത്ര അവിടെ കൂടിയിരുന്ന അയ്യപ്പന്മാരെയെല്ലാം പൊട്ടിക്കരയിച്ചു. കണ്ണുനീർവാർത്തുകൊണ്ടാണ് എല്ലാവരും വിഗ്രഹത്തിനെ ബാലാലയംവരെ അനുഗമിച്ചത്. പലരും ആ കാഴ്ച കാണാൻവയ്യാതെ ശിരസ്സു നമിക്കുകയുണ്ടായി. ബാലാലയപ്രതിഷ്ഠയെത്തുടർന്നു ദീപാരാധന നടന്നു. അപ്പോൾ മണി എട്ടരയായി. ൯-ാംനു-മുതൽ ആരംഭിച്ചിരുന്ന മഴ നിശ്ശേഷം നിലച്ചു. ആകെ ഒരുവെളിച്ചം വ്യാപിച്ചു.

അനന്തരം അയ്യപ്പസേവാസംഘത്തിന്റെ ആഭിമുഖ്യത്തിൽ സന്നിഹിതരായിരുന്ന അയ്യപ്പന്മാർകൂടി ഒരു സന്നദ്ധസംഘം രൂപീകരിച്ചു. ഈ ചടങ്ങു നിർവഹിക്കുന്നതിനായി അയ്യപ്പന്മാരെ ആഹ്വാനംചെയ്തുകൊണ്ടു അയ്യപ്പസേവാസംഘം പ്രസിഡണ്ടു മി: ഏ. എൻ. പണിക്കർ ഒരു ലഘുപ്രസംഗം ചെയ്തു.

സന്നദ്ധസംഘം ഉൽഘാടനംചെയ്തുകൊണ്ടു ദേവസ്വംബോർഡുചെയർമാന്റെ പരിപൂർണ്ണസഹകരണം ഇതിനുണ്ടാകണമെന്നഭ്യർത്ഥിച്ചിരുന്നു.

സന്നദ്ധസംഘത്തിൽ അപ്പോൾതന്നെ പലരും അംഗങ്ങളായി ചേർന്നു എന്നാണറിയുന്നത്.

തുടർന്ന് "ദേവസ്വംബോർഡു ചെയർമാൻ എന്ന നിലയിൽ അങ്ങു ഒന്നും പറയുന്നില്ലേ" എന്നു മി ഉണ്ണിത്താനോടു പത്രപ്രതിനിധി ചോദിച്ചതിനു "ഞാൻ ഇപ്പോൾ ഒരയ്യപ്പനാണ്; ഞങ്ങൾ മൂന്നുപേരും കൂടുമ്പോൾ മാത്രമേ ബോർഡാകൂ" എന്നു പ്രസ്താവിച്ചു.

എട്ടരമണിയോടുകൂടി അയ്യപ്പന്മാർ തിരിച്ചു മലയിറങ്ങിത്തുടങ്ങി. തിരിച്ചു ഞങ്ങൾ പോരുമ്പോഴും വരുന്ന അയ്യപ്പന്മാർ സ്വാമിദർശനാർത്ഥം അങ്ങോട്ടു പോകുന്നതു കാണാമായിരുന്നു.

ഉടനെതന്നെ ക്ഷേത്രത്തിന്റെ അവശിഷ്ടങ്ങളും മററും പൊളിച്ചുമാററുന്നതും തുടർന്ന് ആണ്ടാരംഭത്തോടുകൂടി പുതിയ ക്ഷേത്രംപണി ആരംഭിക്കുന്നതും, മണ്ഡലം അവസാനിക്കുമ്പോഴേയ്ക്കും ക്ഷേത്രംപണി പൂർത്തിയാക്കുന്നതുമാണ് എന്നാണറിവ്. മീനമാസത്തിൽ ഉത്രത്തിനായിരിക്കും പുനഃപ്രതിഷ്ഠ നടക്കുന്നത്.



കഴിഞ്ഞ മകരവിളക്കുകാലത്ത് അയ്യപ്പന്മാർ കല്ലാററിൽ കുളിക്കുന്ന ഒരു രംഗം. കുളിക്കുന്നവരുടെ കൂട്ടത്തിൽ ശ്രീ: കമ്പളത്തു ശങ്കുപ്പിള്ളയെ കാണാം.

ശബരിമലനിന്നും ബ്രഹ്മശ്രീ കാണിപ്പയ്യൂർ നമ്പൂതിരിപ്പാട് തിങ്കളാഴ്ച കോട്ടയത്തെത്തിയിട്ടുണ്ട്. അദ്ദേഹം മരാമത്തു എഞ്ചിനിയരുമാരുമായി ആലോചിച്ചു പുതിയ ക്ഷേത്രം പണിക്കുള്ള പ്ലാൻ തയാറാക്കിയശേഷമേ തിരിച്ചുപോകൂ എന്നാണറിയുന്നത്.

മിഥുനം ൯-ാംനു-യാം മററാം മലനടയിൽ വച്ചു ഒരാളെ അറസ്റ്റുചെയ്തു കസ്റ്റഡിയിൽ (അവിടെത്തന്നെ) വച്ചിരിക്കുന്നതായി ഒരു സംസാരം അവിടെവച്ചു കേട്ടു. ഉദ്യോഗസ്ഥന്മാരുമായി മലനടയിൽ കഴിഞ്ഞുകൂടിയ അയ്യപ്പസേവാസംഘം വൈസ്പ്രസിഡന്റിനെ കണ്ടു ചോദിച്ചതിൽ അതു ശരിയല്ലെന്നു അറിയാൻ കഴിഞ്ഞു.

കല്ലാററിൽ വസിച്ചിരുന്നയാളും, ശബരിമല അയ്യപ്പന്മാർക്ക് സുപരിചിതനുമായ മലമ്പണ്ടാരം നീലകണ്ഠനെയും (കഴിഞ്ഞ ആഴ്ചപ്പതിപ്പിൽ ഫോട്ടോ കൊടുത്തിരുന്നു.) അയാളുടെ സഹചാരിയായ പട്ടിയേയുംപററി മലനടയിൽ വച്ചു് അന്വേഷിച്ചതിൽ ആൾ സ്ഥലത്തു ഇത്തവണ ഇതുവരെ കാണപ്പെട്ടില്ലെന്നും, എന്നാൽ പട്ടിയെമാത്രം കാണാറുണ്ടെന്നും ഒരാൾ പറഞ്ഞു. ഈ സംഭവംമൂലം ഭയന്ന് മാറിയതായി ചിലർ പറയുന്നുണ്ടെങ്കിലും അയാളുടെ പട്ടിയെ അവിടെ കാണുന്നതിനാൽ ഒളിച്ചുമാറിയിരിക്കുന്നു എന്ന വാർത്തയ്ക്കു് സ്ഥിരീകരണം ഇല്ല.



ശബരിമലയിൽ നൂറിലധികംതവണ ദർശനം നടത്തിയിട്ടുള്ള അമ്പലപ്പുഴ പണിക്കർസ്വാമി.

Printed and Published by N Chandrasekharan Nair at the Sree Rama Vilas Press, Quilon.